# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



## ദനഹാത്തിരുനാൾ

Vol. LXXIV January 2024 No. 1







അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പങ്കെടുത്ത മുളന്തുരുത്തി, ഞാലിയാകുഴി,
ആലുവ എന്നിവിടങ്ങളിലെ എക്യുമെനിക്കൽ മീറ്റിങ്.



പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രവാസി മീറ്റിങ്ങിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കേക്കുമുറിക്കുന്നു.




കത്തോലിക്കാ
കോൺഗ്രസ് നടത്തിയ
അതിജീവനയാത്ര
പാലായിൽ എത്തിയപ്പോൾ
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്തു
സംസാരിക്കുന്നു.

# തളരാത്ത കരുത്തിനു നന്ദി




പ്രാർത്ഥനയോടെ,

**പാലാ രൂപതാകുടുംബം**









**അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന രൂപത പ്രസ്ബിത്തേരിയത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു.**



**NAAC A++ നേടിയ കുറവിലങ്ങാട് ദേവമാതാ കോളജിന്റെയും (മുകളിൽ)**
**അരുവിത്തുറ സെന്റ് ജോർജ് കോളജിന്റെയും (താഴെ)**
**ആഘോഷപരിപാടികൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു**



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**JANUARY 2024**
**Vol. LXXIV No. 1**

# CONTENTS

സന്ദേശം ........................................ 3

സംയുക്ത സർക്കുലർ ........................................ 25

സർക്കുലർ ........................................ 30

സർക്കുലർ ........................................ 31

പ്രാർത്ഥന ........................................ 35

അറിയിപ്പ് ........................................ 37

Collection List ........................................ 38

അറിയിപ്പ് ........................................ 58

വാർത്തകൾ ........................................ 64

ആദരാഞ്ജലികൾ ........................................ 91

അഭിവന്ദ്യപിതാവിന്റെ ഡയറി ........................................ 96

# 57-ാമത് ലോകസമാധാനദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

**(ജനുവരി 1, 2024)**

## നിർമ്മിതബുദ്ധിയും സമാധാനവും

കർത്താവ് നമുക്ക് ഓരോരുത്തർക്കും നൽകുന്ന കൃപയുടെ അവസരമായ പുതുവർഷത്തിന്റെ ആരംഭത്തിൽ, സമാധാനത്തിനായുള്ള എന്റെ ഊഷ്മളമായ ആശംസകൾ നിങ്ങൾക്ക് ഓരോരുത്തർക്കും നൽകാൻ ഞാൻ ആഗ്രഹിക്കുന്നു: ദൈവജനത്തിനും എല്ലാ രാഷ്ട്രങ്ങൾക്കും രാഷ്ട്രഭരണകർത്താക്കൾക്കും മത-സാമൂഹികനേതാക്കൾക്കും നമ്മുടെ ഈ കാലഘട്ടത്തിലെ എല്ലാ സ്ത്രീപുരുഷന്മാർക്കും.

### 1. ശാസ്ത്ര-സാങ്കേതിക പുരോഗതി: സമാധാനത്തിനുള്ള മാർഗം

'സാമർഥ്യവും ബുദ്ധിശക്തിയും വിജ്ഞാനവും എല്ലാത്തരം ശില്പവേലകളിലുമുള്ള വൈദഗ്ധ്യവും നൽകി (പുറ. 35:31) ദൈവം തന്റെ ആത്മാവിനെ മനുഷ്യരുടെമേൽ വർഷിച്ചു എന്ന് വിശുദ്ധ ലിഖിതം സാക്ഷ്യപ്പെടുത്തുന്നു. തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിക്കുകയും (ഉത്പ 1:26 കാണുക) തന്റെ സ്നേഹത്തോടു ബോധപൂർവവും സ്വതന്ത്രവുമായ വിധം പ്രത്യുത്തരിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്ത സ്രഷ്ടാവ് നമ്മുടെമേൽ ചൊരിഞ്ഞ മാഹാത്മ്യത്തിന്റെ അടയാളമാണ് മനുഷ്യബുദ്ധി. മനുഷ്യബുദ്ധിയുടെ അടിസ്ഥാനപരമായുള്ള ബന്ധുത്വസ്വഭാവത്തെ വളരെ പ്രത്യേകമാംവിധം പ്രകാശിതമാക്കുന്ന ഒന്നാണ് ശാസ്ത്രവും സാങ്കേതികവിദ്യയും; മനുഷ്യബുദ്ധിയുടെ സർഗാത്മക സാധ്യതയുടെ ഉജ്ജ്വല നേട്ടങ്ങളാണ് അവ.

'സഭ ആധുനികലോകത്തിൽ' എന്ന അജപാലന കോൺസ്റ്റിറ്റ്യൂഷനിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ സത്യം ഊന്നിപ്പറഞ്ഞു: 'മനുഷ്യൻ സ്വപ്രയത്നങ്ങളും ജന്മസിദ്ധമായ കഴിവുകളുംവഴി ജീവിതത്തെ മെച്ചപ്പെടുത്താൻ നിരന്തരം പരിശ്രമിച്ചിട്ടുണ്ട്'.(1) 'സാങ്കേതികവിദ്യയുടെ സഹായത്തോടെ' 'ഭൂമി ഫലദായകവും മനുഷ്യകുടുംബത്തിനു മുഴുവനും വാസയോഗ്യവുമാക്കാൻ' (2) മനുഷ്യർ ശ്രമിക്കുമ്പോൾ അവർ ദൈവത്തിന്റെ പദ്ധതിയാണു നടപ്പാക്കുന്നത്; അതോടൊപ്പം സൃഷ്ടിയെ പൂർണമാക്കാനും എല്ലാ ജനതകളുടെയും ഇടയിൽ സമാധാനം സ്ഥാപിക്കാനുമുള്ള അവിടത്തെ ഹിതത്തോട് അവർ സഹകരിക്കുകയുമാണ്. മനുഷ്യസമൂഹത്തിൽ കൂടുതൽ ക്രമവും വർധിതമായ സാഹോദര്യപൂർവഐക്യവും സ്വാതന്ത്ര്യവും നിലനിർത്താനായി ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പുരോഗതി ഉപകരിക്കുന്നിടത്തോളം അത് മനുഷ്യരാശിയുടെ മേന്മയിലേക്കും ലോകത്തിന്റെ പരിവർത്തനത്തിലേക്കും നയിക്കുന്ന ഒന്നായിരിക്കും.

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ആകർഷണീയമായ നേട്ടങ്ങളുടെമേൽ നാം സന്തോഷി ക്കുകയും കൃതാർഥരായിരിക്കുകയും ചെയ്യുന്നു. മുമ്പൊക്കെ മനുഷ്യജീവിതത്തെ അലട്ടിക്കൊണ്ടിരുന്ന അസംഖ്യം രോഗങ്ങളെയും അവവഴി ഉണ്ടായ വലിയ സഹനത്തെയും നിർമാർജനം ചെയ്യാൻ പ്രസ്തുത നേട്ടങ്ങൾ കാരണമായിട്ടുണ്ട്. അതേസമയം, ശാസ്ത്ര-സാങ്കേതികവിദ്യയിലെ മുന്നേറ്റങ്ങൾ, മുമ്പൊന്നും സാധ്യമാകാതിരുന്നവിധത്തിൽ യാഥാർഥ്യത്തെ നിയന്ത്രിക്കാൻ പ്രാപ്തമായിരിക്കുന്നു എന്നതിനാൽ, അവ മനുഷ്യകരങ്ങളിൽ വളരെ വലിയ സാധ്യതകളുടെ ഒരു നിര ഒരുക്കിനിർത്തുന്നു; അവയിൽ ചിലതിനു നമ്മുടെതന്നെ അസ്തിത്വത്തെ അപായത്തിലാക്കാനും നമ്മുടെ പൊതുഭവനത്തെ അപകടപ്പെടുത്താനും സാധിക്കും(3).

പുതിയ വിവരസാങ്കേതികവിദ്യകളിലുണ്ടായിട്ടുള്ള ശ്രദ്ധേയമായ പുരോഗതികൾ, ഏറെ പ്രത്യേകിച്ച് ഡിജിറ്റൽ മേഖലയിൽ, ആവേശം ഉണർത്തുന്ന അവസരങ്ങൾ നൽകുമ്പോൾത്തന്നെ അവയോടൊപ്പം ഗുരുതരമായ അപകടസാധ്യതകളും കൊണ്ടുവരുന്നു; ജനതകളുടെ ഇടയിൽ ഉണ്ടായിരിക്കേണ്ട നീതിക്കും ഒത്തൊരുമയ്ക്കും അവ വലിയ വെല്ലുവിളികൾ ഉയർത്തുന്നു. അടിയന്തരമായ നിരവധി ചോദ്യങ്ങൾ ഇവിടെ ഉന്നയിക്കപ്പെടണം. ഈ പുതിയ ഡിജിറ്റൽ സാങ്കേതികവിദ്യകൾവഴിയായി സമീപ-വിദൂരഭാവിയിൽ ഉണ്ടാകാവുന്ന അനന്തരഫലങ്ങൾ ഏവ? അന്താരാഷ്ട്ര സ്ഥിരതയെയും സമാധാനത്തെയും സംബന്ധിച്ച് വ്യക്തിജീവിതങ്ങളിലും സമൂഹങ്ങളിലും അതുണ്ടാക്കുന്ന ആഘാതം എത്രമാത്രമായിരിക്കും?

## 2. നിർമ്മിതബുദ്ധിയുടെ ഭാവി: വാഗ്ദാനത്തിനും അപകടത്തിനും ഇടയിൽ

ഇക്കഴിഞ്ഞ ദശകങ്ങളിലെ വിവരസാങ്കേതികവിദ്യയിലെ പുരോഗതിയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വികാസവും ആഗോളസമൂഹത്തിലും അതിന്റെ വ്യത്യസ്തതലങ്ങളിലും ആഴത്തിലുള്ള രൂപപരിണാമങ്ങൾ ഇപ്പോൾത്തന്നെ ഉണ്ടാക്കികഴിഞ്ഞിരിക്കുന്നു. നവഡിജിറ്റൽ ഉപകരണങ്ങൾ ഇപ്പോൾതന്നെ സമ്പർക്കമാധ്യമങ്ങളുടെയും പൊതുഭരണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഉപഭോഗത്തിന്റെയും വ്യക്തികൾ തമ്മിലുള്ള പരസ്പരവ്യവഹാരത്തിന്റെയും, എന്നല്ല നമ്മുടെ ദൈനംദിനജീവിതത്തിന്റെ അസംഖ്യം കാര്യങ്ങളെ, മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു.

മാത്രമല്ല, ഇന്റർനെറ്റിൽ പതിഞ്ഞിട്ടുള്ള ഡിജിറ്റൽ കാൽപ്പാടുകളിൽനിന്ന് വ്യത്യസ്തങ്ങളായ കണക്കുകൂട്ടലുകൾ (algorithms) ഉപയോഗിച്ചുകൊണ്ട് സാങ്കേതികവിദ്യകൾക്കു വിവരങ്ങൾ കവർന്നെടുത്തുകൊണ്ട് വാണിജ്യപരവും

രാഷ്ട്രീയപരവുമായ ലക്ഷ്യങ്ങളോടെ നമ്മുടെ മാനസിക ബന്ധങ്ങൾ സംബന്ധിച്ചുള്ളതുമായ ശീലങ്ങളെ നിയന്ത്രിക്കാൻ പോലും സാധിക്കും; അത് പലപ്പോഴും നമ്മുടെ അറിവു കൂടാതെയും ആയിരിക്കും; അതുവഴി തിരഞ്ഞെടുക്കാനുള്ള നമ്മുടെ ബോധപൂർവമുള്ള സ്വാതന്ത്ര്യം പരിമിതപ്പെടുത്താനും സാധിക്കും. വിവരത്തിന്റെ പ്രളയത്താൽ നിറഞ്ഞിരിക്കുന്ന വെബ്ബിന്റെ (web) അന്തരീക്ഷത്തിൽ ഡേറ്റായുടെ ഒഴുക്കിന്റെ ഘടന ചില തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവർക്കു നിർണയിക്കാനാകും; അക്കാര്യം ഉപയോക്താവുതന്നെ എപ്പോഴും മനസ്സിലാക്കിയെന്നുവരില്ല.

ശാസ്ത്രീയ ഗവേഷണവും സാങ്കേതികവിദ്യയിലുള്ള കണ്ടുപിടിത്തങ്ങളും അശരീരികളോ 'നപുംസകങ്ങളോ'(4) അല്ലെന്നുള്ള കാര്യം നാം ഓർക്കേണ്ടതുണ്ട്; അവ സാംസ്കാരികസ്വാധീനങ്ങൾക്കു വിധേയമാണ്. പൂർണമായും മാനുഷികപ്രവർത്തനങ്ങൾ എന്ന നിലയിൽ അവ അവലംബിക്കുന്ന ദിശകൾ അതതു കാലഘട്ടത്തിൽ നിലവിലുള്ള വ്യക്തിപരവും സാംസ്കാരികവുമായ തിരഞ്ഞെടുപ്പുകളാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യം വ്യക്തമാക്കുന്നു.

അവയിൽനിന്നു പുറത്തുവരുന്ന അനന്തരഫലങ്ങൾക്കും അതേ സ്വഭാവമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു: നമുക്കു ചുറ്റുമുള്ള ലോകത്തെ നാം കൃത്യമായി മാനുഷികമാംവിധം സമീപിക്കുന്നതിന്റെ ഫലം എന്ന നിലയിൽ നിശ്ചയമായും ഇക്കാര്യത്തിന് ഒരു ധാർമികമായ വശമുണ്ട്; ഈ ധാർമികവശം പ്രസ്തുത പരീക്ഷണങ്ങൾക്കായി പദ്ധതിയിടുകയും ചില പ്രത്യേക ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് അവയെ നിയന്ത്രിക്കുകയും ചെയ്യുന്ന വ്യക്തികളുമായി വളരെ അടുത്തു ബന്ധപ്പെട്ടിരിക്കുന്ന ഒന്നായിരിക്കും.

നിർമ്മിതബുദ്ധിയുടെ രൂപങ്ങളുടെയും കാര്യം ഇതുതന്നെ. ശാസ്ത്ര-സാങ്കേതികലോകം ഇന്നുവരെ നിർമ്മിത

ബുദ്ധിയുടെ ഒരു ശരിയായ നിർവചനം നൽകിയിട്ടില്ല. ദൈനംദിന വ്യവഹാരലോകത്തിലേക്കു പ്രവേശിച്ചിട്ടുള്ള ഈ പദപ്രയോഗം വ്യത്യസ്ത ശാസ്ത്രങ്ങളെയും തിയറികളെയും സാങ്കേതികവിദ്യകളെയും ആശ്ലേഷിക്കുന്നു. മനുഷ്യരുടെ ധാരണാശക്തി സംബന്ധമായ കഴിവുകളുടെ പ്രവർത്തനം പുനരാവിഷ്കരിക്കുകയോ അല്ലെങ്കിൽ അനുകരിക്കുകയോ ചെയ്യാൻ സാധിക്കുന്ന യന്ത്രങ്ങളെ ഉണ്ടാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 'ബുദ്ധിയുടെ രൂപങ്ങൾ' എന്ന് ബഹുവചനത്തിൽ ഉപയോഗിക്കുകവഴിയായി അവ എത്രമാത്രം ആശ്ചര്യകരവും ശക്തവുമായ തരത്തിലുള്ള സംവിധാനങ്ങൾ (systems) ആയിരിക്കേ, അവയും മനുഷ്യവ്യക്തിയും തമ്മിലുള്ള പരസ്പരം ബന്ധിപ്പിക്കാൻ കഴിയാത്ത അകലത്തിന് ഊന്നൽ നൽകാനാകും; ആത്യന്തികമായി അവ കേവലം 'പൂർത്തിയാകാത്ത ഭാഗങ്ങളാണ്'; കാരണം, അവയ്ക്കു മാനുഷിക ബുദ്ധിയുടെ ചില പ്രവർത്തനങ്ങൾ അനുകരിക്കാനോ അല്ലെങ്കിൽ പുനരാവിഷ്കരിക്കാനോമാത്രമേ സാധിക്കൂ.

ബഹുവചനം ഉപയോഗിക്കാൻ മറ്റൊരു കാരണം ഈ ഉപകരണങ്ങൾ ഓരോന്നുംതന്നെ തമ്മിൽത്തമ്മിൽ വളരെയേറെ വ്യത്യസ്തതകൾ ഉള്ളവ ആണെന്ന് ഉള്ളതുകൊണ്ടത്രേ; അവയെ എപ്പോഴും 'സാമൂഹിക-സാങ്കേതികസംവിധാനങ്ങൾ' (socio-technical systems) ആയിമാത്രമേ കണക്കാക്കാൻ പാടുള്ളൂ. എന്തെന്നാൽ, ഓരോ നിർമ്മിതബുദ്ധി ഉപകരണത്തിന്റെയും - അത് ഏതുതരത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചാലും - അനന്തരഫലം അതിന്റെ സാങ്കേതിക രൂപകൽപ്പനയെമാത്രം ആശ്രയിച്ചിരിക്കില്ല; മറിച്ച്, അതിന്റെ സ്വത്തവകാശവും രൂപകല്പനാ അവകാശവുമുള്ള ആളുകളുടെ ലക്ഷ്യങ്ങളും താത്പര്യങ്ങളും അടിസ്ഥാനപ്പെടുത്തിയായിരിക്കും; എന്നുമാത്രമല്ല, അത് ഉപയോഗിക്കപ്പെടുന്ന സാഹചര്യങ്ങളും കണക്കിലെടുക്കേണ്ടതായിവരും.

ആകയാൽ, നിർമ്മിതബുദ്ധി വ്യത്യസ്തങ്ങളായ നക്ഷത്ര മാലകളുടെ ഒരു യാഥാർത്ഥ്യമായിട്ടുവേണം കണക്കാക്കപ്പെടാൻ. അതിന്റെ വികാസം മനുഷ്യരാശിയുടെ ഭാവിക്കും ജനതകളുടെ ഇടയിൽ സമാധാനം സംജാതമാക്കുന്നതിനും അത് ഉപകാരപ്രദമായിത്തീരും എന്നു നമുക്കു മുൻകൂട്ടി പറയാനാവില്ല. ഇത്തരത്തിലുള്ള ക്രിയാത്മകമായ അനന്തരഫലം സാക്ഷാത്കരിക്കപ്പെടുന്നത്, നമുക്ക് ഉത്തരവാദിത്വപൂർവം പെരുമാറാൻ സാധിക്കുമെന്ന് നാംതന്നെ കാണിച്ചുകൊടുക്കുമ്പോഴാണ്; അതായത്, 'എല്ലാവരെയും ഉൾക്കൊള്ളുക, സുതാര്യത, സുരക്ഷിതത്വം, തുല്യത, സ്വീകാര്യത, വിശ്വസനീയത എന്നീ അടിസ്ഥാന മാനുഷികമൂല്യങ്ങളെ നമുക്ക് ബഹുമാനിക്കാൻ ആകുമ്പോൾ'[5].

കണക്കുകൂട്ടലുകളും (algorithms) ഡിജിറ്റൽ സാങ്കേതികവിദ്യകളും രൂപപ്പെടുത്തുന്നവർ ധാർമികപരവും ഉത്തരവാദിത്വപരവുമായ രീതിയിൽ പെരുമാറാൻ താത്പര്യപ്പെട്ടുകൊള്ളുമെന്ന് വളരെ എളുപ്പം വിശ്വസിക്കുന്നതും പോരാതെവരും. ഈ രംഗത്ത് ഉയർന്നുവരുന്ന ധാർമിക പ്രശ്നങ്ങളെ പരിശോധിക്കാനായി, ആവശ്യമെങ്കിൽ സ്ഥാപിക്കപ്പെടേണ്ട അല്ലെങ്കിൽ ബലപ്പെടുത്തപ്പെടേണ്ട, സംഘങ്ങൾ ഉണ്ടായിരിക്കുകയെന്നത് ഒരു ആവശ്യമാണ്. അത് നിർമ്മിതബുദ്ധിയുടെ രൂപങ്ങൾ ഉപയോഗപ്പെടുത്തുന്നവരുടെയും അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുന്നവരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ്.

അങ്ങനെ സാങ്കേതികവിദ്യയുടെ അതിവിശാലമായ വ്യാപനം ഉപയോഗപ്പെടുത്തുന്നതോടൊപ്പം അതിന്റെ ഭാവിയിലുള്ള വികാസത്തിനു ചേർന്നവിധമുള്ള ഉത്തരവാദിത്വത്തിലുള്ള രൂപവത്കരണവും അനിവാര്യമാണ്. സ്വാർഥത, സ്വന്തം താത്പര്യം, ലാഭേച്ഛ, അധികാരഭ്രമം എന്നിവയ്ക്കു മനുഷ്യർ വശംവദരാകുമ്പോൾ, സ്വാതന്ത്ര്യം സമാധാനപര

മായ സഹവർത്തിത്വം എന്നിവ ഹനിക്കപ്പെടുന്നു. ആകയാൽ, നമ്മുടെ കാഴ്ചപ്പാട് വിശാലമാക്കാനും സാങ്കേതിക-ശാസ്ത്ര ഗവേഷണം സമാധാനാന്വേഷണത്തിനും പൊതുനന്മയ്ക്കും ഉപകരിക്കത്തക്കവിധത്തിലും വ്യക്തികളുടെയും സമൂഹ ങ്ങളുടെയും സമഗ്രമായ വികാസത്തിനും വഴിയൊരുക്കുന്ന വിധത്തിലും നിയന്ത്രിക്കാനുള്ള കടമ നമുക്കുണ്ട്.[7]

ഓരോ മനുഷ്യനിലും അന്തർലീനമായിരിക്കുന്ന വ്യക്തിമഹാത്മ്യവും ഒരേയൊരു മനുഷ്യകുടുംബത്തിന്റെ അംഗങ്ങൾ എന്ന നിലയിൽ നമ്മെ ബന്ധിപ്പിക്കുന്ന സാഹോ ദര്യവും പുതിയ സാങ്കേതികവിദ്യകളുടെ വികാസത്തിനു പിൻബലമായി നിൽക്കേണ്ടതുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനുമുമ്പായി അവയെ വിലയിരുത്താനുള്ള നിസ്തർക്കമാനദണ്ഡങ്ങളായി ഈ യാഥാർഥ്യങ്ങളെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ ഡിജിറ്റൽപുരോഗതി നീതിക്കും സമാധാനത്തിനും വഴി തെളിക്കുന്നതായി ഭവിക്കും. മനുഷ്യരാശിയുടെ മഴുവൻ ജീവിതത്തിന്റെ ഗുണമേന്മ വർധിപ്പിക്കാതിരിക്കുകയും മറിച്ച്, അസമത്വങ്ങൾ വർധിപ്പിക്കുകയും സംഘട്ടനങ്ങൾക്ക് വഴി തെളിക്കുകയും ചെയ്യുന്ന സാങ്കേതികപുരോഗതിയെ ശരിയായ പുരോഗതിയായി കണക്കാക്കാൻ ആവില്ല.[8]

നിർമ്മിതബുദ്ധി കൂടുതൽ പ്രാധാന്യം നേടും. അവ നമ്മുടെ മുമ്പിൽ നിരത്തുന്ന വെല്ലുവിളികൾ സാങ്കേതിക മാണ്; എന്നാൽ അവ നരവംശശാസ്ത്രപരവും വിദ്യാഭ്യാസ പരവും സാമൂഹികവും രാഷ്ട്രീയപരവുംകൂടിയാണ്. ഉദാഹ രണത്തിന്, കഠിനവും വിരസവുമായ ജോലിയിൽനിന്നു മോചനം, കൂടുതൽ കാര്യക്ഷമമായ ഉത്പാദനം, എളുപ്പമുള്ള കടത്തലും (transport) കമ്പോളവും (market), വിവരശേഖരം (data) ഒരുമിച്ചുകൂട്ടുന്നതിലും ക്രമപ്പെടുത്തുന്നതിലും ഉറപ്പാക്കുന്നതിലുമുള്ള പ്രക്രിയയിലെ വിപ്ലവകരമായ മാറ്റം

എന്നിവ ഇതു വാഗ്ദാനം ചെയ്യുന്നു. ഇപ്പോൾ ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന രൂപപരിണാമങ്ങളെക്കുറിച്ച് നാം ബോധവാന്മാരായിരിക്കണം; അടിസ്ഥാനമനുഷ്യാവകാശങ്ങളെ സംരക്ഷിക്കുന്നവിധത്തിലും സമഗ്രമായ മാനുഷിക വികാസത്തിനു ചേർന്നവിധം സ്ഥാപനങ്ങളെയും നിയമങ്ങളെയും മാനിക്കത്തക്കവിധത്തിലും അവയെ വഴിതിരിച്ചുവിടാനും നാം ശ്രദ്ധാലുക്കളായിരിക്കണം. നിർമ്മിതബുദ്ധി നമ്മുടെ ഏറ്റവും നല്ല മാനുഷികസാധ്യതകളെയും നമ്മുടെ പരമോന്നതലക്ഷ്യങ്ങളെയും സഹായിക്കുന്നതാണ്; അത് അവയുമായി വെല്ലുവിളിക്കുന്ന രീതി ഉണ്ടാവരുത്.

### 3. ഭാവിയിലെ സാങ്കേതികവിദ്യ: സ്വയം 'പഠിക്കുന്ന' യന്ത്രങ്ങൾ

യന്ത്രപഠന സാങ്കേതികവിദ്യയുടെ (machine learning techniques) അടിസ്ഥാനത്തിലുള്ള നിർമ്മിതബുദ്ധി, അതിന്റെ വിവിധങ്ങളായ രൂപങ്ങളിൽ, അതിന്റെ ആരംഭദിശകളിൽ ആണെങ്കിൽപ്പോലും, ഇപ്പോൾതന്നെ സമൂഹങ്ങളുടെ ഘടനകളിൽ നിർണായകമായ വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു; അത് സംസ്കാരങ്ങളിലും സാമൂഹിക പെരുമാറ്റച്ചട്ടങ്ങളിലും സമാധാനസ്ഥാപനത്തിലും ആഴത്തിലുള്ള സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു.

യന്ത്രപഠനം (machine learning) അഥവാ ആഴമാർന്ന പഠനം (deep learning) എന്നിവ സാങ്കേതികവിദ്യയുടെയും എൻജിനീയറിങ്ങിന്റെയും തലങ്ങൾക്ക് അപ്പുറത്തു നിൽക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു; അവ മനുഷ്യജീവിതത്തിന്റെ ആഴമായ അർഥം അന്വേഷിക്കുന്നതും ജ്ഞാനം രൂപപ്പെടുത്തുന്നതും സത്യത്തെ പ്രാപിക്കാനുള്ള മനസ്സിന്റെ കഴിവിനെ സംബന്ധിച്ചുള്ളവയുമാണ്.

ഉദാഹരണത്തിന്, വ്യാകരണതലത്തിലും അർഥതലത്തിലും യുക്തിഭദ്രമായ ടെക്സ്റ്റുകൾ നിർമ്മിക്കാനുള്ള ചില

ഉപകരണങ്ങളുടെ കഴിവ്, അവയുടെ വിശ്വാസ്യതയുടെ (reliability) ഉറപ്പല്ല. അവ 'വ്യാമോഹവിധേയം' ആക്കുകയാണു ചെയ്യുന്നത്; അതായത്, ആദ്യനോട്ടത്തിൽ ന്യായമെന്ന് കരുതാവുന്നവിധത്തിലുള്ള പ്രസ്താവനകൾ നൽകുന്നതായി തോന്നിയേക്കാം. എന്നാൽ, അവ അടിസ്ഥാനരഹിതങ്ങളാണ്; അല്ലെങ്കിൽ അവ മുൻവിധികളോടുകൂടിയവയാണ്. തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുകയും വാർത്താസമ്പർക്കമാധ്യമങ്ങളിൽ സന്ദേഹം ജനിപ്പിക്കാൻ പോരുന്ന വിധത്തിൽ തെറ്റായ സന്ദേശം നൽകുന്ന തലങ്ങളിലേക്കു നീങ്ങുന്ന ഇടങ്ങളിൽ നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നത് ഗൗരവമുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിലേക്കു വഴിതെളിക്കുന്നു. സ്വകാര്യത (privacy), വിവര ഉടമസ്ഥത (data ownership), ബൗദ്ധിക അവകാശ(intellectual property) മേഖലകളിൽ ഈ സാങ്കേതികവിദ്യകൾ വളരെ ഗൗരവമേറിയ അപകടങ്ങളാണു ജനിപ്പിക്കുന്നത്. ഇവയോട് ഈ സാങ്കേതികവിദ്യകളുടെ ഇതര നിഷേധാത്മക അനന്തരഫലങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്. ഉദാഹരണത്തിന്, വിവേചനം, തിരഞ്ഞെടുപ്പുകളിലുള്ള ഇടപെടലുകൾ, സദാനിരീക്ഷണ സ്വഭാവമുള്ള ഒരു സമൂഹത്തിന്റെ ഉയർന്നുവരൽ (the rise of a surveillance society), ഡിജിറ്റൽ ആയിട്ടുള്ള ഒഴിവാക്കൽ (digital exclusion), സമൂഹത്തിൽ നിന്നു വർധിതമാംവിധം വേറിട്ടുനിൽക്കുന്ന ഒരു വ്യക്തിത്വഭാവം രൂപവത്കരിക്കുന്നത് തുടങ്ങിയവ. ഈ ഘടകങ്ങൾ എല്ലാം സംഘട്ടനങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുകയും സമാധാനത്തിനു വിലങ്ങുതടിയായി നിൽക്കുകയും ചെയ്യുന്നു.

### 4. സാങ്കേതികശക്തിയുടെ മാതൃകയിലെ പരിമിതിയുടെ സ്പർശം

നമ്മുടെ ലോകം വളരെ വിശാലവും വൈവിധ്യം നിറഞ്ഞതും സങ്കീർണവുമാണ്; അതിനെ പൂർണമായി അറി

യാനോ ഇനംതിരിക്കാനോ സാധിക്കുകയില്ല. സൂക്ഷ്മമായ കണക്കുകൂട്ടലുകളുടെ (algorithms) സഹായത്തോടുപോലും മനുഷ്യമനസ്സിന്റെ സമ്പന്നത അളന്നു തിട്ടപ്പെടുത്താനാവില്ല. അതുപോലെയുള്ള കണക്കുകൂട്ടലുകൾ (algorithms) ഭാവിയെ സംബന്ധിച്ച് ഉറപ്പുള്ള പ്രവചനങ്ങൾ നൽകാൻ കഴിയുന്നവയല്ല; അവയ്ക്കു സ്ഥിതിവിവരശാസ്ത്രപരമായ (statistical) ഏകദേശകണക്കുകൂട്ടലുകൾ (approximations) മാത്രമേ നൽകാനാവൂ. എല്ലാം പ്രവചിക്കപ്പെടാനാവില്ല, എല്ലാം കണക്കുകൂട്ടപ്പെടാനും ആവില്ല; സത്യത്തിൽ 'ആശയങ്ങൾക്കും ഉപരിയാണ് യാഥാർഥ്യങ്ങൾ'[9] നമ്മുടെ കണക്കുകൂട്ടൽശക്തി എത്രമാത്രം വലുതായിരുന്നാൽപ്പോലും നമുക്ക് അപ്രാപ്യമായ ഒരു ശിഷ്ടഭാഗം എപ്പോഴും ഉണ്ടായിരിക്കും; അത് എല്ലാത്തരത്തിലുമുള്ള നിർണയങ്ങളെയും അതിലംഘിക്കുന്നതായിരിക്കും.

മാത്രമല്ല, നിർമ്മിതബുദ്ധി അപഗ്രഥിക്കുന്ന വളരെ വിശാലമായ വിവരശേഖരം (data) അതിൽത്തന്നെ നിഷ്പക്ഷത ഉറപ്പുവരുത്തുന്ന ഒന്നല്ല. കണക്കുകൂട്ടൽരൂപങ്ങൾ (algorithms) വിവരശേഖരത്തെ പുറത്തുനിന്ന് അപഗ്രഥിക്കുമ്പോൾ വക്രീകരിക്കൽ എന്ന അപകടസാധ്യത എപ്പോഴും നിലനിൽക്കുന്നു; അതായത്, അവ എവിടെ ഉദ്ഭവിക്കുന്നുവോ ആ സാഹചര്യങ്ങളുടെ അനീതികളും മുൻവിധികളും അവ പ്രതിഫലിപ്പിക്കും. എത്രമാത്രം വേഗത്തിലും സങ്കീർണഭാവത്തിലും അവ ആയിരിക്കുന്നുവോ, അത്രമാത്രം ബുദ്ധിമുട്ടുള്ളതായിരിക്കും എന്തുകൊണ്ട് അവ ഒരു പ്രത്യേകതരം ഫലത്തിനു കാരണമായിത്തീർന്നു എന്ന ചോദ്യത്തിന്റെ ഉത്തരം.

'ബുദ്ധിയുള്ള' യന്ത്രങ്ങൾ വളരെയേറെ കാര്യക്ഷമതയോടെ അവയെ ഏൽപ്പിച്ചിട്ടുള്ള ദൗത്യങ്ങൾ നിർവഹിക്കും. എന്നാൽ, അവയുടെ നിർമാതാക്കളായ മനുഷ്യരുടെ മൂല്യങ്ങളാൽ നിർണയിക്കപ്പെടുന്നതും ബലപ്പെടുത്തപ്പെടുന്ന

തുമായ രീതിയിലായിരിക്കും പ്രസ്തുത യന്ത്രങ്ങളുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യവും അർഥവും നിർണയിക്കപ്പെടുന്നത്; തുടർന്നും അപ്രകാരംതന്നെയായിരിക്കും. ചില തീരുമാനങ്ങളുടെ പിന്നിലുള്ള മാനദണ്ഡങ്ങൾ അവ്യക്തങ്ങളായിത്തീരാനുള്ള അപകടവും നിലനിൽക്കുന്നു; പ്രസ്തുത തീരുമാനങ്ങളുടെ പിന്നിലുള്ള ഉത്തരവാദിത്വം ഗോപ്യമാക്കപ്പെട്ടിരിക്കുന്നു; സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്ന ഉത്തരവാദിത്വത്തിൽനിന്ന് ചില നിർമാതാക്കൾ ഒഴിഞ്ഞുമാറുകയും ചെയ്തിട്ടുണ്ട്. ഒരർത്ഥത്തിൽ സാങ്കേതികവിദ്യാശക്തിയുടെ സംവിധാനം (technocratic system) തന്നെ ഇതിന് അനുകൂലമായി നിൽക്കുന്നു. കാരണം, അത് സമ്പദ് വ്യവസ്ഥയെ സാങ്കേതികവിദ്യയുമായി ചേർത്താണു കാണുന്നത്; കാര്യക്ഷമതയാണ് ഏറ്റവും വലിയ മാനദണ്ഡമായി അത് കണക്കാക്കുന്നത്; ഉടനടിയുള്ള ഫലം തരാത്ത എല്ലാറ്റിനെയും അത് അവഗണിക്കുന്നു.(10)

ഇന്നത്തെ നമ്മുടെ സാങ്കേതികശക്തിയും കാര്യക്ഷമതാതാത്പര്യവും ഉന്നംവച്ചുള്ള മനഃസ്ഥിതിയുടെ പശ്ചാത്തലത്തിൽ, പലപ്പോഴും അവഗണിക്കപ്പെടുന്ന ചിലതിനെക്കുറിച്ചു പരിചിന്തനം ചെയ്യാൻ ഇക്കാര്യം നമ്മെ പ്രേരിപ്പിക്കുന്നു; അത് നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ വികാസത്തിനു നിർണായകമാണ്: 'പരിമിതിയുടെ സ്പർശം'. നിർവചനപ്രകാരം, മനുഷ്യജീവികൾ മർത്ത്യരാണ്; എല്ലാറ്റിനെയും കീഴടക്കുകയെന്ന അനിയന്ത്രിതമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യവഴി എല്ലാ പരിമിതികളെയും അതിലംഘിക്കാമെന്ന ത്വരമൂലം നാം നമ്മുടെമേൽത്തന്നെയുള്ള നിയന്ത്രണം നഷ്ടപ്പെടുന്ന അപകടത്തിൽപെടുന്നവരാകാം; കേവലസ്വാതന്ത്ര്യത്തിന്റെ അന്വേഷണം നമ്മെ 'സാങ്കേതികവിദ്യയുടെ സ്വേച്ഛാധിപത്യത്തിന്റെ' ചുഴിയിൽ വീണുപോകുന്ന അപകടം വിളിച്ചുവരുത്താം. സമ്പൂർണ

സാക്ഷാത്കാരത്തിൽ എത്തിച്ചേരുക അല്ലെങ്കിൽ അതിനെ സ്വാഗതം ചെയ്യുക എന്നത് ഒരു ദാനമായി നാം സ്വീകരിക്കണെ മെങ്കിൽ അതിനുള്ള അനിവാര്യമായ വ്യവസ്ഥ സൃഷ്ടികൾ എന്ന നിലയിൽ നാം നമ്മുടെ പരിമിതികൾ അംഗീകരിച്ചു സ്വീകരിക്കുകയെന്നതാണ്. പ്രോമത്തേവുസിന്റെ സ്വയം പര്യാപ്തത എന്ന ധാരണയാൽ പ്രചോദിതമായ പ്രത്യയ ശാസ്ത്രപരമായ സാങ്കേതികവിദ്യാശക്തിയുടെ മാതൃകയുടെ പശ്ചാത്തലത്തിൽ അസമത്വങ്ങൾ ക്രമാതീതമായി വർധിക്കാൻ ഇടയുണ്ട്; അപ്പോൾ അറിവും ധനവും കുറച്ചുപേരുടെ കൈ കളിൽമാത്രം ഒതുങ്ങുന്നതാകും; അത് ജനാധിപത്യസമൂഹ ങ്ങൾക്കും സമാധാനപരമായ സഹവർത്തിത്വത്തിനും ഗൗരവമേറിയ അപകടസാധ്യത വരുത്തിവയ്ക്കും.(11)

## 5. നീറുന്ന ധാർമികപ്രശ്നങ്ങൾ

ഭാവിയിൽ, ജാമ്യം നിൽക്കാനുള്ള ഒരാളുടെ വിശ്വാ സ്യത, ഒരു ജോലിക്ക് ഒരു വ്യക്തിയുടെ അനുയോജ്യത, ശിക്ഷി ക്കപ്പെട്ട ഒരാളുടെ കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സഹജവാസന, രാഷ്ട്രീയ അഭയമോ അല്ലെങ്കിൽ സാമൂഹിക സഹായമോ നേടാനുള്ള ഒരാളുടെ അവകാശം എന്നിവ നിർണയിക്കുന്നത് നിർമ്മിതബുദ്ധി സംവിധാനങ്ങളാകാം. എന്നാൽ, ഈ സംവിധാനങ്ങൾ (systems) ഉപയോഗിക്കുന്നതുവഴിയായി പല തലങ്ങളിലുള്ള ഇടപെടലുകളുടെ (mediation) കുറവ് പല തരത്തിലുള്ള മുൻവിധികൾക്കും വിവേചനത്തിനും കാരണമാകാം. സംവിധാനത്തിലുള്ള പിഴവുകൾ (systemic errors) വളരെ എളുപ്പം വർധിക്കാൻ ഇടയുണ്ട്; വ്യക്തികൾക്ക് തങ്ങളുടെ പ്രശ്നപരിഹാരത്തിൽ അനീതി നേരിടേണ്ടി വരുന്നതിലുപരി, കീഴ്പ്പെടുത്തുന്ന സ്വാധീനം (domino effect) വഴിയായി യഥാർഥ സാമൂഹിക അസമത്വത്തിന്റെ രൂപങ്ങളി ലേക്ക് അതു വഴിതെളിക്കാം.

ചില സമയങ്ങളിൽ, വ്യക്തികളുടെ തീരുമാനങ്ങൾ പോലും നിർമ്മിതബുദ്ധിയുടെ രൂപങ്ങളാൽ സ്വാധീനിക്കപ്പെടാൻ ഇടയുണ്ട്; അത് ഉത്തേജനങ്ങളാലും അധൈര്യപ്പെടുത്തലുകളാലും മുൻകൂട്ടി നിർണയിച്ചിരിക്കുന്ന സാധ്യതകൾ വഴിയായിരിക്കും പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ നൽകപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ തിരഞ്ഞെടുപ്പുകളെ നിയന്ത്രിക്കുന്ന തലത്തിലുമാകാം. ഈ കൃത്രിമപണിയുടെ രൂപങ്ങളും സാമൂഹികനിയന്ത്രണവും വളരെയേറെ ശ്രദ്ധയും മേൽനോട്ടവും ആവശ്യപ്പെടുന്നു; അത് അവയുടെ ഉത്പാദകരുടെയും വിന്യസിപ്പിക്കുന്നവരുടെയും സർക്കാർ അധികാരികളുടെയും ഭാഗത്തുനിന്നു വ്യക്തമായ നൈയ്യാമിക ഉത്തരവാദിത്വം ആവശ്യപ്പെടുന്നു.

അതുപോലെതന്നെ, സ്വയംപ്രവർത്തിക്കുന്ന പ്രക്രിയകളെ (automatic process) ആശ്രയിച്ചുകൊണ്ട് വ്യക്തികളെ തരംതിരിക്കുന്നത് - ഉദാഹരണത്തിന്, സർവവ്യാപിയായ നിരീക്ഷണംവഴിയോ (by pervasive surveillance) അല്ലെങ്കിൽ സാമൂഹിക മതിപ്പിന്റെ അടിസ്ഥാനത്തിലോ - സാമൂഹികഘടനയിൽ പൗരരുടെ ഇടയിൽ ഒരുതരം ശ്രേണികൾ സൃഷ്ടിക്കത്തക്കവിധമുള്ള ആഴത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. തരംതിരിക്കലിന്റെ ഈ കൃത്രിമമായ പ്രക്രിയകൾ അധികാരസംഘർഷങ്ങളിലേക്കും വഴിതെളിക്കാം; കാരണം, അത് സാങ്കൽപ്പിക ഉപയോക്താക്കളെമാത്രം സംബന്ധിക്കുന്നതല്ലല്ലോ, യഥാർത്ഥ വ്യക്തികളെ ആണല്ലോ! വ്യക്തിയുടെ വ്യതിരിക്തത ഒരുകൂട്ടം അറിവ് ശേഖരവുമായി (a set of data) തുല്യപ്പെടുത്താൻ പാടില്ലെന്നു മനുഷ്യമഹത്ത്വത്തോടുള്ള അടിസ്ഥാനപരമായ ആദരം നമ്മോട് ആവശ്യപ്പെടുന്നു. നമ്മൾ മനുഷ്യാവകാശങ്ങളെ എങ്ങനെയാണു മനസ്സിലാക്കുന്നതെന്ന് നിർണയിക്കാൻ കണക്കുകൂട്ടലുകളെ (algorithms) അനുവദിക്കാൻ പാടുള്ളതല്ല. കാരണം, അപ്രകാരം ചെയ്യുന്നത് അവശ്യംവേണ്ട അനുകമ്പയുടെയും

കരുണയുടെയും ക്ഷമയുടെയും മൂല്യങ്ങളെ മാറ്റിനിർത്തുന്നു; മാത്രമല്ല, ഓരോ വ്യക്തിക്കും, തന്റെ പഴയ മാർഗ്ഗങ്ങൾ ഉപേക്ഷിച്ചു പരിവർത്തനപ്പെടാം എന്നുള്ള സാധ്യതയും അത് ഒഴിവാക്കുന്നു.

പുതിയ സാങ്കേതികവിദ്യകൾ ജോലിസ്ഥലത്ത് സൃഷ്ടിക്കുന്ന ആഘാതത്തെക്കുറിച്ച് ഈ സന്ദർഭത്തിൽ നമുക്കു പ്രതിപാദിക്കാതിരിക്കാൻ വയ്യ. ഒരിക്കൽ മനുഷ്യപ്രയത്നത്തിന്റെ മാത്രം മേഖലയായിരുന്ന ജോലികൾ നിർമ്മിതബുദ്ധിയുടെ വ്യാവസായികമായ പ്രയോഗംവഴിയായി വളരെ എളുപ്പം കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഇവിടെയും അനുപാതം ഇല്ലാത്തവിധം കുറച്ചുപേർക്ക് മാത്രം ലാഭം ഉണ്ടാക്കുന്ന അതേസമയം വളരെയേറെപേരെ നിർധനാവസ്ഥയിലാക്കുന്ന അപകടം നിലനിൽക്കുന്നു. നമ്മുടെ ജോലിസ്ഥലങ്ങളിൽ വളരെ ശക്തമായവിധം സാന്നിധ്യം അറിയിച്ചുകൊണ്ടിരിക്കുന്ന ഈ സാങ്കേതിക വിദ്യകളുടെ സാഹചര്യത്തിൽ, തൊഴിലാളികളുടെ വ്യക്തി മഹാത്മ്യത്തെ മാനിക്കേണ്ടതും വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും സാമ്പത്തികക്ഷേമത്തിനു ജോലി ഉണ്ടായിരിക്കേണ്ടതും തൊഴിൽസുരക്ഷിതത്വവും ന്യായമായ വേതനവും ഉണ്ടായിരിക്കേണ്ടതും അനിവാര്യമാണെന്നു ബോധ്യപ്പെട്ട് ആ വസ്തുത അന്താരാഷ്ട്രസമൂഹത്തിന്റെ ഏറ്റവും ഉയർന്ന പരിഗണനയിൽ നിൽക്കുന്ന വിഷയമാകണം.

### 6. നമ്മുടെ വാളുകൾ കൊഴുവാക്കി മാറ്റിക്കൂടേ?

ഈ ദിവസങ്ങളിൽ നാം നമ്മുടെ ലോകത്തിൽ ചുറ്റും നോക്കിയാൽ യുദ്ധോപകരണങ്ങളുടെ മേഖലയിൽ ഗൗരവമായ ധാർമികപ്രശ്നങ്ങൾ ഉയർന്നുവരുന്നുവെന്നു പറയാതിരിക്കാനാവില്ല. യുദ്ധനടപടികൾ വിദൂരത്തുനിന്ന്

നിയന്ത്രിച്ചു നടത്താമെന്നുള്ള കഴിവ് യുദ്ധസാമഗ്രികളുടെ ഉപയോഗംവഴിയായി ഉണ്ടാകുന്ന നാശത്തെക്കുറിച്ചുള്ള അവബോധവും അവയുടെ ഉപയോഗത്തിലുള്ള ഉത്തര വാദിത്വവും കുറയ്ക്കാൻ ഇടയായിട്ടുണ്ട്; തത്ഫലമായി യുദ്ധം എന്ന വലിയ ദുരന്തത്തിനോടുള്ള സമീപനം കൂടുതൽ മരവിച്ചതും അപക്ഷപാതപരവും ആയിത്തീരുന്നു.

സ്വയം പ്രവർത്തനശേഷിയുള്ള മാരകമായ യുദ്ധ സംവിധാനങ്ങൾ (Lethal Autonomous Weapon Systems) മെനഞ്ഞെടുക്കത്തക്കവിധത്തിൽ രൂപംപ്രാപിച്ചുകൊണ്ടി രിക്കുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ഗവേഷണം, എന്നല്ല നിർമ്മിതബുദ്ധിയെത്തന്നെ യുദ്ധസജ്ജമാക്കുന്നതിനെ ക്കുറിച്ചുള്ള ഗവേഷണം, വളരെ ഗൗരവമുള്ള ധാർമിക പ്രശ്ന ങ്ങൾ ഉയർത്തുന്നു. സ്വയം പ്രവർത്തനശേഷിയുള്ള യുദ്ധോ പകരണ സംവിധാനങ്ങളെ ധാർമികഉത്തരവാദിത്വം പേറുന്ന കർത്താവായി (subject) കണക്കാക്കാൻ സാധിക്കില്ല. ധാർമി കമായ വിധി നിർണയിക്കാനും സന്മാർഗപരമായ തീരുമാനം കൈക്കൊള്ളാനുമുള്ള അനുപമമായ മാനുഷികകഴിവ് സങ്കീർ ണമായ കണക്കുകൂട്ടലുകളുടെ ശേഖരത്തിനും (complex collection of algorithms) ഉപരിയാണ്. പ്രസ്തുത മാനുഷിക കഴിവ് ഒരു യന്ത്രത്തിന്റെ കർമ്മപരിപാടി രൂപവത്കരിക്കുന്ന തിലേക്കു കുറയ്ക്കാൻ പാടുള്ളതല്ല; അതൊരു ബുദ്ധിയുള്ള യന്ത്രമായിരിക്കും, എന്നിരുന്നാലും അത് 'യന്ത്രമായി'ത്തന്നെ നിലനിൽക്കും. അക്കാരണത്താൽ, മതിയായതും അർഥവത്തും സുസ്ഥിരവുമായ മാനുഷികമേൽനോട്ടം യുദ്ധോപകരണ സംവിധാനങ്ങളുടെമേൽ ഉറപ്പാക്കണമെന്നത് അനിവാര്യമാണ്.

അതീവസങ്കീർണമായ യുദ്ധോപകരണങ്ങൾ തെറ്റായ കരങ്ങളിൽ എത്തിച്ചേരാനുള്ള സാധ്യതയും നമുക്ക് ഒഴി വാക്കാനാവില്ല. ഉദാഹരണത്തിന്, നിയമപരമായി സ്ഥാപിത മായ സർക്കാർസംവിധാനങ്ങളെ അസ്ഥിരമാക്കാനുള്ള

ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന തീവ്രവാദ ആക്രമണങ്ങൾക്കും ഇടപെടലുകൾക്കും സാധ്യത ഒരുക്കുന്ന രീതിയിൽ അവ ഉപയോഗപ്പെടുത്താവുന്ന കരങ്ങളിൽ എത്തിച്ചേരാനാവും. ചുരുക്കത്തിൽ, അനീതിപരമായ രീതിയിൽ വാണിജ്യത്തിന്റെ വികസനവും യുദ്ധോപകരണങ്ങളുടെ ക്രയവിക്രയവും പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്ന പുതിയ സാങ്കേതിക വിദ്യകൾ ലോകത്തിന് ആവശ്യമില്ല; കാരണം, അത് ആത്യന്തികമായി യുദ്ധത്തിന്റെ വിവേകശൂന്യത പ്രോത്സാഹിപ്പിക്കുന്ന ഒന്നായിരിക്കും. അപ്രകാരം ചെയ്യുകവഴിയായി, ബുദ്ധിമാത്രമല്ല മനുഷ്യഹൃദയംതന്നെയും കൂടുതൽ 'നിർമ്മിതമായി'ത്തീരാനുള്ള അപകടസാധ്യത നിലവിൽ വരും. അതീവ പുരോഗതി പ്രാപിച്ച സാങ്കേതികവിദ്യാപരമായ പ്രയോഗങ്ങൾ സംഘട്ടനങ്ങൾ ഒഴിവാക്കാനായുള്ള അക്രമപരമായ പരിഹാരത്തിനായി ഉപയോഗിക്കാൻ പാടില്ല, പ്രത്യുത അവ സമാധാനത്തിനുള്ള വഴിയൊരുക്കുന്നവയായിരിക്കണം.

ഭാവാത്മകമായി ചിന്തിച്ചാൽ, നിർമ്മിതബുദ്ധി സമഗ്രമായ മാനുഷികവികസനത്തിന് ഉപയോഗിച്ചിരുന്നെങ്കിൽ, അതിന് കാർഷികമേഖലയിലും വിദ്യാഭ്യാസരംഗത്തും സാംസ്കാരികരംഗത്തും പ്രധാനപ്പെട്ട കണ്ടുപിടിത്തങ്ങൾ കൊണ്ടുവരാൻ സാധിക്കുമായിരുന്നു; എന്നല്ല, രാഷ്ട്രങ്ങൾക്കും ജനതകൾക്കുമുഴുവനും ഒരു ഉയർന്ന ജീവിതനിലവാരവും മാനുഷിക സാഹോദര്യത്തിലെയും സാമൂഹികസൗഹൃദത്തിലെയും വളർച്ചയും സമ്മാനിക്കാൻ സാധിക്കുമായിരുന്നു. അവസാനമായി, അതിനെ നാം എത്രമാത്രം നമ്മുടെ ഏറ്റവും എളിയവരായ സഹോദരീസഹോദരന്മാരെയും വ്രണിതരായവരെയും ഏറ്റവും ആവശ്യത്തിൽ ഇരിക്കുന്നവരെയും ഉൾക്കൊള്ളുന്നതിൽ ഉപയോഗപ്പെടുത്തുന്നവോ അത്രമാത്രം ശരിയായിരിക്കും നമ്മുടെ മാനുഷികതയുടെ അളവ്.

സത്യമായും മാനുഷികമായ ഒരു കാഴ്ചപ്പാടും നമ്മുടെ ലോകത്തിനു കൂടുതൽ നല്ല ഒരു ഭാവിയും നാം ആഗ്രഹി

ക്കുന്നുവെങ്കിൽ വിജ്ഞാനശാഖകൾതമ്മിലുള്ള ഒരു സംവാദം നിലവിൽവരേണ്ടതുണ്ട്; അതായത്, കണക്കുകൂട്ടലുകളുടെ ധാർമികപരമായ ഒരു വികസനം (ethical development of algorithms)– ഒരു കണക്കുകൂട്ടൽ ധാർമികത–(an algor-ethics) – ആവശ്യമാണ്; അപ്പോൾ പുതിയ സാങ്കേതികവിദ്യകൾ ഏത് മാർഗങ്ങൾ സ്വീകരിക്കണമെന്നു മൂല്യങ്ങൾ തീരുമാനിക്കും.(12) ഗവേഷണങ്ങളുടെ ആരംഭത്തിലും, പരീക്ഷണങ്ങളുടെയും, രൂപപ്പെടുത്തലിന്റെയും, നിർമ്മാണത്തിന്റെയും വിതരണത്തിന്റെയും വിപണനത്തിന്റെയുമായ വിവിധ ഘട്ടങ്ങളിലും ധാർമിക പരിഗണനകൾ കണക്കിലെടുക്കേണ്ടിയിരിക്കുന്നു. രൂപപ്പെടലിൽത്തന്നെയുള്ള ധാർമികമായ സമീപനമാണിത്; ഇതിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും തീരുമാനം കൈക്കൊള്ളുന്നവർക്കും വളരെ നിർണ്ണായകമായ ഒരു പങ്കുവഹിക്കാനുണ്ട്.

### 7. വിദ്യാഭ്യാസത്തിനുള്ള വെല്ലുവിളികൾ

മാനുഷികമഹാത്മ്യത്തെ മാനിക്കുകയും അതിന് ഉപകരിക്കുകയും ചെയ്യുന്ന രീതിയിലുള്ള സാങ്കേതികവിദ്യയുടെ വികസനം നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും സാംസ്കാരികലോകത്തിനും വ്യക്തമായ അനന്തരഫലങ്ങൾ പേറുന്നതാണ്. സമ്പർക്കമാധ്യമങ്ങളുടെ മാർഗങ്ങൾ വർധിപ്പിക്കുകവഴിയായി ഡിജിറ്റൽ സാങ്കേതികവിദ്യകൾ പരസ്പരം കണ്ടുമുട്ടാനുള്ള പുതിയവഴികൾ നമുക്കു വെട്ടിത്തെളിച്ചുതന്നിട്ടുണ്ട്. എന്നിരുന്നാലും, അവ ഏതു ദിശയിലേക്കു നമ്മുടെ ബന്ധങ്ങളെ നയിക്കുന്നുവെന്നതിനെക്കുറിച്ചു സുസ്ഥിരമായ ഒരു വിചിന്തനം ഇനിയും ഒരാവശ്യമായി നിലനിൽക്കുന്നു. സാങ്കേതികവിദ്യയാൽ പരിപൂരിതമായ ഒരു സാംസ്കാരിക സാഹചര്യത്തിലാണ് നമ്മുടെ യുവതീയുവാക്കൾ വളർന്നുവരുന്നത്; ഇക്കാര്യം നമ്മുടെ അധ്യാപനരീതിയെയും വിദ്യാഭ്യാസത്തെയും ശിക്ഷണരീതിയെയും വെല്ലുവിളിക്കാതിരിക്കുന്നില്ല.

വിദ്യാഭ്യാസത്തിൽ നിർമ്മിതബുദ്ധിയുടെ രൂപങ്ങളുടെ ഉപയോഗം പ്രധാനമായും നിരൂപണാത്മക ചിന്തയെ പ്രോത്സാഹിപ്പിക്കുന്നതാകണം. വെബ്ബിൽനിന്നു ശേഖരിച്ച വിവരശേഖരണവും (data) ഉള്ളടക്കവും (content) അല്ലെങ്കിൽ നിർമ്മിതബുദ്ധിയുടെ സംവിധാനങ്ങളുടെ ഫലങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ എല്ലാ പ്രായത്തിലുമുള്ളവർ, പ്രത്യേകിച്ച് യുവതീയുവാക്കൾ, വിവേചനബുദ്ധ്യാ ഉള്ള ഒരു സമീപനം അവലംബിക്കേണ്ടതുണ്ട്. സ്കൂളുകളും സർവ്വകലാശാലകളും ശാസ്ത്രീയസമൂഹങ്ങളും ഇക്കാര്യത്തിൽ വിദ്യാർഥികളെയും തൽസംബന്ധ ഉദ്യോഗസ്ഥരെയും സഹായിക്കാൻ വെല്ലുവിളിക്കപ്പെടുന്നു; സാങ്കേതികവിദ്യയുടെ വികസനത്തിലും ഉപയോഗത്തിലും ഉണ്ടായിരിക്കേണ്ട സാമൂഹിക സന്മാർഗികവുമായ വശങ്ങളെ മനസ്സിലാക്കാൻ അവർ സഹായിക്കപ്പെടണം.

പുതിയ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ പരിശീലനം നേടുന്നവർ 'തെറ്റായ വാർത്ത' (fake news) തെറ്റായ സന്ദേശം നൽകുന്നുവെന്ന വസ്തുതമാത്രം കണക്കിലെടുത്താൽ പോരാ; പുതിയ സാങ്കേതികവിദ്യകളിൽ ഒളിഞ്ഞിരിക്കാൻ സാധിക്കുകയും അതുവഴി പ്രചരിക്കുകയും ചെയ്യുന്ന അസ്വസ്ഥത ജനിപ്പിക്കുന്ന 'പൂർവികരിൽനിന്നു ലഭിച്ച ചില ഭയങ്ങളുടെ' ('certain ancestral fears') പുനരാരംഭത്തെയും അവർ കണക്കിലെടുക്കേണ്ടതുണ്ട്.(13) ദുഃഖകരം എന്നു പറയട്ടെ, 'മറ്റു സംസ്കാരങ്ങളുമായും മറ്റു ജനതകളുമായും കണ്ടുമുട്ടലുകൾ ഒഴിവാക്കുന്നതിനായി... മതിലുകൾ നിർമിക്കുകയും, മതിലുകൾ ഉയർത്തുകയും ചെയ്യാനുള്ള പ്രലോഭനത്തെ'(14) പ്രതിരോധിക്കാനുള്ള മാർഗങ്ങൾ ഒരിക്കൽകൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു; അങ്ങനെ ശാന്തവും സഹോദരപൂർണവുമായ ഒരു സഹവർത്തിത്വത്തിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു.

## 8. അന്താരാഷ്ട്രനിയമം വികസിപ്പിച്ചെടുക്കാൻവേണ്ടിയുള്ള വെല്ലുവിളി

ആഗോളതലത്തിലുള്ള ഇപ്പോഴത്തെ നിർമ്മിത ബുദ്ധിയുടെ ഉപയോഗം ഒരു കാര്യം വ്യക്തമാക്കുന്നു: ഓരോ രാഷ്ട്രത്തിനും അതതിന്റെ പരിധിക്കുള്ളിൽ ഇതിനെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വത്തോടൊപ്പം, അന്താരാഷ്ട്രസംഘടനകൾക്ക് ഇക്കാര്യത്തിൽ നിർണ്ണായകമായ ഒരു പങ്കുവഹിക്കാവുന്നതാണ്; അതായത്, വിവിധ വശങ്ങളിലും തലങ്ങളിലുമുള്ള സമ്മതപത്രങ്ങളിൽ (agreements) ഏർപ്പെടുകയും അവയുടെ ഉപയോഗത്തിലും നടപ്പാക്കലിലും മേൽനോട്ടം വഹിക്കുകയും ചെയ്യുക എന്നത്.[15] നിർമ്മിതബുദ്ധി അതിന്റെ വിവിധ രൂപങ്ങളിൽ വികസിപ്പിച്ചെടുക്കുന്നതിലും ഉപയോഗിക്കുന്നതിലും അതിനെ നിയന്ത്രിക്കാൻ അന്താരാഷ്ട്രതലത്തിൽ എല്ലാവരെയും നിർബന്ധിക്കുന്ന ഒരു ഉടമ്പടി (treaty) ആഗോള രാഷ്ട്രസമൂഹങ്ങൾ ഒരുമിച്ചുചേർന്നിരുന്നു രൂപപ്പെടുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. നിയന്ത്രണത്തിന്റെ ലക്ഷ്യം, സ്വാഭാവികമായി, തെറ്റായ പ്രവർത്തനശൈലികളെ തടസ്സപ്പെടുത്തുകയെന്നു മാത്രമല്ല, മറിച്ച്, നല്ല പ്രവർത്തനശൈലികളെ പ്രോത്സാഹിപ്പിക്കുക എന്നുകൂടിയാണ്; പുതിയതും ക്രിയാത്മകവുമായ സമീപനങ്ങളെ പ്രചോദിപ്പിക്കുകയും വ്യക്തിപരവും സംഘാത്മകവുമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതായിരിക്കും അത്[16].

ഡിജിറ്റൽ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നവർക്കു ധാർമികമായ മാർഗനിർദേശം നൽകാൻതക്ക നിലവാരം പുലർത്തുന്ന മാതൃകകൾ അന്വേഷിക്കുമ്പോൾ അവയിൽ മാനുഷികമൂല്യങ്ങൾ ഉണ്ടെന്നുള്ളത് ഉറപ്പുവരുത്തേണ്ട ഒരു കാര്യമാണ്. അവയാണ് അവശ്യംവേണ്ട നിയന്ത്രണ ചട്ടക്കൂടുകൾ രൂപപ്പെടുത്തുകയും സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ സമൂഹങ്ങളുടെ പ്രയത്നങ്ങളുടെ

പിന്നിൽ ഉണ്ടായിരിക്കേണ്ടത്. നിർമ്മിതബുദ്ധിയുടെ രൂപങ്ങൾ ഉത്പാദിപ്പിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട ധാർമികമാർഗനിർദേശങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനത്തിൽ വളരെ പ്രധാനപ്പെട്ട മാനുഷികപ്രശ്നങ്ങൾ വിട്ടുകളയാൻ പാടില്ല, അതായത്, മനുഷ്യാസ്തിത്വത്തിന്റെ അർഥം, അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ സംരക്ഷണം, നീതിയും സമാധാനവും അന്വേഷിക്കുക എന്നിവ. ധാർമികവും നിയമപരവുമായ ഈ വിവേചിച്ചറിയൽപ്രക്രിയ ഒരു അമൂല്യ അവസരമായി ഭവിക്കാം; അതായത്, സാങ്കേതികവിദ്യ നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ വഹിക്കുന്ന പങ്കും അതിന്റെ ഉപയോഗം എപ്രകാരം കൂടുതൽ സമത്വസുന്ദരവും മാനുഷികവുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിൽ സഹായകമായിത്തീരാം എന്നതിനെ സംബന്ധിച്ച കൂടിയാലോചന. ആക്കാരണത്താൽ നിർമ്മിത ബുദ്ധിയുടെ നിയന്ത്രണത്തെ സംബന്ധിച്ച ചർച്ചകളിൽ എല്ലാ തത്പരകക്ഷികളെയും കണക്കിലെടുക്കേണ്ടതുണ്ട്; അതിൽ ദരിദ്രരും ശക്തിരഹിതരും ആഗോള തീരുമാനം കൈക്കൊള്ളുന്ന പ്രക്രിയകളിൽ ഒരിക്കലും കേൾക്കപ്പെടാതെപോകുന്നവരും ഉണ്ടായിരിക്കണം.

നിർമ്മിതബുദ്ധിയുടെ രൂപങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന്റെ പുരോഗതിയിൽ അത് ആത്യന്തികമായി മാനുഷിക സാഹോദര്യവും സമാധാനവും ഉറപ്പുവരുത്തുന്ന രീതിയിൽ പ്രവർത്തിക്കാനുള്ള പ്രചോദനം നൽകാൻ മേൽപ്പറഞ്ഞ വിചിന്തനം സഹായകമാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇത് കുറച്ചുപേരുടെമാത്രം ഉത്തരവാദിത്വമല്ല, പ്രത്യുത, മുഴുവൻ മാനവകുടുംബത്തിന്റേതുമാണ്. മറ്റുള്ളവരെ അവരുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത വ്യക്തിമഹാത്മ്യത്തിൽ അംഗീകരിക്കുകയും അവരെ സ്വാഗതം ചെയ്യുകയും ചെയ്യുന്ന ബന്ധങ്ങളുടെ ഫലമാണ് സമാധാനം; മാത്രമല്ല, സമാധാനം സഹകരണത്തിന്റെയും എല്ലാ വ്യക്തികളുടെയും ജനതകളുടെയും സമഗ്രമായ വികസനം അന്വേഷിക്കുന്നതിന്റെയും ഫലമാണ്.

നിർമ്മിതബുദ്ധിയുടെ രൂപങ്ങളുടെ ദ്രുതഗതിയിലുള്ള വികസിപ്പിച്ചെടുക്കൽ നമ്മുടെ ഇന്നത്തെ ലോകത്തിലുള്ള അസമത്വത്തിന്റെയും അനീതിയുടെയും അവസ്ഥ വർധിക്കാൻ ഇടവരുത്തരുതേ എന്നതാണ് പുതുവർഷാരംഭത്തിൽ എന്റെ പ്രാർഥന; മറിച്ച്, യുദ്ധങ്ങൾക്കും സംഘട്ടനങ്ങൾക്കും അറുതി വരുത്താനും നമ്മുടെ മാനവകുടുംബത്തെ ബാധിച്ചിരിക്കുന്ന പല രൂപത്തിലുള്ള സഹനം കുറയ്ക്കാനും അത് ഇടവരുത്തട്ടെ. ക്രൈസ്തവവിശ്വാസികളും ഇതര മതാനുയായികളും സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരും പൊരുത്തത്തോടെ ഒരുമിച്ചു പ്രവർത്തിച്ച് അവസരങ്ങൾ ആശ്ലേഷിക്കാനും ഡിജിറ്റൽ വിപ്ലവം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാനും അങ്ങനെ ഭാവിതലമുറകൾക്കു കൂടുതൽ ഐകമത്യത്തിന്റെയും നീതിയുടെയും സത്യത്തിന്റെയും ഒരു ലോകം കൈമാറാൻ നമുക്ക് ഇടവരട്ടെ.

വത്തിക്കാനിൽനിന്ന് 2023 ഡിസംബർ 8-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

Footnotes :

[1] No. 33.

[2] Ibid., 57.

[3] Cf. Encyclical Letter *Laudato Si'* (24 May 2015), 104.

[4] Cf. ibid., 114.

[5] *Address to Participants in the "Minerva Dialogues"* (27 March 2023).

[6] Cf. ibid.

[7] Cf. *Message to the Executive Chairman of the "World Economic Forum" meeting in Davos* (12 January 2018).

[8] Cf. Encyclical Letter *Laudato Si'* (24 May 2015), 194; *Address to Participants in the Seminar "The Common Good in the Digital Age"* (27 September 2019).

[9] Apostolic Exhortation *Evangelii Gaudium* (24 November 2013), 233.

[10] Cf. Encyclical Letter *Laudato Si'* (24 May 2015), 54.

[11] Cf. *Meeting with Participants in the Plenary Assembly of the Pontifical Academy for Life* (28 February 2020).

[12] Cf. ibid.

[13] Encyclical Letter *Fratelli Tutti* (3 October 2020), 27.

[14] Ibid.

[15] Cf. ibid, 170-175.

[16] Cf. Encyclical Letter *Laudato Si'* (24 May 2015), 177.

സംയുക്ത സർക്കുലർ

# 23 Ch. 295-376

## ജീവന്റെ മൂല്യം ഉയർത്തിപ്പിടിക്കാം, സംരംഭകത്വ മുന്നേറ്റത്തിലൂടെ രാജ്യപുരോഗതിയിൽ പങ്കുചേരാം

ഈശോയിൽ പ്രിയ സഹോദരരേ,

പുതുവത്സരത്തിന്റെയും ദനഹാത്തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവം നേരുന്നു.

തിരുസ്സഭയിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളുകളിലൊന്നാണ് ദനഹാത്തിരുനാൾ. ഈശോയുടെ മാമ്മോദീസായും അതോടനുബന്ധിച്ച് പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലും പിതാവായ ദൈവം പുത്രനായ മിശിഹായെ സാക്ഷ്യപ്പെടുത്തുന്നതുമാണ് ദനഹാത്തിരുനാളിൽ നാം ആഘോഷിക്കുന്നത്.

വെളിച്ചത്തിന്റെ തിരുനാളുമാണ് ദനഹാ. ലോകത്തിന്റെ പ്രകാശമായി ഈശോ തന്നെത്തന്നെ വെളിപ്പെടുത്തി. ഈ വെളിച്ചത്തിൽ ദൈവത്തെ നമ്മൾ അറിയുന്നു. ദൈവം നന്മയാണെന്നും സ്നേഹമാണെന്നും രക്ഷകനാണെന്നും നമ്മോടൊത്തു വസിക്കുന്നുവെന്നുമൊക്കെ ഈശോയിലൂടെ അറിയുന്നു. ദൈവം നമുക്കു ധാരാളം കഴിവുകൾ നൽകിയിട്ടുണ്ടെന്നും അവയെ തിരിച്ചറിഞ്ഞു പ്രയോജനപ്പെടുത്തിയാൽ ജീവിതം വിജയിപ്പിക്കാമെന്നും ഈശോ പഠിപ്പിച്ചു (താലന്തിന്റെ ഉപമ). സ്വന്തം കഴിവുകൾ തനിക്കുവേണ്ടിമാത്രമല്ല, മറ്റുള്ളവർക്കു

വേണ്ടിക്കൂടി വിനിയോഗിക്കണമെന്നും പഠിപ്പിച്ചു. പരസ്പരം സ്നേഹിച്ചും പങ്കുവച്ചും സഹായിച്ചും സഹകരിച്ചും കൂട്ടായ്മയിൽ ജീവിക്കാൻ ഈശോ തന്റെ ശിഷ്യരെ പരിശീലിപ്പിച്ചു. നമ്മുടെ ജീവിതത്തെ മുഴുവൻ പ്രകാശിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന സത്യവെളിച്ചമായ ഈശോയിലൂടെയുള്ള ദൈവാവിഷ്കാരത്തിന്റെ ആഘോഷമായ ദനഹാത്തിരുനാളിൽ ക്രിയാത്മകമായ സംരംഭകമുന്നേറ്റത്തിനുള്ള ഒരുക്കത്തിന് ഔദ്യോഗികമായി ആരംഭംകുറിക്കുകയാണ്.

2023 ഒക്ടോബറിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾക്കായി നടത്തപ്പെട്ട NEST 23 ന്റെ തുടർച്ചയായി, WINGS 2.0 രാജ്യത്തിന്റെ വികസനസ്വപ്നങ്ങൾക്കു കൂടുതൽ പ്രതീക്ഷകൾ നൽകി ജനുവരി 05 വൈകുന്നേരം ദനഹാത്തിരുനാളിനോടനുബന്ധിച്ചു തുടക്കംകുറിക്കുന്നു. നസ്രാണിമാർഗം കൂട്ടായ്മ ഒരുക്കിയ NEST 23 ന്റെ തുടർച്ചയാണ് WINGS 2.0 സഭയുടെ ചൈതന്യത്തോടു ചേർന്നു നിന്നുകൊണ്ട് ഏറ്റവും വിജയപ്രദമായ രീതിയിൽ NEST 23 പൂർത്തീകരിച്ച നസ്രാണിമാർഗം കൂട്ടായ്മയിലെ ഏവരെയും പ്രത്യേകം അനുമോദിക്കുന്നു.

2024 ജൂൺ 15, 16, 17 തീയതികളിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ നടത്തപ്പെടുന്ന ഈ ത്രിദിന സംഗമത്തിൽ ജീവന്റെ മൂല്യവും പരിസ്ഥിതിയുടെ സംരക്ഷണവും കാർഷികമേഖലയും അസിസ്റ്റീവ് ടെക്നോളജിയും ഹാക്കതോണിലെ പ്രധാനവിഷയങ്ങളാണ്. അതോടൊപ്പം, ജീവന്റെ മൂല്യത്തിനു പ്രാധാന്യം നൽകുന്ന ഫിലിം ഫെസ്റ്റിവലും രാജ്യത്തിന്റെ സാമൂഹിക-രാഷ്ട്രീയ-വിദ്യാഭ്യാസവിഷയങ്ങളിൽ ചർച്ചകളും എക്യുമെനിക്കൽ കോൺഫറൻസും മികച്ച ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കു തങ്ങളുടെ കാർഷികോത്പന്നങ്ങൾ പ്രദർശിപ്പിക്കാൻ അവസരവും എക്സിബിഷനുമുണ്ടായിരിക്കും. ഇതോടനുബന്ധിച്ച് ജനുവരിമാസംമുതൽ മെയ്മാസംവരെ, സഭയുടെ

ആരാധനക്രമവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്നതും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഇടവകതലത്തിൽ സമ്മാനങ്ങൾ നൽകുന്നതുമാണ്.

എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി ആധുനികസാങ്കേതിക വിദ്യകളുടെ സഹായത്തോടെ സംരംഭങ്ങളാരംഭിക്കുന്നതിനും ഫണ്ടിങ്ങിനു സാധ്യതകൾ ഒരുക്കിയും ഉയർന്ന ഗവേഷണ ങ്ങൾക്കു സാങ്കേതികവിദ്യകൾ പ്രയോജനപ്രദമാകുന്ന രീതിയിൽ അവസരം സൃഷ്ടിച്ചുമാണ് WINGS 2.0 ഒരുക്കിയിരി ക്കുന്നത്.

ഇന്ത്യയിലെ മികച്ച ഇൻസ്റ്റിറ്റ്യൂട്ടുകളും മെഡിക്കൽ കോളേജുകളും അന്താരാഷ്ട്രകമ്പനികളും ഇതിന്റെ ഭാഗമാകും. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിന്റെയും പാലാ അൽ ഫോൻസാ കോളേജിന്റെയും നേതൃത്വത്തിൽ സ്ത്രീകൾക്കു പ്രത്യേകമായി ഫണ്ടിങ്ങിന് അവസരവും സ്ത്രീസംരംഭകർക്കു പിന്തുണയും നൽകുന്നതാണ്.

ഇതിനൊരുക്കമായി ഏതാണ്ട് ആറുമാസകാലയളവിൽ ഘട്ടംഘട്ടമായി രൂപതാതലത്തിൽ SMYM, മാതൃവേദി, പിതൃവേദി എന്നിവയുടെ ആഭിമുഖ്യത്തിൽ കൂടുതൽ ആളു കളെ ഹാക്കത്തോണിനായി ഒരുക്കാനും അങ്ങനെ ഒരിടവകയ്ക്ക് ഒരു സംരംഭം എന്ന സ്വപ്നം സാക്ഷാത്കരിക്കാനും ഇതിലൂടെ അവസരമൊരുങ്ങും. രാജ്യത്തെ മികച്ച ഗവേഷകരും സംരംഭകരും സിവിൽ സർവീസ് ഓഫീസേഴ്സും രൂപതയുടെ വിവിധ സംഘടനകൾവഴി വിശ്വാസികൾക്കു പരിശീലനങ്ങൾ നൽകും.

നമ്മുടെ മുമ്പിലുള്ള സാധ്യതകളെ നല്ല സംരംഭ ങ്ങളാക്കിയുയർത്തി കൂടുതൽ ആളുകൾക്കു ജോലികൾ നൽകാനും അതിലൂടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താനും നിങ്ങൾക്കേവർക്കും സാധിക്കട്ടെയെന്നു

പ്രത്യേകം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**തയ്യാറെടുപ്പ്**

ആറുമാസക്കാലം പ്രാർത്ഥനകളും പഠനങ്ങളും കാലോചിതമായ ചർച്ചകളും ഗവേഷണങ്ങളും നടത്തപ്പെടുന്നു. രാജ്യത്തെ മുൻനിര കമ്പനികളോടൊപ്പം മൂന്നു രൂപതകളുടെയും പ്രവാസി അപ്പോസ്തലേറ്റുവഴിയും മികച്ച സംരംഭങ്ങൾക്കു നിക്ഷേപങ്ങളുറപ്പാക്കുവാൻ WINGS 2.0 അവസരമൊരുക്കുന്നതാണ്.

ഇതിനു തുടക്കംകുറിച്ചു ലോകത്തിന്റെ പ്രകാശമായ മിശിഹായെ, നമ്മുടെ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ദനഹാത്തിരുനാളിൽ സ്വീകരിക്കുവാൻ സഭ പ്രത്യേകമായി പ്രാർത്ഥിച്ചൊരുങ്ങുന്നു.

ചങ്ങനാശ്ശേരി മാർക്കറ്റിലുള്ള കുരിശുപള്ളിയിൽ ഇതിനു തുടക്കമെന്നോണം ആഘോഷപൂർവകമായ റംശാ നമസ്കാരവും പ്രദക്ഷിണവും പിണ്ടികുത്തിത്തിരുനാളുമുണ്ടായിരിക്കുന്നതാണ്. ഇതേസമയം, ജനുവരി 5 വൈകുന്നേരം, പാലാ കത്തീഡ്രൽ പള്ളിയിലും കാഞ്ഞിരപ്പള്ളി പഴയ പള്ളിയിലും അഭിവന്ദ്യ പിതാക്കന്മാർ ദനഹാത്തിരുനാളിനു നേതൃത്വം കൊടുക്കുന്നതാണ്.

ചങ്ങനാശ്ശേരിയിലും കാഞ്ഞിരപ്പള്ളിയിലും പാലായിലും നടത്തപ്പെടുന്ന ദനഹാത്തിരുനാളിൽ യുവജനങ്ങളെയും മാതാപിതാക്കളെയും സംരംഭകരെയും പ്രത്യേകം സ്വാഗതം ചെയ്യുകയും നമ്മുടെയെല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും തിരുനാളിന്റെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് ഏറ്റവും മനോഹരമായരീതിയിൽ ദനഹാത്തിരുനാൾ ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു.

അന്യംനിന്നുപോകുന്ന സംരംഭകത്വത്തിനു ദനഹാത്തിരുനാളിൽ തെളിയുന്ന ദീപങ്ങൾ പുതിയ പ്രതീക്ഷകൾ

നൽകട്ടെ. നമ്മുടെ പൂർവികരുടെ ഇടയിലുണ്ടായിരുന്ന മികച്ച സംരംഭകത്വത്തിന്റെ നല്ല സംസ്കാരം തിരികെപ്പിടിക്കാൻ ഈ തിരുനാൾ യുവതലമുറയ്ക്ക് ഉണർവേകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

---

NB: 2023 ഡിസംബർ 31 ഞായറാഴ്ച വായിക്കുകയോ ഉള്ളടക്കം വിശ്വാസികൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യാനായി നൽകപ്പെട്ട സർക്കുലർ.

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot. No. 1197/2023 7 December 2023

പ്രിയപ്പെട്ടവരേ,

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

ദൈവകൃപയാൽ 2011 മെയ് 29-ാം തിയതിമുതൽ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ സീറോമലബാർസഭയിൽ ഞാൻ ശുശ്രൂഷ നിർവഹിക്കുകയായിരുന്നു. സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹംകൊണ്ടാണു മേജർ ആർച്ചുബിഷപിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ എനിക്കു സാധിച്ചത്.

നിങ്ങളിൽ ചിലർക്കെങ്കിലും അറിയാവുന്നതുപോലെ, മേജർആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു വിരമിക്കാനുള്ള എന്റെ ആഗ്രഹം 2019 ജൂലൈ 19-നു ഞാൻ പരിശുദ്ധ പിതാവിനെ അറിയിച്ചിരുന്നു. നമ്മുടെ സഭയിലെ വർധിച്ചുവരുന്ന അജപാലന ആവശ്യങ്ങളും എന്റെ ആരോഗ്യസ്ഥിതിയും ശ്രദ്ധാപൂർവം പരിഗണിച്ചാണു ഞാൻ ആ തീരുമാനം എടുത്തത്. സ്ഥാനമൊഴിയണമെന്ന എന്റെ ആഗ്രഹം അംഗീകരിക്കുന്നതിനു വേണ്ടി ഞാൻ താല്പര്യത്തോടെ അഭ്യർഥിച്ചുവെങ്കിലും, എന്റെ തീരുമാനം സ്വീകരിക്കുന്ന തിനുമുൻപു പരിശുദ്ധ പിതാവ് സീറോമലബാർ സഭയുടെ സിനഡിന്റെ അഭിപ്രായം തേടി. സിനഡ് എന്റെ തീരുമാനം അംഗീകരിച്ചില്ല.

പ്രാർഥനാപൂർവകമായ പുനരാലോചനകൾക്കുശേഷം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വത്തിൽനിന്നു മാറാൻ അനുവദിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് 2022 നവംബർ 15നു എന്റെ രാജി പരിശുദ്ധ പിതാവിനു വീണ്ടും സമർപ്പിച്ചു. എന്റെ അഭ്യർഥനയിൽ ഉടനടി തീരുമാന മെടുത്തില്ലെങ്കിലും ഒരു വർഷത്തിനുശേഷം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രാജി സ്വീകരിക്കുകയും ഔദ്യോഗിക ഉത്തരവാദിത്വത്തിൽനിന്നു വിരമിക്കാൻ എന്നെ അനുവദിക്കുകയും ചെയ്തിരിക്കുന്നു എന്ന വിവരം നിങ്ങളെ അറിയിക്കാൻ എനിക്കു സന്തോഷമുണ്ട്. അതിനാൽ, ഇന്നേദിവസം 2023 ഡിസംബർ 7-ാം തിയതി പ്രാബല്യത്തിൽവരുന്നവിധം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു ഞാൻ ഔദ്യോഗികമായി വിരമിക്കുന്നു. നിങ്ങളുടെ പ്രാർഥനയും പിന്തുണയും മാറ്റത്തിന്റെ ഈ കാലയളവിൽ ഉണ്ടാകുമല്ലോ.

പൗരസ്ത്യസഭാനിയമപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ സഭയുടെ കൂരിയാബിഷപ് - ഇപ്പോഴത്തെ സാഹചര്യത്തിൽ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ - പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തി ക്കുന്നതാണ്.

ഈശോയിൽ സ്നേഹപൂർവം,

+ കർദിനാൾ ജോർജ് ആലഞ്ചേരി

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

Prot. No. 1208/2023

## സർക്കുലർ

സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്റർ
സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ,
സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും
അല്മായ സഹോദരിസഹോദരന്മാർക്കുമായി
പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

മാർത്തോമാശ്ലീഹായാൽ സ്ഥാപിതമായ സീറോമലബാർ സഭയുടെ പിതാവും തലവനുമെന്ന നിലയിൽ 2011 മെയ് 29 മുതൽ സഭയെ നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർച്ചുബിഷപ് ശുശ്രൂഷാസ്ഥാനത്തുനിന്നു വിരമിച്ചിരിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവിന്റെ രാജി സ്വീകരിച്ചുകൊണ്ട് 2023 നവംബർ 29 നു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അതീവഹൃദ്യമായ ഒരു കത്ത് എഴുതിയിരുന്നു. ആഗോളസഭയായി വളർന്നിരിക്കുന്ന സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത ചെയ്ത സ്തുത്യർഹമായ ശുശ്രൂഷകളെ ഈ കത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അഭിവന്ദ്യ പിതാവ് കഴിഞ്ഞ 12 വർഷങ്ങളായി തീക്ഷ്ണവും ശക്തവും ധീരവും സഹനബദ്ധവും ആത്മാർത്ഥവുമായി ചെയ്ത നേതൃത്വ ശുശ്രൂഷകളെ നമുക്കു നന്ദിപൂർവം സ്മരിക്കാം.

വത്തിക്കാനിൽനിന്നു നല്കപ്പെട്ട നിർദേശപ്രകാരം 2023 ഡിസംബർ 7 ന് ഇന്ത്യൻ സമയം വൈകുന്നേരം നാലരമണിക്കാണ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവു വിരമിക്കുന്ന വിവരം ഔദ്യോഗികമായി സഭാമക്കളെയും പൊതുസമൂഹത്തെയും അറിയിച്ചത്. ഇതേസമയത്തുതന്നെ,

എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്ന് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവു മാറിയ വിവരവും തൽസ്ഥാനത്ത് മെൽബൺ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പിതാവ് നിയമിക്കപ്പെട്ട വിവരവും അറിയിക്കപ്പെട്ടു.

മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ കൂരിയമെത്രാനാണ് സഭയുടെ അഡ്മിനിട്രേറ്ററായി സഭയ്ക്കു നേതൃത്വംകൊടുക്കേണ്ടതെന്നു കാനൻനിയമം അനുശാസിക്കുന്നു. അതിൻപ്രകാരം, ഞാൻ ഏറ്റെടുത്തിരിക്കുന്ന ഈ ശുശ്രൂഷാനിർവഹണത്തിന് ആവശ്യമായ ദൈവകൃപ ലഭിക്കുന്നതിനുവേണ്ടി എല്ലാവരുടെയും പ്രാർഥനാസഹായം അപേക്ഷിക്കുന്നു.

പുതിയ സഭാതലവനെ തിരഞ്ഞെടുക്കുന്നതിനു മേജർ ആർച്ചുബിഷപ് വിരമിച്ച ദിവസംമുതൽ രണ്ടു മാസത്തിനകം മെത്രാൻസിനഡ് വിളിച്ചുകൂട്ടണമെന്ന സഭയുടെ കാനൻ നിയമം ഈ സാഹചര്യത്തിൽ ബാധകമാണ്. സീറോമലബാർ മെത്രാൻമാരുടെ മുപ്പത്തിരണ്ടാം സിനഡിന്റെ ഒന്നാം സമ്മേളനം 2024 ജനുവരിയിൽ നടത്തുന്നതിനുവേണ്ടി നിയമപ്രകാരമുള്ള ഔദ്യോഗികകല്പന കഴിഞ്ഞ ഒക്ടോബർ 8 നു നല്കപ്പെട്ടിട്ടുള്ളതാണ്. 2023 ഡിസംബർ 7 നു വൈകുന്നേരം കൂടിയ പെർമനെന്റ് സിനഡിന്റെ തീരുമാനപ്രകാരം ജനുവരി 8 മുതൽ 13 വരെ നടക്കുന്ന സിനഡുസമ്മേളനത്തിൽത്തന്നെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തിരഞ്ഞെടുപ്പു നടപ ടികൾ ആരംഭിക്കുന്നതാണ്. സിനഡു തിരഞ്ഞെടുക്കുന്ന പുതിയ മേജർ ആർച്ചുബിഷപ്പിനു പരിശുദ്ധ മാർപാപ്പയുടെ സ്ഥിരീകരണം ലഭിച്ചാലുടൻ ഇതുസംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനവും തുടർന്നു സ്ഥാനാരോഹണവും നടക്കുന്നതാണ്. ഈ കാലഘട്ടത്തിൽ സീറോമലബാർ സഭയെ നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തി ഈ ശുശ്രൂഷാ

പദവിയിലേക്കു തിരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി എല്ലാവരും പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭ മുഴുവനിലും ചൊല്ലുന്നതിനു ഒരു പ്രാർഥന തയ്യാറാക്കി ഈ സർക്കുലറിനൊപ്പം നല്കുന്നു. ഇത് 2001 ഡിസംബർ ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയ ങ്ങളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനയ്ക്കുശേഷവും കുടുംബങ്ങളിൽ സായാഹ്നപ്രാർഥനയ്ക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു.

മറ്റൊരു സുപ്രധാനകാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു സീറോമലബാർ സഭയുടെ ഹയരാർക്കിസ്ഥാപനത്തിന്റെ ശതാബ്ദിവർഷസമാപനത്തിലെത്തിയിരിക്കുകയാണ് നാമിപ്പോൾ. 'റൊമാനി പൊന്തിഫിച്ചെസ്' എന്ന തിരുവെഴുത്തുവഴി 1923 ഡിസംബർ 21ന് പരിശുദ്ധ പിതാവ് പതിനൊന്നാം പിയൂസ് മാർപാപ്പയാണ് സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചത്. എറണാകുളത്തെ അതിരൂപതാപദവിയിലേക്കുയർത്തുകയും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവയെ സാമന്തരൂപതകളായി നിശ്ചയിക്കുകയും ചെയ്ത് മാർപാപ്പാ എടുത്ത ഈ തീരുമാനത്തെത്തുടർന്നു സഭയുടെ നാളിതുവരെയുള്ള വളർച്ച അത്ഭുതാവഹമാണ്. പതിനാറാം നൂറ്റാണ്ടുവരെ ഭാരതം മുഴുവനിലും അജപാലനാധികാരം ഉണ്ടായിരുന്ന സീറോമലബാർ സഭയ്ക്ക് ഇടക്കാലത്ത് ഇതിനു പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇതു പുനസ്ഥാപിക്കപ്പെട്ടു. 1917 ലെ വികാരിയാത്തുകളുടെ സ്ഥാപനവും 1923 ലെ ഹയരാർക്കി സ്ഥാപനവുമാണ് ഈ പ്രക്രിയയ്ക്ക് ആക്കംകൂട്ടിയത് എന്നതു പ്രത്യേകം സ്മരണീയമാണ്. ഈ ശതാബ്ദിവർഷത്തിൽ ഹയരാർക്കിസ്ഥാപനത്തിലൂടെ ദൈവം നമ്മുടെ സഭക്കു നല്കിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാം അതിന്റെ ഭാഗമായി 2023 ഡിസംബർ 21 വ്യാഴാഴ്ച സഭയിലെ എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിലും രൂപതാധ്യക്ഷന്മാരുടെ കാർമികത്വത്തിൽ പ്രത്യേക വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേ


ദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് സഭയുടെ കേന്ദ്രകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലും പ്രത്യേക വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

ഹെബ്രായലേഖനത്തിൽ നാം വായിക്കുന്നതുപോലെ. 'സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചിക്കാം (10:24). പരസ്പര സ്നേഹത്തോടും ഐക്യത്തോടും സഹകരണമനോഭാവത്തോടുംകൂടി സഭയുടെയും പൊതുസമൂഹത്തിന്റെയും വളർച്ചയ്ക്കുവേണ്ടി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

സമാഗതമാകുന്ന ക്രിസ്തുമസിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്ന് 2023 ഡിസംബർ 9-ാം തീയതി നൽകപ്പെട്ടത്.

ഈശോയിൽ സ്നേഹപൂർവം,



**ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**

സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്റർ

---

ഈ സർക്കുലർ 2023 ഡിസംബർ 10 ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കാൻ നല്കപ്പെട്ടത്.

## THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA

Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030,
Kerala, India Tel: (0484) 2424780, 2425727, 2426235, 2426236.

Fax: (0484) 2422727

## സീറോമലബാർസഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തിരഞ്ഞെടുപ്പിനൊരുക്കമായുള്ള പ്രാർഥന

സ്നേഹനാഥനായ ഈശോയേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. മാർത്തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ സ്ഥാപിതമായ സീറോമലബാർസഭയെ നിരന്തരം വഴിനടത്തുന്ന അങ്ങയുടെ പരിപാലനയെ ഞങ്ങൾ ഏറ്റുപറയുന്നു. ഈ സഭയ്ക്കു നേതൃത്വം നല്കുന്നതിനായി കാലാകാലങ്ങളിൽ അങ്ങു നിയോഗിച്ച എല്ലാ പിതാക്കന്മാമാരുടെയും പ്രത്യേകമായി, കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെയും നേതൃത്വശുശ്രൂഷകളെയോർത്ത് അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണു ചെയ്തത് എന്നു ശിഷ്യന്മാരോട് അങ്ങ് അരുൾ ചെയ്തിട്ടുണ്ടല്ലോ. അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതിനുമുമ്പ് ദൈവപിതാവിനോടു പ്രാർഥിച്ച ഈശോയേ, അങ്ങയുടെ മാതൃക അനുകരിച്ചു ഞങ്ങളും ഇപ്പോൾ പ്രാർഥിക്കുന്നു. ലോകമെമ്പാടുമുള്ള സീറോമലബാർ സഭയ്ക്കു നേതൃത്വം നല്കുന്നതിനുവേണ്ടി പുതിയ മേജർ ആർച്ചുബിഷപ്പിനെ തിരഞ്ഞെടുക്കാനായി ഒരുമിച്ചുകൂടുന്ന മെത്രാന്മാരുടെ സിനഡുസമ്മേളനത്തെ അനുഗ്രഹിക്കണമേ. മാർത്തോമാശ്ലീഹായുടെ പിൻഗാമിക്കടുത്ത ശുശ്രൂഷാപദവി

സ്വീകരിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തിയെ ഞങ്ങൾക്കു നൽകണമെന്നു പ്രാർത്ഥിക്കുന്നു.

സെഹിയോൻ ശാലയിൽ ശ്ലീഹന്മാരോടൊപ്പം പ്രാർഥനാ നിരതയായിരുന്ന പരിശുദ്ധ അമ്മേ, ഈ സിനഡുസമ്മേളനത്തിൽ പരിശുദ്ധാത്മാവിന്റെ നിറവുണ്ടാകാൻവേണ്ടി തിരുക്കുമാരനോടു പ്രാർഥിക്കണമേ. ഞങ്ങളുടെ പിതാവായ മാർത്തോമാശ്ലീഹായേ, ഞങ്ങളുടെ സഭയിലെ വിശുദ്ധരേ, വാഴ്ത്തപ്പെട്ടവരേ, ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ.

1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

---

ഈ പ്രാർഥന 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും കുടുംബങ്ങളിൽ സായാഹ്നപ്രാർഥനയ്ക്കുശേഷവും ചൊല്ലണമെന്ന് അറിയിക്കുന്നു.

**സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**

സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്റർ

# ദൈവവിളിക്യാമ്പ്

പ്രിയബഹു. അച്ചന്മാരേ, സന്ന്യാസിനീസന്ന്യാസിമാരേ, വിശ്വാസപരിശീലകരേ,

S.S.L.C., +2 ക്ലാസ്സുകളിൽ പഠിക്കുന്നവരോ, ഉപരി വിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്കായി ഒരു ദൈവവിളിക്യാമ്പ് നമ്മുടെ രൂപത മൈനർ സെമിനാരിയിൽ നടത്തുന്ന വിവരം സ്നേഹപൂർവ്വം അറിയിക്കട്ടെ. 2024 ജനുവരിമാസം 13-ാം തീയതി ശനിയാഴ്ച രാവിലെ 09.30 ന് ആരംഭിക്കുന്ന ഈ ക്യാമ്പ് ഉച്ചകഴിഞ്ഞ് 3 ന് അവസാനിക്കുന്നതാണ്.

പൗരോഹിത്യജീവിതത്തിലേക്കു വിളിയുണ്ടെന്നു കരുതുന്നവരെയെല്ലാം ഈ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരി അച്ചന്മാരും അസ്തേന്തിയച്ചന്മാരും മാതാപിതാക്കളും വിശ്വാസപരിശീലകരും പ്രത്യേകം പ്രോത്സാഹിപ്പിക്കുമല്ലോ.

മിശിഹായിൽസ്നേഹപൂർവ്വം,

**ഫാ. ജേക്കബ് വടക്കേൽ**

റെക്ടർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി

കരൂർ, 01-01-2024

---

NB: ബഹു. വികാരി അച്ചന്മാർ ദയമായി ഇക്കാര്യങ്ങൾ വി. കുർബാന മദ്ധ്യേ പള്ളിയിൽ അറിയിക്കണമേ.

# GRAND TOTAL AND PER CAPITA OF THE 15 COLLECTIONS DURING THE YEAR 2023

| Parish | Total Amount | Parish Population | Per Capita |
|---|---|---|---|
| ADIVARAM | 11,180.00 | 942 | 11.87 |
| ADUKKOM | 13,500.00 | 719 | 18.78 |
| AIMCOMBU | 36,600.00 | 895 | 40.89 |
| ALPHONSAGIRI | 12,600.00 | 550 | 22.91 |
| ALPHONSAPURAM | 9,900.00 | 1175 | 8.43 |
| AMPARANIRAPPEL | 71,460.00 | 1438 | 49.69 |
| ANTHIALAM | 56,094.00 | 854 | 65.68 |
| ANTHINAD | 39,772.00 | 1683 | 23.63 |
| ARAKULAM NEW | 67,412.00 | 2134 | 31.59 |
| ARAKULAM OLD | 16,340.00 | 1400 | 11.67 |
| ARUNAPURAM | 89,298.00 | 1540 | 57.99 |
| ARUNOOTTIMANGALAM | 68,768.00 | 2337 | 29.43 |
| ARUVITHURA | 362,935.00 | 6027 | 60.22 |
| AYYAMPARA | 23,266.00 | 551 | 42.23 |
| BHARANANGANAM | 151,811.00 | 5370 | 28.27 |
| CHAKKAMPUZHA | 103,191.00 | 1693 | 60.95 |
| CHEMMALAMATTOM | 195,078.00 | 4275 | 45.63 |
| CHEMPILAVU | 11,200.00 | 668 | 16.77 |
| CHENNAD | 45,879.00 | 1416 | 32.40 |
| CHERPUNKAL | 334,029.00 | 4500 | 74.23 |
| CHETTUTHODU | 43,071.00 | 803 | 53.64 |
| CHITTAR | 34,000.00 | 1384 | 24.57 |
| CHOLATHADAM | 4,470.00 | 560 | 7.98 |
| CHOONDACHERY | 22,950.00 | 598 | 38.38 |
| EDADU | 6,350.00 | 230 | 27.61 |
| EDAMARUKU | 72,531.00 | 1385 | 52.37 |
| EDAPPADY | 27,500.00 | 1130 | 24.34 |

| | | | |
|---|---|---|---|
| ELAMTHOTTAM | 108,400.00 | 1582 | 68.52 |
| ELANJI FORANE | 171,790.00 | 4238 | 40.54 |
| ELAPPALLY | 6,500.00 | 268 | 24.25 |
| ERAVIMANGALAM | 9,200.00 | 820 | 11.22 |
| EZHACHERRY | 13,750.00 | 1000 | 13.75 |
| FATHIMAPURAM | 45,200.00 | 1300 | 34.77 |
| GAGULTHA | 18,590.00 | 826 | 22.51 |
| GEOVALLEY | 32,400.00 | 1460 | 22.19 |
| IDAMATTOM | 43,500.00 | 1232 | 35.31 |
| JAIGIRI | 22,257.00 | 1375 | 16.19 |
| JOSE MOUNT | 14,770.00 | 368 | 40.14 |
| JOSEGIRI | 34,750.00 | 928 | 37.45 |
| KADANAD | 103,090.00 | 3318 | 31.07 |
| KADAPLAMATTOM | 72,500.00 | 2680 | 27.05 |
| KADUTHURUTHY | 123,000.00 | 4525 | 27.18 |
| KAIPPALLY | 11,000.00 | 773 | 14.23 |
| KAKKOOR | 31,782.00 | 2255 | 14.09 |
| KAKOMBU | 22,200.00 | 692 | 32.08 |
| KALATHOOKADAVU | 47,300.00 | 1375 | 34.40 |
| KALATHOOR | 39,430.00 | 3004 | 13.13 |
| KALIKAVU | 129,512.00 | 1950 | 66.42 |
| KANJIRAMATTOM | 101,721.00 | 2514 | 40.46 |
| KANJIRATHANAM | 75,812.00 | 3150 | 24.07 |
| KARIMPANI | 17,000.00 | 1107 | 15.36 |
| KAROOR | 31,000.00 | 1496 | 20.72 |
| KATTAMPAK | 28,050.00 | 750 | 37.40 |
| KAVALY | 12,800.00 | 302 | 42.38 |
| KAVEEKUNNU | 18,500.00 | 1230 | 15.04 |
| KAVUMKANDAM | 43,438.00 | 1061 | 40.94 |
| KAYYOOR | 15,500.00 | 881 | 17.59 |
| KEEZHOOR | 28,000.00 | 1350 | 20.74 |
| KIZHAPARAYAR | 42,637.00 | 884 | 48.23 |

| | | | |
|---|---|---|---|
| KIZHATHADIYOOR | 254,680.00 | 1031 | 247.02 |
| KONDAD | 9,960.00 | 1410 | 7.06 |
| KOODALLOOR | 128,000.00 | 3550 | 36.06 |
| KOOTHATTUKULAM | 101,588.00 | 1619 | 62.75 |
| KOOTTIKAL | 49,700.00 | 1400 | 35.50 |
| KOTHANALLOOR | 226,070.00 | 3860 | 58.57 |
| KOZHUVANAL | 112,253.00 | 3416 | 32.86 |
| KUDAKKACHIRA | 64,545.00 | 1665 | 38.77 |
| KUDAYATHOOR | 24,300.00 | 2724 | 8.92 |
| KULAMAVU | 13,210.00 | 734 | 18.00 |
| KUNNONNY | 71,000.00 | 1116 | 63.62 |
| KURAVILANGAD | 471,730.00 | 13575 | 34.75 |
| KURICHITHANAM | 128,514.00 | 2456 | 52.33 |
| KURINJI | 19,900.00 | 1097 | 18.14 |
| KURUMANNU | 49,340.00 | 1288 | 38.31 |
| KURUVINAL | 47,000.00 | 1044 | 45.02 |
| LALAM NEW PALAI | 229,495.00 | 1746 | 131.44 |
| LALAM OLD PALAI | 191,740.00 | 4564 | 42.01 |
| LOURDES MOUNT | 3,950.00 | 147 | 26.87 |
| MALAPURAM | 49,733.00 | 1292 | 38.49 |
| MALAYINCHIPARA | 22,100.00 | 1438 | 15.37 |
| MALLIKASSERY | 38,700.00 | 1020 | 37.94 |
| MANALUMKAL | 52,900.00 | 1696 | 31.19 |
| MANATHOOR | 52,260.00 | 2080 | 25.13 |
| MANGALAGIRI | 10,000.00 | 542 | 18.45 |
| MANGALARAM | 42,500.00 | 1525 | 27.87 |
| MANIAMKULAM | 5,800.00 | 823 | 7.05 |
| MANIAMKUNNU | 16,350.00 | 1301 | 12.57 |
| MANJAMATTOM | 26,925.00 | 1035 | 26.01 |
| MANNACKANAD | 59,600.00 | 2142 | 27.82 |
| MANNAR | 108,139.00 | 1529 | 70.73 |
| MANNARAPPARA | 142,260.00 | 5395 | 26.37 |

| | | | |
|---|---|---|---|
| MANVETTOM | 56,649.00 | 4130 | 13.72 |
| MARANGATTUPALLY | 146,774.00 | 3150 | 46.59 |
| MARANGOLY | 81,949.00 | 1825 | 44.90 |
| MARYLAND | 19,265.00 | 1274 | 15.12 |
| MATTAKKARA | 29,936.00 | 1368 | 21.88 |
| MAVADY | 15,493.00 | 680 | 22.78 |
| MEENACHIL | 40,770.00 | 2029 | 20.09 |
| MELUKAVUMATTOM | 30,500.00 | 3230 | 9.44 |
| MEVADA | 17,000.00 | 1075 | 15.81 |
| MONIPPALLY | 104,190.00 | 3213 | 32.43 |
| MOOLAMATTOM | 112,750.00 | 2932 | 38.45 |
| MOONNANI | 6,000.00 | 816 | 7.35 |
| MOONNILAVU | 68,617.00 | 1679 | 40.87 |
| MOOZHOOR | 94,650.00 | 2034 | 46.53 |
| MULAKULAM | 45,544.00 | 1295 | 35.17 |
| MUNDANKAL | 148,500.00 | 1620 | 91.67 |
| MUTHOLAPURAM | 106,225.00 | 2870 | 37.01 |
| MUTHOLY | 74,624.00 | 1145 | 65.17 |
| MUTTUCHIRA | 220,123.00 | 7560 | 29.12 |
| NAMBIAKULAM | 65,600.00 | 1651 | 39.73 |
| NARIANGANAM | 57,135.00 | 915 | 62.44 |
| NEELOOR | 93,932.00 | 2439 | 38.51 |
| NEERANTHANAM | 112,206.00 | 1610 | 69.69 |
| NELLAPPARA | 18,180.00 | 237 | 76.71 |
| NELLIANI | 46,700.00 | 566 | 82.51 |
| PADUVA | 129,414.00 | 1300 | 99.55 |
| PAIKA | 46,500.00 | 3258 | 14.27 |
| PAINGALAM | 65,000.00 | 1425 | 45.61 |
| PALAI CATHEDRAL | 498,675.00 | 6671 | 74.75 |
| PALAKAD | 27,700.00 | 1089 | 25.44 |
| PALAKATTUMALA | 26,040.00 | 857 | 30.39 |
| PALAYAM | 31,750.00 | 1251 | 25.38 |

| | | | |
|---|---|---|---|
| PARATHANAM | 54,500.00 | 1660 | 32.83 |
| PAYYANITHOTTAM | 18,500.00 | 760 | 24.34 |
| PERIAPURAM | 32,440.00 | 1217 | 26.66 |
| PERINGULAM | 64,000.00 | 1928 | 33.20 |
| PERUMTHURUTH | 8,000.00 | 730 | 10.96 |
| PIRAVOM | 62,845.00 | 2563 | 24.52 |
| PIUSMOUNT | 30,650.00 | 942 | 32.54 |
| PIZHAKU(URUMPUKAVU) | 41,000.00 | 1185 | 34.60 |
| PLASSANAL | 141,227.00 | 2350 | 60.10 |
| POONJAR | 76,000.00 | 4300 | 17.67 |
| POOVAKULAM | 13,490.00 | 640 | 21.08 |
| POOVARANY | 70,030.00 | 3129 | 22.38 |
| POOVATHODU | 31,970.00 | 1526 | 20.95 |
| POOZHIKKOL | 42,563.00 | 1282 | 33.20 |
| PRAVITHANAM | 90,980.00 | 3633 | 25.04 |
| RAMAPURAM | 152,000.00 | 11600 | 13.10 |
| RETNAGIRI | 213,620.00 | 5300 | 40.31 |
| SANTHIGIRI | 8,060.00 | 752 | 10.72 |
| SANTHIPURAM | 24,354.00 | 1047 | 23.26 |
| SIBIGIRI | 41,000.00 | 1650 | 24.85 |
| SLEEVAPURAM | 29,800.00 | 1194 | 24.96 |
| TEEKOY | 158,973.00 | 3200 | 49.68 |
| THAKADI | 6,400.00 | 95 | 67.37 |
| THIDANADU | 116,250.00 | 3220 | 36.10 |
| THIRUMARADY | 9,820.00 | 401 | 24.49 |
| THODANAL | 42,040.00 | 1247 | 33.71 |
| THUDANGANAD | 50,986.00 | 2251 | 22.65 |
| THURUTHIPALLY | 49,850.00 | 2208 | 22.58 |
| UDAYAGIRI | 53,117.00 | 992 | 53.55 |
| ULLANAD | 85,769.00 | 1748 | 49.07 |
| URULIKUNNAM | 38,350.00 | 1037 | 36.98 |
| VADAKARA | 54,517.00 | 1843 | 29.58 |

| | | | |
|---|---|---|---|
| VAGAMON | 14,895.00 | 585 | 25.46 |
| VAKAKKAD | 20,900.00 | 1063 | 19.66 |
| VAKKAD | 10,350.00 | 871 | 11.88 |
| VALACHIRA | 24,150.00 | 1150 | 21.00 |
| VALAVOOR | 60,925.00 | 1498 | 40.67 |
| VARIANIKKAD | 16,192.00 | 552 | 29.33 |
| VAYALA | 46,550.00 | 1607 | 28.97 |
| VEDAGIRI | 27,400.00 | 1203 | 22.78 |
| VELANILAM | 36,202.00 | 925 | 39.14 |
| VELLIAMATTOM | 8,000.00 | 2500 | 3.20 |
| VELLIKULAM | 24,100.00 | 1210 | 19.92 |
| VEZHANGANAM | 12,012.00 | 631 | 19.04 |
| VILAKUMADAM | 85,100.00 | 2019 | 42.15 |
| VIMALAGIRI | 6,900.00 | 400 | 17.25 |
| XAVIERPURAM | 36,842.00 | 1206 | 30.55 |
| YENTHAYAR | 89,600.00 | 2300 | 38.96 |

# MISSION SUNDAY COLLECTION

| Parish | Mission Sunday | Parish Population | Per Capita |
|---|---|---|---|
| ADIVARAM | - | 942 | - |
| ADUKKOM | 1,000.00 | 719 | 1.39 |
| AIMCOMBU | 8,000.00 | 895 | 8.94 |
| ALPHONSAGIRI | 600.00 | 550 | 1.09 |
| ALPHONSAPURAM | - | 1175 | - |
| AMPARANIRAPPEL | 13,820.00 | 1438 | 9.61 |
| ANTHIALAM | 9,000.00 | 854 | 10.54 |
| ANTHINAD | 4,000.00 | 1683 | 2.38 |
| ARAKULAM NEW | 16,370.00 | 2134 | 7.67 |
| ARAKULAM OLD | - | 1400 | - |
| ARUNAPURAM | 21,000.00 | 1540 | 13.64 |
| ARUNOOTTIMANGALAM | 18,044.00 | 2337 | 7.72 |
| ARUVITHURA | 68,165.00 | 6027 | 11.31 |
| AYYAMPARA | - | 551 | - |
| BHARANANGANAM | 45,000.00 | 5370 | 8.38 |
| CHAKKAMPUZHA | 10,814.00 | 1693 | 6.39 |
| CHEMMALAMATTOM | 37,900.00 | 4275 | 8.87 |
| CHEMPILAVU | 1,100.00 | 668 | 1.65 |
| CHENNAD | 5,000.00 | 1416 | 3.53 |
| CHERPUNKAL | 25,000.00 | 4500 | 5.56 |
| CHETTUTHODU | 9,718.00 | 803 | 12.10 |
| CHITTAR | 3,500.00 | 1384 | 2.53 |
| CHOLATHADAM | 500.00 | 560 | 0.89 |
| CHOONDACHERY | 3,000.00 | 598 | 5.02 |
| EDADU | - | 230 | - |
| EDAMARUKU | 15,856.00 | 1385 | 11.45 |
| EDAPPADY | - | 1130 | - |
| ELAMTHOTTAM | 10,000.00 | 1582 | 6.32 |
| ELANJI FORANE | 30,000.00 | 4238 | 7.08 |

| | | | |
|---|---|---|---|
| ELAPPALLY | 650.00 | 268 | 2.43 |
| ERAVIMANGALAM | 950.00 | 820 | 1.16 |
| EZHACHERRY | - | 1000 | - |
| FATHIMAPURAM | 10,000.00 | 1300 | 7.69 |
| GAGULTHA | 4,490.00 | 826 | 5.44 |
| GEOVALLEY | 10,200.00 | 1460 | 6.99 |
| IDAMATTOM | 8,000.00 | 1232 | 6.49 |
| JAIGIRI | - | 1375 | - |
| JOSE MOUNT | 850.00 | 368 | 2.31 |
| JOSEGIRI | 5,000.00 | 928 | 5.39 |
| KADANAD | 10,000.00 | 3318 | 3.01 |
| KADAPLAMATTOM | 12,000.00 | 2680 | 4.48 |
| KADUTHURUTHY | - | 4525 | - |
| KAIPPALLY | - | 773 | - |
| KAKKOOR | - | 2255 | - |
| KAKOMBU | 2,000.00 | 692 | 2.89 |
| KALATHOOKADAVU | 11,000.00 | 1375 | 8.00 |
| KALATHOOR | - | 3004 | - |
| KALIKAVU | 18,400.00 | 1950 | 9.44 |
| KANJIRAMATTOM | 15,000.00 | 2514 | 5.97 |
| KANJIRATHANAM | 5,300.00 | 3150 | 1.68 |
| KARIMPANI | 1,000.00 | 1107 | 0.90 |
| KAROOR | - | 1496 | - |
| KATTAMPAK | 4,000.00 | 750 | 5.33 |
| KAVALY | 2,000.00 | 302 | 6.62 |
| KAVEEKUNNU | 2,500.00 | 1230 | 2.03 |
| KAVUMKANDAM | 4,000.00 | 1061 | 3.77 |
| KAYYOOR | - | 881 | - |
| KEEZHOOR | - | 1350 | - |
| KIZHAPARAYAR | 7,073.00 | 884 | 8.00 |
| KIZHATHADIYOOR | 60,440.00 | 1031 | 58.62 |

| | | | |
|---|---|---|---|
| KONDAD | 1,400.00 | 1410 | 0.99 |
| KOODALLOOR | 5,000.00 | 3550 | 1.41 |
| KOOTHATTUKULAM | 15,000.00 | 1619 | 9.26 |
| KOOTTIKAL | - | 1400 | - |
| KOTHANALLOOR | 32,000.00 | 3860 | 8.29 |
| KOZHUVANAL | 35,259.00 | 3416 | 10.32 |
| KUDAKKACHIRA | 15,440.00 | 1665 | 9.27 |
| KUDAYATHOOR | 2,000.00 | 2724 | 0.73 |
| KULAMAVU | - | 734 | - |
| KUNNONNY | 6,000.00 | 1116 | 5.38 |
| KURAVILANGAD | 59,370.00 | 13575 | 4.37 |
| KURICHITHANAM | 13,020.00 | 2456 | 5.30 |
| KURINJI | 6,500.00 | 1097 | 5.93 |
| KURUMANNU | 14,040.00 | 1288 | 10.90 |
| KURUVINAL | 11,000.00 | 1044 | 10.54 |
| LALAM NEW PALAI | 17,495.00 | 1746 | 10.02 |
| LALAM OLD PALAI | 16,833.00 | 4564 | 3.69 |
| LOURDES MOUNT | 1,000.00 | 147 | 6.80 |
| MALAPURAM | 2,000.00 | 1292 | 1.55 |
| MALAYINCHIPARA | 1,500.00 | 1438 | 1.04 |
| MALLIKASSERY | 4,000.00 | 1020 | 3.92 |
| MANALUMKAL | 6,500.00 | 1696 | 3.83 |
| MANATHOOR | 7,100.00 | 2080 | 3.41 |
| MANGALAGIRI | 3,500.00 | 542 | 6.46 |
| MANGALARAM | 10,000.00 | 1525 | 6.56 |
| MANIAMKULAM | - | 823 | - |
| MANIAMKUNNU | 1,200.00 | 1301 | 0.92 |
| MANJAMATTOM | 3,457.00 | 1035 | 3.34 |
| MANNACKANAD | 8,000.00 | 2142 | 3.73 |
| MANNAR | 26,214.00 | 1529 | 17.14 |
| MANNARAPPARA | 28,962.00 | 5395 | 5.37 |

| | | | |
|---|---|---|---|
| MANVETTOM | - | 4130 | - |
| MARANGATTUPALLY | 21,670.00 | 3150 | 6.88 |
| MARANGOLY | 5,434.00 | 1825 | 2.98 |
| MARYLAND | 3000.00 | 1274 | 2.35 |
| MATTAKKARA | 8,000.00 | 1368 | 5.85 |
| MAVADY | - | 680 | - |
| MEENACHIL | - | 2029 | - |
| MELUKAVUMATTOM | 1,500.00 | 3230 | 0.46 |
| MEVADA | 10,000.00 | 1075 | 9.30 |
| MONIPPALLY | 20,000.00 | 3213 | 6.22 |
| MOOLAMATTOM | 12,690.00 | 2932 | 4.33 |
| MOONNANI | - | 816 | - |
| MOONNILAVU | 21,034.00 | 1679 | 12.53 |
| MOOZHOOR | 10,000.00 | 2034 | 4.92 |
| MULAKULAM | - | 1295 | - |
| MUNDANKAL | 20,000.00 | 1620 | 12.35 |
| MUTHOLAPURAM | 20,000.00 | 2870 | 6.97 |
| MUTHOLY | 15,000.00 | 1145 | 13.10 |
| MUTTUCHIRA | 35,015.00 | 7560 | 4.63 |
| NAMBIAKULAM | 7,000.00 | 1651 | 4.24 |
| NARIANGANAM | 15,000.00 | 915 | 16.39 |
| NEELOOR | 20,000.00 | 2439 | 8.20 |
| NEERANTHANAM | 30,139.00 | 1610 | 18.72 |
| NELLAPPARA | 2,800.00 | 237 | 11.81 |
| NELLIANI | 10,000.00 | 566 | 17.67 |
| PADUVA | 8,705.00 | 1300 | 6.70 |
| PAIKA | 25,000.00 | 3258 | 7.67 |
| PAINGALAM | 8,500.00 | 1425 | 5.96 |
| PALAI CATHEDRAL | 48,000.00 | 6671 | 7.20 |
| PALAKAD | 8,500.00 | 1089 | 7.81 |
| PALAKATTUMALA | 1,200.00 | 857 | 1.40 |

| | | | |
|---|---|---|---|
| PALAYAM | 1,000.00 | 1251 | 0.80 |
| PARATHANAM | - | 1660 | - |
| PAYYANITHOTTAM | 2,000.00 | 760 | 2.63 |
| PERIAPURAM | 5,150.00 | 1217 | 4.23 |
| PERINGULAM | 10,000.00 | 1928 | 5.19 |
| PERUMTHURUTH | - | 730 | - |
| PIRAVOM | 5,000.00 | 2563 | 1.95 |
| PIUSMOUNT | - | 942 | - |
| PIZHAKU(URUMPUKAVU) | 5,000.00 | 1185 | 4.22 |
| PLASSANAL | 35,555.00 | 2350 | 15.13 |
| POONJAR | 10,000.00 | 4300 | 2.33 |
| POOVAKULAM | 1,800.00 | 572 | 3.15 |
| POOVARANY | 11,770.00 | 3129 | 3.76 |
| POOVATHODU | 3,500.00 | 1526 | 2.29 |
| POOZHIKKOL | 21,508.00 | 1282 | 16.78 |
| PRAVITHANAM | 16,370.00 | 3633 | 4.51 |
| RAMAPURAM | - | 11600 | - |
| RETNAGIRI | 26,700.00 | 5300 | 5.04 |
| SANTHIGIRI | - | 752 | - |
| SANTHIPURAM | 2,000.00 | 1047 | 1.91 |
| SIBIGIRI | - | 1650 | - |
| SLEEVAPURAM | 4,500.00 | 1194 | 3.77 |
| TEEKOY | 17,500.00 | 3200 | 5.47 |
| THAKADI | 600.00 | 95 | 6.32 |
| THIDANAD | 23,000.00 | 3220 | 7.14 |
| THIRUMARADY | - | 401 | - |
| THODANAL | - | 1247 | - |
| THUDANGANAD | 8,350.00 | 2251 | 3.71 |
| THURUTHIPALLY | 10,100.00 | 2208 | 4.57 |
| UDAYAGIRI | 5,000.00 | 992 | 5.04 |
| ULLANAD | 10,026.00 | 1748 | 5.74 |

| | | | |
|---|---|---|---|
| URULIKUNNAM | 8,000.00 | 1037 | 7.71 |
| VADAKARA | 10,635.00 | 1843 | 5.77 |
| VAGAMON | 1,735.00 | 585 | 2.97 |
| VAKAKKAD | - | 1063 | - |
| VAKKAD | 1,000.00 | 871 | 1.15 |
| VALACHIRA | - | 1150 | - |
| VALAVOOR | 9,000.00 | 1498 | 6.01 |
| VARIANIKKAD | 1,350.00 | 552 | 2.45 |
| VAYALA | - | 1607 | - |
| VEDAGIRI | - | 1203 | - |
| VELANILAM | 8,881.00 | 925 | 9.60 |
| VELLIAMATTOM | - | 2500 | - |
| VELLIKULAM | 3,000.00 | 1210 | 2.48 |
| VEZHANGANAM | 750.00 | 631 | 1.19 |
| VILAKUMADAM | 20,000.00 | 2019 | 9.91 |
| VIMALAGIRI | 450.00 | 400 | 1.13 |
| XAVIERPURAM | 3,000.00 | 1206 | 2.49 |
| YENTHAYAR | 14,000.00 | 2300 | 6.09 |
| KALLORKULAM CHAPEL | 3,180.00 | - | - |
| VALAKATTU KUNNU CHAPEL | 1,500.00 | - | - |
| MAR APHREM PRIEST HOME PALA | 10,200.00 | - | - |
| SRA CONVENT KAVALY | 1,000.00 | - | - |
| HOLY GHOST MISSION HOSPITAL MUTTUCHIRA | 55,000.00 | - | - |
| MARIAN MEDICAL CENTRE PALA | 15,001.00 | - | - |
| MAR APREM SEMINARY PALA | 13,000.00 | - | - |
| GOOD SHEPHERD MINOR SEMINARY KAROOR | 15,600.00 | - | - |
| ST.MARYS HIGHER SECONDARY SCHOOL PALA | 15,000.00 | - | - |
| ST.MARYS HS PALA | 10,000.00 | - | - |
| ST.MARYS LP SCHOOL PALA | 7,000.00 | - | - |

## PRIZE LIST FOR DIOCESAN COLLECTIONS AND MISSION COLLECTION

**General Collection- Highest Yearly Collection**

1st Palai Cathedral

2nd Kuravilangadu

**General Collection- Highest Yearly Per Capita**

1st Kizhathadiyoor

2nd Lalam New

**Mission Sunday- Highest Collection**

1st Aruvithura

2nd Kizhathadiyoor

**Mission Sunday- Highest Per Capta Collection**

1st Kizhathadiyoor

2nd Neeranthanam

### INSTITUTIONS

**Hospitals**

1st Holy Ghost Mission Hospital, Muttuchira

2nd Marian Medical Center, Pala

**Higher Secondary Schools**

1st St Mary's HSS Lalam Pala

**High Schools**

1st St Mary's HS Lalam Pala

**L.P. Schools**

1st St Mary's LPS Lalam Pala

**Seminary**

1st GSM Seminary Pala

2nd Mar Aprem Seminary Pala

**Priest Home**

1st Mar Aprem Priest Home Pala

---

NB: മിഷൻ ചൈതന്യത്തോടെ ആത്മാർത്ഥമായി സംഭാവന നൽകിയ എല്ലാവർക്കും നന്ദി പറയുന്നു. സമ്മാനാർഹരെ പ്രത്യേകം അഭിനന്ദിക്കുന്നു.

സമ്മാനങ്ങൾ 2024 ജനുവരി 26-ാം ഉച്ചകഴിഞ്ഞ് 2.30 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുന്ന സമ്മേളനത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്.

# COLLECTION LIST 2023

| Sl. No. | Parishes | MISSION SUNDAY | PALA CARITAS |
|---|---|---|---|
| 1 | ADIVARAM | - | - |
| 2 | ADUKAM | 1,000.00 | 250.00 |
| 3 | AIMCOMBU | 8,000.00 | 3,000.00 |
| 4 | ALPHONSAGIRI | 600.00 | 500.00 |
| 5 | ALPHONSAPURAM | - | 500.00 |
| 6 | AMPARANIRAPPEL | 13,820.00 | - |
| 7 | ANTHIALAM | 9,000.00 | 14,000.00 |
| 8 | ANTHINADU | 4,000.00 | 4,000.00 |
| 9 | ARAKULAM NEW | 16,370.00 | 11,292.00 |
| 10 | ARAKULAM OLD | - | - |
| 11 | ARUNAPURAM | 21,000.00 | 14,000.00 |
| 12 | ARUNOOTTIMANGALAM | 18,044.00 | 14,126.00 |
| 13 | ARUVITHURA | 68,165.00 | 19,500.00 |
| 14 | AYYAMPARA | - | - |
| 15 | BHARANANGANAM FORANE | 45,000.00 | - |
| 16 | CHAKKAMPUZHA | 10,814.00 | 14,297.00 |
| 17 | CHEMMALAMATTAM | 37,900.00 | 9,200.00 |
| 18 | CHEMPILAVU | 1,100.00 | 600.00 |
| 19 | CHENNAD | 5,000.00 | - |
| 20 | CHERPUMKAL FORANE | 25,000.00 | 18,000.00 |
| 21 | CHETTUTHODU | 9,718.00 | 4,500.00 |
| 22 | CHITTAR | 3,500.00 | 2,000.00 |
| 23 | CHOLATHADAM | 500.00 | 500.00 |
| 24 | CHOONDACHERY | 3,000.00 | 1,500.00 |
| 25 | EDADU | - | - |
| 26 | EDAMARUKU | 15,856.00 | 2,300.00 |
| 27 | EDAPPADY | - | - |
| 28 | ELAMTHOTTAM | 10,000.00 | 7,500.00 |
| 29 | ELANJI FORANE | 30,000.00 | 12,000.00 |
| 30 | ELAPPALLY | 650.00 | 850.00 |

| | | | |
|---|---|---|---|
| 31 | ERAVIMANGALAM | 950.00 | 460.00 |
| 32 | EZHACHERRY | - | - |
| 33 | FATHIMAPURAM | 10,000.00 | 1,500.00 |
| 34 | GAGULTHA | 4,490.00 | 500.00 |
| 35 | GEOVALLY | 10,200.00 | 7,100.00 |
| 36 | IDAMATTAM | 8,000.00 | 3,000.00 |
| 37 | JAIGIRI | - | - |
| 38 | JOSE MOUNT | 850.00 | 900.00 |
| 39 | JOSEGIRI | 5,000.00 | 5,000.00 |
| 40 | KADANAD | 10,000.00 | 15,000.00 |
| 41 | KADAPLAMATTAM | 12,000.00 | 8,000.00 |
| 42 | KADUTHURUTHY | - | - |
| 43 | KAIPPALLY | - | - |
| 44 | KAKKOOR | - | - |
| 45 | KAKOMBU | 2,000.00 | 2,000.00 |
| 46 | KALATHOOKADAVU | 11,000.00 | 8,000.00 |
| 47 | KALATHOOR | - | - |
| 48 | KALIKAVU | 18,400.00 | 13,340.00 |
| 49 | KANJIRAMATTAM | 15,000.00 | 11,000.00 |
| 50 | KANJIRATHANAM | 5,300.00 | 5,200.00 |
| 51 | KARIMPANY | 1,000.00 | 1,000.00 |
| 52 | KAROOR | - | - |
| 53 | KATTAMPAK | 4,000.00 | 700.00 |
| 54 | KAVALY | 2,000.00 | 1,500.00 |
| 55 | KAVEEKUNNU | 2,500.00 | 1,500.00 |
| 56 | KAVUMKANDAM | 4,000.00 | 5,000.00 |
| 57 | KAYYOOR | - | - |
| 58 | KEEZHOOR | - | - |
| 59 | KIZHAPARAYAR | 7,073.00 | 3,000.00 |
| 60 | KIZHATHADIYOOR | 60,440.00 | 13,355.00 |
| 61 | KONDAD | 1,400.00 | 800.00 |
| 62 | KOODALLOOR | 5,000.00 | 5,000.00 |
| 63 | KOOTHATTUKULAM | 15,000.00 | 12,000.00 |
| 64 | KOOTTIKAL | - | - |

| | | | |
|---|---|---|---|
| 65 | KOTHANALLOOR | 32,000.00 | 25,000.00 |
| 66 | KOZHUVANAL | 35,259.00 | - |
| 67 | KUDAKKACHIRA | 15,440.00 | 15,880.00 |
| 68 | KUDAYATHOOR | 2,000.00 | 1,200.00 |
| 69 | KULAMAVU | - | - |
| 70 | KUNNONNI | 6,000.00 | 15,000.00 |
| 71 | KURAVILANGAD | 59,370.00 | - |
| 72 | KURICHITHANAM | 13,020.00 | 10,444.00 |
| 73 | KURINJI | 6,500.00 | - |
| 74 | KURUMANNU | 14,040.00 | 3,000.00 |
| 75 | KURUVINAL | 11,000.00 | 14,000.00 |
| 76 | LALAM NEW PALAI | 17,495.00 | 17,304.00 |
| 77 | LALAM OLD PALAI | 16,833.00 | 19,000.00 |
| 78 | LOURDES MOUNT | 1,000.00 | - |
| 79 | MALAPURAM | 2,000.00 | 2,500.00 |
| 80 | MALAYINCHIPARA | 1,500.00 | 1,300.00 |
| 81 | MALLIKASSERY | 4,000.00 | 3,000.00 |
| 82 | MANALUMKAL | 6,500.00 | 3,000.00 |
| 83 | MANATHOOR | 7,100.00 | 1,000.00 |
| 84 | MANGALAGIRI | 3,500.00 | - |
| 85 | MANGALARAM | 10,000.00 | 3,000.00 |
| 86 | MANIAMKULAM | - | - |
| 87 | MANIAMKUNNU | 1,200.00 | 1,200.00 |
| 88 | MANJAMATTAM | 3,457.00 | 1,456.00 |
| 89 | MANNACKANAD | 8,000.00 | 7,000.00 |
| 90 | MANNAR | 26,214.00 | 12,064.00 |
| 91 | MANNARAPPARA | 28,962.00 | 11,000.00 |
| 92 | MANVETTAM | - | - |
| 93 | MARANGATTUPALLY | 21,670.00 | 10,340.00 |
| 94 | MARANGOLY | 5,434.00 | 5,182.00 |
| 95 | MARYLAND | - | - |
| 96 | MATTAKKARA | 8,000.00 | 1,500.00 |
| 97 | MAVADY | - | - |
| 98 | MEENACHIL | - | 5,100.00 |

| | | | |
|---|---|---|---|
| 99 | MELUKAVUMATTAM | 1,500.00 | 1,500.00 |
| 100 | MEVIDA | 10,000.00 | - |
| 101 | MONIPPALLY | 20,000.00 | 12,000.00 |
| 102 | MOOLAMATTAM | 12,690.00 | 15,000.00 |
| 103 | MOONNANI | - | - |
| 104 | MOONNILAVU | 21,034.00 | - |
| 105 | MOOZHOOR | 10,000.00 | 20,000.00 |
| 106 | MULAKULAM | - | - |
| 107 | MUNDANKAL | 20,000.00 | 10,000.00 |
| 108 | MUTHOLAPURAM | 20,000.00 | 5,000.00 |
| 109 | MUTHOLY | 15,000.00 | - |
| 110 | MUTTUCHIRA FORANE | 35,015.00 | 4,775.00 |
| 111 | NAMBIAKULAM | 7,000.00 | 2,000.00 |
| 112 | NARIANGANAM | 15,000.00 | 10,000.00 |
| 113 | NEELOOR | 20,000.00 | 12,000.00 |
| 114 | NEERANTHANAM | 30,139.00 | 11,500.00 |
| 115 | NELLAPPARA | 2,800.00 | 1,500.00 |
| 116 | NELLIANI | 10,000.00 | 5,000.00 |
| 117 | PADUVA | 8,705.00 | 9,332.00 |
| 118 | PAIKA | 25,000.00 | 2,000.00 |
| 119 | PAINGULAM | 8,500.00 | 11,000.00 |
| 120 | PALAI CATHEDRAL | 48,000.00 | 40,000.00 |
| 121 | PALAKAD | 8,500.00 | - |
| 122 | PALAKATTUMALA | 1,200.00 | 700.00 |
| 123 | PALAYAM | 1,000.00 | 5,150.00 |
| 124 | PARATHANAM | - | - |
| 125 | PAYYANITHOTTAM | 2,000.00 | 1,000.00 |
| 126 | PERIAPURAM | 5,150.00 | 6,050.00 |
| 127 | PERINGULAM | 10,000.00 | 6,000.00 |
| 128 | PERUMTHURUTH | - | - |
| 129 | PIRAVOM | 5,000.00 | 2,585.00 |
| 130 | PIUSMOUNT | - | - |
| 131 | PIZHAKU(URUMPUKAVU) | 5,000.00 | 3,000.00 |
| 132 | PLASSANAL | 35,555.00 | - |

| | | | |
|---|---|---|---|
| 133 | POONJAR | 10,000.00 | 7,000.00 |
| 134 | POOVAKULAM | 1,800.00 | 700.00 |
| 135 | POOVARANY | 11,770.00 | 11,200.00 |
| 136 | POOVATHODU | 3,500.00 | 2,500.00 |
| 137 | POOZHIKOL | 21,508.00 | 7,055.00 |
| 138 | PRAVITHANAM | 16,370.00 | 16,510.00 |
| 139 | RAMAPURAM | - | - |
| 140 | RATNAGIRI | 26,700.00 | 28,000.00 |
| 141 | SANTHIGIRI | - | - |
| 142 | SANTHIPURAM | 2,000.00 | 2,000.00 |
| 143 | SIBIGIRI | - | - |
| 144 | SLIVAPURAM | 4,500.00 | 2,500.00 |
| 145 | TEEKOY | 17,500.00 | 24,800.00 |
| 146 | THAKADI | 600.00 | 500.00 |
| 147 | THIDANAD | 23,000.00 | 2,500.00 |
| 148 | THIRUMARADY | - | - |
| 149 | THODANAL | - | - |
| 150 | THUDANGANAD FORANE | 8,350.00 | 1,275.00 |
| 151 | THURUTHIPALLY | 10,100.00 | 13,200.00 |
| 152 | UDAYAGIRI | 5,000.00 | 3,800.00 |
| 153 | ULLANAD | 10,026.00 | 15,043.00 |
| 154 | URULIKUNNAM | 8,000.00 | 4,000.00 |
| 155 | VADAKARA | 10,635.00 | 1,500.00 |
| 156 | VAGAMON | 1,735.00 | 560.00 |
| 157 | VAKAKKAD | - | - |
| 158 | VAKKAD | 1,000.00 | 1,000.00 |
| 159 | VALACHIRA | - | - |
| 160 | VALAVOOR | 9,000.00 | 6,640.00 |
| 161 | VARIANIKKAD | 1,350.00 | 850.00 |
| 162 | VAYALA | - | - |
| 163 | VEDAGIRI | - | 2,000.00 |
| 164 | VELANILAM | 8,881.00 | 500.00 |
| 165 | VELLIAMATTAM | - | - |
| 166 | VELLIKULAM | 3,000.00 | 3,000.00 |

| | | | |
|---|---|---|---|
| 167 | VEZHAGANAM | 750.00 | 1,000.00 |
| 168 | VILAKUMADAM | 20,000.00 | 3,500.00 |
| 169 | VIMALAGIRI | 450.00 | 500.00 |
| 170 | XAVIERPURAM | 3,000.00 | 13,500.00 |
| 171 | YENTHAYAR | 14,000.00 | 11,000.00 |
| | **INSTITUTIONS** | | |
| 172 | KALLORKULAM CHAPEL | 3,180.00 | - |
| 173 | VALAKATTU KUNNU CHAPEL | 1,500.00 | - |
| 174 | MAR APHREM PRIEST HOME PALA | 10,200.00 | - |
| 175 | SRA CONVENT KAVALY | 1,000.00 | - |
| 176 | HOLY GHOST MISSION HOSPITAL MUTTUCHIRA | 55,000.00 | - |
| 177 | MARIAN MEDICAL CENTRE PALA | 15,001.00 | - |
| 178 | MAR APREM SEMINARY PALA | 13,000.00 | - |
| 179 | ST. MARYS HIGHER SECONDARY SCHOOL PALA | 15,000.00 | - |
| 180 | GOOD SHEPHERD MINOR SEMINARY KAROOR | 15,600.00 | - |
| 181 | ST. MARYS HS PALA | 10,000.00 | - |
| 182 | ST.MARYS LP SCHOOL PALA | 7,000.00 | - |

## അറിയിപ്പ്

സാന്ത്വനപ്രകാശത്തിന്റെ കുടിശ്ശിക അടച്ചുതീർക്കാനുള്ളവർ എത്രയും വേഗം അതു ചെയ്യുമല്ലോ.

*ഫാ. പ്രൊക്യുറേറ്റർ*

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1 | ലീനാ ആന്റണി, കൂത്താട്ടുകുളം | 25,000.00 | |
| 2 | അമ്മിണി കുഞ്ഞപ്പൻ, ഉദയഗിരി | 25,000.00 | |
| 3 | ജോസ്, വെള്ളിയാമറ്റം | 50,000.00 | |
| 4 | മിനി, വെള്ളിയാമറ്റം | 25,000.00 | |
| 5 | മേരി ജോൺ, പൂവത്തോട് | 30,000.00 | |
| 6 | ജോർജ് വർഗ്ഗീസ്, ഇളംതോട്ടം | 100,000.00 | |
| 7 | ബിജു ചാക്കോ, പാദുവാ | 50,000.00 | |
| 8 | സിബി, പിഴക് | 40,000.00 | |
| 9 | സിജു, കൈയ്യൂർ | 30,000.00 | |
| 10 | റ്റി.എ. ജോണി, ഉള്ളനാട് | 30,000.00 | |
| 11 | ലിസി ഡേവിസ്, കൂട്ടിക്കൽ | 400,000.00 | |
| 12 | സുനിൽ സെബാസ്റ്റ്യൻ, തിടനാട് | 400,000.00 | |
| 13 | തെയ്യാമ്മ ജോൺ, പ്രവിത്താനം | 400,000.00 | |
| 14 | തോമസ്, മീനച്ചിൽ | | 1,150,000.00 |
| 15 | സരസു, മീനച്ചിൽ | | 47,000.00 |
| 16 | ബാബു, മടത്തിപ്പറമ്പിൽ | | 411,970.00 |
| 17 | ജോർജ്, പാലാ കത്തീഡ്രൽ | | 141,035.00 |
| 18 | ലില്ലി, പാലാ കത്തീഡ്രൽ | | 328,745.00 |
| 19 | ആന്റണി, പാലാ കത്തീഡ്രൽ | | 12,000.00 |
| 20 | ബേബി, പാലാ കത്തീഡ്രൽ | | 54,436.00 |
| 21 | മറിയാമ്മ, പാലാ കത്തീഡ്രൽ | | 55,300.00 |
| 22 | അൽഫോൻസാ, പാലാ കത്തീഡ്രൽ | | 124,990.00 |
| 23 | എൽസി, പാലാ കത്തീഡ്രൽ | | 43,500.00 |
| 24 | ജിനോയി, പാലാ കത്തീഡ്രൽ | | 55,500.00 |
| 25 | രാധാമണി ചന്ദ്രൻ, പാലാ കത്തീഡ്രൽ | | 64,533.00 |
| 26 | പ്രഭാകരൻ, പാലാ കത്തീഡ്രൽ | | 68,840.00 |
| 27 | സ്വപ്ന, പാലാ കത്തീഡ്രൽ | | 329,800.00 |
| 28 | ലീനാ, പാലാ കത്തീഡ്രൽ | | 142,300.00 |
| 29 | കുഞ്ഞുമോൻ, പാലാ കത്തീഡ്രൽ | | 64,290.00 |
| 30 | വിജി ജോസഫ്, പാലാ കത്തീഡ്രൽ – Vincent De Paul | | 833,816.00 |
| 31 | ജയിംസ്, പാലാ കത്തീഡ്രൽ – സ്വാശ്രയസംഘം | | 185,000.00 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സസിനായി വാക്ക് – ഇൻ – ഇന്റർവ്യൂ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തിവരുന്നു. ജി. എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ച മൂന്നുമാസം പ്രായമുള്ള കുഞ്ഞിന്റെ ജീവൻ രക്ഷപ്പെടുത്തി.**

ഇടുക്കിയിൽനിന്ന് പാലാ മാർ സ്ലീവാ മെഡിസിറ്റിയിലേക്ക് ആംബുലൻസ് 98 കി. മീറ്റർ ദൂരം ഒന്നേമുക്കാൽ മണിക്കൂറിനുള്ളിൽ പാഞ്ഞെത്തി മൂന്നുമാസംപ്രായമുള്ള കുഞ്ഞിന്റെ ജീവൻ രക്ഷപ്പെടുത്തി. ഇരട്ടയാർ സർവീസ് സഹകരണബാങ്കിന്റെ ആംബുലൻസിലാണ് കട്ടപ്പന കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽനിന്ന് പാലാ മാർ സ്ലീവാ മെഡിസിറ്റിയിലേക്ക് കുഞ്ഞിനെ എത്തിച്ചത്. മാട്ടുക്കട്ട സ്വദേശിയായ ദമ്പതികളുടെ കുഞ്ഞിന് ഗുരുതരരോഗം ഉണ്ടായതിനെതുടർന്നാണ് മാർ സ്ലീവാ മെഡിസിറ്റിയിലെ പീഡിയാട്രിക് ഐസിയുവിലേക്ക് എത്തിച്ചത്. കനത്ത മഴയിലും മഞ്ഞിലും ആംബുലൻസിനു ബ്ലോക്ക് ഒഴിവാക്കി എത്താൻ റൂട്ടിലെ മറ്റ് ആംബുലൻസുകളും സഹായം ഒരുക്കി.

**രോഗിയെ ബോധംകെടുത്താതെ മാർ സ്ലീവാ മെഡിസിറ്റിയിൽ അപൂർവ്വ തലച്ചോർ ശസ്ത്രക്രിയ നടത്തി.**

ബ്രെയിൻ ട്യൂമർ ബാധിച്ചു ഗുരുതരാവസ്ഥയിലായിരുന്ന കർഷകന്റെ തലയിലെ മുഴ ഉണർത്തിക്കിടത്തിയുള്ള ശസ്ത്രക്രിയയിലൂടെ (ന്യൂറോ മോണിറ്ററിങ് സംവിധാനത്തോടെയുള്ള അവേക്ക് ക്രനിയോട്ടമി) പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ നീക്കം ചെയ്തു.

ഇടുക്കി മാവടി സ്വദേശിയായ അമ്പത്തൊന്നുകാരനെയാണ് ഈ അപൂർവ്വ ശസ്ത്രക്രിയയ്ക്കു വിധേയനാക്കിയത്. തലച്ചോറിന്റെ വലതു ഭാഗത്തായിരുന്നു അപകടകരമായ രീതിയിൽ മുഴ വളർന്നുവന്നത്. കൈകാലുകൾ, സംസാരശേഷി എന്നിവ നിയന്ത്രിക്കുന്ന തലച്ചോറിന്റെ ഭാഗത്തേക്കും മുഴ പടർന്നുപിടിച്ചിരുന്നു. ശസ്ത്രക്രിയയ്ക്കു ഇടയിൽ ഈ ഭാഗത്ത് ക്ഷതം ഉണ്ടാകാതെ ശസ്ത്രക്രിയ നടത്തണം എന്ന വെല്ലുവിളിയായിരുന്നു ഡോക്ടർമാർക്കുമുന്നിൽ ഉണ്ടായിരുന്നത്. ഇതിനാലാണ് സൂഷ്മതയോടെ ചെയ്യേണ്ട അവേക്ക് ക്രനിയോട്ടമി ശസ്ത്രക്രിയ ഡോക്ടർമാർ നിർദേശിച്ചത്. ബോധത്തിൽ ആയിരുന്ന രോഗിയുടെ കണ്ണുകളുടെ ഭാഗത്തുനിന്ന് കാഴ്ച മറച്ച ശേഷം വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ശസ്ത്രക്രിയ ആരംഭിച്ചു. ഇതേസമയത്തു രോഗി നഴ്സുമാർ ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടി നൽകി സംസാരിച്ചുകൊണ്ടിരുന്നു. കൈകാലുകളും ചലിപ്പിച്ചുകൊണ്ടിരുന്നു. നാലു മണിക്കൂർകൊണ്ട് സങ്കീർണ്ണമായ ശസ്ത്രക്രിയ പൂർത്തിയായി. മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ ആദ്യത്തെ അവേക്ക് ക്രനിയോട്ടമി ശസ്ത്രക്രിയയാണിത്. ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ശ്യാം ബാലസുബ്രഹ്മണ്യൻ, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. ടോം ജോസ്, അനസ്തേഷ്യോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അജയ് പിള്ള, കൺസൾട്ടന്റ് ഡോ. ശിവാനി ബക്ഷി എന്നിവരുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ.

**മാർ സ്ലീവാ മെഡിസിറ്റിയിൽ താലോലം പരിപാടിക്കു തുടക്കമായി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാതൃത്വത്തിന്റെ മനോഹാരിതയുമായി താലോലം എന്ന പരിപാടിക്കു തുടക്കമായി. ഗർഭകാലപരിചരണത്തെകുറിച്ചു അറിവുപകരുന്ന തുടർപരിപാടി മാതാപിതാക്കൾക്കു നവ്യാനുഭവമായി. പങ്കെടുത്തവർക്കു ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. അജിതകുമാരി, ഡോ. ടി. ഗീത, ഡോ. പാർവതി ദാസ്, നിയനറ്റോളജി വിഭാഗം കൺസൾട്ടന്റ് ഡോ. അനിൽ നാരായണൻ, പീഡിയാ

ട്രിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സിസ്റ്റർ ജ്യോതിസ് ജെയിംസ് എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഇ.സി.എച്ച്.എസ്. ആരംഭിച്ചു.**

എക്സ് സർവീസ് ഉദ്യോഗസ്ഥർക്കായി പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ എക്സ് സർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം (ഇ.സി.എച്ച്.എസ്) ആരംഭിച്ചു. ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലേയും ചികിത്സകൾ ഇ.സി.എച്ച്.എസ് പ്രകാരം ലഭ്യമാണ്. ഇതിനായി പ്രത്യേക സൗകര്യങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യനിരക്കിലുള്ള മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പദ്ധതി 'ചുവട്' ആരംഭിച്ചു.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യനിരക്കിൽ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പദ്ധതി 'ചുവട്' ആരംഭിച്ചു. പേട്രൺസ് കെയർ ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ചു അർഹരായ 200 പേർക്കു സൗജന്യനിരക്കിൽ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്തുനൽകുന്ന പദ്ധതിയാണ് ചുവട്. ഒരു കാൽ മുട്ടിനു 1.25 ലക്ഷം രൂപയും, രണ്ടു കാൽമുട്ടിനു 1.95 ലക്ഷം രൂപയും പ്രത്യേക പാക്കേജായി ക്രമീകരിച്ചിട്ടുണ്ട്. അർഹരായവരെ നിബന്ധനകൾക്കു വിധേയമായാണ് തിരഞ്ഞെടുക്കുക. വിശദവിവരങ്ങൾക്കു ഫോൺ നമ്പർ - 918895 2795.

**സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ആയുഷ് വകുപ്പിനു കീഴിൽ അഖില കേരള ബാലജനസഖ്യം കാഞ്ഞിരപ്പള്ളി യൂണിയനുമായി സഹകരിച്ച് പാറത്തോട് ഗ്രേസി മെമ്മോറിയൽ സ്കൂളിൽ ആയുർവേദ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസ്സും നടത്തി. മാർ സ്ലീവാ മെഡിസിറ്റി ആയുർവേദവിഭാഗം കൺസൾട്ടന്റ് ഡോ.പൂജ ടി. അമൽ ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക പി.ജി. ദീപ, ബാലജനസഖ്യം യൂണിയൻ രക്ഷാധികാരി ആൻസമ്മ തോമസ് എന്നിവർ പ്രസംഗിച്ചു.

**കാൻസർ ബോധവത്കരണ ക്ലാസ്സ് നടത്തി.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ മാതൃപിതൃവേദിയു

മായി സഹകരിച്ച് കാൻസർ ബോധവത്കരണക്ലാസ്സ് നടത്തി. മാർ സ്ലീവാ മെഡിസിറ്റി ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. റോണി ബെൻസൺ ക്ലാസ്സ് നയിച്ചു. വികാരി ഫാ. ആന്റണി കിഴക്കേവീട്ടിൽ അധ്യക്ഷത വഹിച്ചു.

**കാൻസർ ബോധവത്കരണ ക്ലാസ്സ് നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാമ്പാടി സീനിയർ സിറ്റിസൺ ഫോറവുമായി സഹകരിച്ച് കാൻസർ ബോധവത്കരണ ക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സ് നയിച്ചു. സീനിയർ സിറ്റിസൺ ഫോറം പ്രസിഡന്റ് സി.എസ്. അശോക് കുമാർ അധ്യക്ഷത വഹിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എ.കെ. സി.സി. മരങ്ങാട്ടുപള്ളിയുമായി സഹകരിച്ച് മരങ്ങാട്ടുപള്ളി സെന്റ് ഫ്രാൻസിസ് അസീസി ചർച്ചിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. മാർ സ്ലീവാ മെഡിസിറ്റി കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് പ്രഫ. ഡോ. രാജു ജോർജ്, ഇന്റേണൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ. ശ്രീത ശ്രീനിവാസ്, പൾമണറി വിഭാഗം കൺസൾട്ടന്റ് ഡോ. മെറിൻ യോഹന്നാൻ എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി. എ.കെ.സി.സി. മരങ്ങാട്ടുപള്ളി ഡയറക്ടർ ഫാ. ജോസഫ് ഞാറക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബെന്നി തോട്ടപ്പനാൽ, സെക്രട്ടറി ജിനു കുര്യൻ എന്നിവർ പ്രസംഗിച്ചു.

**സൗജന്യ രക്തപരിശോധനക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ സെന്റർ അരുവിത്തുറയുടെ നേതൃത്വത്തിൽ അരുവിത്തുറ ആർക്കേഡിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളിലെയും മറ്റു സ്ഥാപനങ്ങളിലെയും ജീവനക്കാർക്കായി സൗജന്യ എച്ച്.ബി. എ.വൺ സി. രക്തപരിശോധന ക്യാമ്പ് നടത്തി. എൻഡോക്രൈനോളജി വിഭാഗം കൺസൾട്ടന്റ് ഡോ. അജീഷ് ടി. കൺസൾട്ടന്റ് ഡോ. സംഗീത എസ്. എന്നിവരുടെ നേതൃത്വത്തിൽ സൗജന്യ കൺസൽട്ടേഷനും നടത്തി.

**സൗജന്യ ആയുർവേദ മെഡിക്കൽ ക്യാംപ് നടത്തി.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ആയുഷ് വകുപ്പിനു കീഴിൽ പാമ്പാടി ക്രോസ് റോഡ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി. പ്രിൻസിപ്പൽ ലിൻ ഗബ്രിയേൽ ഉദ്ഘാടനം ചെയ്തു. ആയുർവേദവിഭാഗം കൺസൾട്ടന്റ് ഡോ. പൂജ ടി. അമൽ പരിശോധനയ്ക്കു നേതൃത്വം നൽകി.

**കാൻസർ ബോധവത്കരണ ക്ലാസ്സ് നടത്തി.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സർവീസ് സൊസൈറ്റിയുമായി സഹകരിച്ചു പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കാൻസർ ബോധവത്തരണ ക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സ് നയിച്ചു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം**

ഡിസംബർ മാസത്തിൽ ആയിരക്കണക്കിന് അൽഫോൻസാഭക്തർ വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കു വേണ്ടി 2023 ഡിസംബർ 5 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരിശുദ്ധ കുമ്പസാരവും വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

2023 ഡിസംബർ 30 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ രാത്രിയാരാധന വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു. വൈകുന്നേരം 7.00 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. രാത്രി 11.00 മണിക്ക് സമാപിച്ചു. ബഹു. ജേക്കബ് വെള്ളമരുതുങ്കൽ നേതൃത്വം നൽകി.

**ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാല പ്രദക്ഷിണത്തിനു ഡിസംബർ മാസം നേതൃത്വം നൽകിയ ഇടവകകൾ: മുത്തോലി (02/12/2023), ??? (09/12/2023), (16/12/2023). ജനുവരിമാസം ജപമാല പ്രദക്ഷിണത്തിനു നേതൃത്വം നൽകുന്ന ഇടവകകൾ: ളാലം പുതിയ പള്ളി (13.01.2024) സിബിഗിരി (20.01.2024), അരുണാപുരം (27.01.2024).

**വി. അൽഫോൻസാമ്മയുടെ സന്നിധിയിൽ കൃതജ്ഞതയുമായി പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബിന്റെ ക്യാപ്റ്റൻസ്**

2023 ലെ നെഹ്റു ട്രോഫി ചാമ്പ്യൻസ് ബോട്ട് ലീഗ്, പ്രസിഡന്റ്സ് ട്രോഫി തുടങ്ങിയ മത്സരങ്ങളിൽ വിജയികളായ പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബിന്റെ ക്യാപ്റ്റന്മാരായ അലൻ മൂന്നുതൈക്കലും എയിഡൻ മൂന്നുതൈക്കലും വിശുദ്ധ അൽഫോൻസാമ്മവഴി ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയുവാൻ കൃതജ്ഞതാപൂർവ്വം എത്തി. തങ്ങൾക്ക് ഈ വർഷം ലഭിച്ച എല്ലാ ട്രോഫികളുമായിട്ടാണ് അവർ വിശുദ്ധയുടെ കബറിടത്തിങ്കൽ എത്തിയത്.

**റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2023 -2024**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഡിസംബർ മാസത്തിലെ ക്ലാസ്സുകൾ 09, 29, 30 തീയതികളിൽ നടത്തപ്പെട്ടു. Moral Theology, Sacraments എന്നീ വിഷയങ്ങളെ അധികരിച്ച് ഡോ. ഡൊമിനിക് വെച്ചൂർ, ഫാ. മാത്യു കുമ്പുളുങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ജനുവരിമാസത്തിലെ ക്ലാസുകൾ**

ജനുവരി 02 ചൊവ്വ Church History II അനിൽ മാനുവൽ പുന്നത്താനത്ത്

ജനുവരി 13 ശനി Church History II അനിൽ മാനുവൽ പുന്നത്താനത്ത്

**2. സീറോ മലബാർസഭാതല പ്രതിഭാസംഗമം**

സീറോ മലബാർസഭാതല പ്രതിഭാസംഗമം 2023 ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ചു നടത്തപ്പെട്ടു. പാലാ രൂപതയെ പ്രതിനിധീകരിച്ച് ജോബിൻ ജോജോ വളയത്തിൽ - പാലാ കത്തീഡ്രൽ, ജസ്മോൻ ജെയിംസ് കടൂക്കുന്നേൽ - ചേർപ്പുങ്കൽ, അലീന ജോയ് കവുന്നുകാട്ടിൽ - രാമപുരം, ഷെറിൻ എം. ജോസഫ് മഠത്തിക്കുന്നേൽ - മുട്ടുചിറ എന്നിവർ പങ്കെടുത്തു.

**3. വിശ്വാസപരിശീലന രൂപതാവാർഷികം**

വിശ്വാസപരിശീലന രൂപതാവാർഷികം 2024 ജനുവരി 26-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും ഈ വർഷം നടത്തപ്പെട്ട വിവിധ കലാസാഹിത്യമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ നല്കുന്നതുമാണ്. സമ്മാനാർഹരായ എല്ലാവരും പ്രസ്തുത സമ്മേളനത്തിൽ വന്നു സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷങ്ങൾ പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ഈ സമ്മേളനത്തിൽ ആദരിക്കുന്നതാണ്. രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേസ്കൂളുകൾക്കുള്ള

ട്രോഫികൾ, വിവിധ സ്കോളർഷിപ്പുകൾ നേടിയവർക്കുള്ള സമ്മാനങ്ങൾ എന്നിവയും ഈ വർഷികയോഗത്തിൽ വച്ചു നല്കുന്നതാണ്.

**4. പ്രഥമാധ്യാപകസമ്മേളനം**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ 2-ാമത് പ്രഥമാധ്യാപക സമ്മേളനം 2024 ജനുവരി 26-ാം തീയതി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെയുള്ള സമയത്ത് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെടുന്നതാണ്.

**5. തിരുബാലസഖ്യം ക്വിസ്**

തിരുബാലസഖ്യം സംഘടനയിലെ അംഗങ്ങൾക്കായി നടത്തപ്പെടുന്ന തിരുബാലസഖ്യം ക്വിസ് 2024 ജനുവരി 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടും. മേഖലാതലമത്സരത്തിൽ ആദ്യസ്ഥാനങ്ങളിൽ എത്തുന്ന രണ്ടുപേരാണ് രൂപതാതലമത്സരത്തിൽ പങ്കെടുക്കുന്നത്. തിരുബാലസഖ്യം പഠനഗ്രന്ഥമായ 'വിശുദ്ധ പുഷ്പങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കിയാണ് ക്വിസ് നടത്തുന്നത്.

**6. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്ര രണ്ടാം ടേം പരീക്ഷ**

സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്ര രണ്ടാം ടേം പരീക്ഷ ഹയർസെക്കൻഡറി വിഭാഗത്തിന് ഡിസംബർ 6-ാം തീയതി ബുധനാഴ്ചയും, I മുതൽ X വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ഡിസംബർ 11-ാം തീയതി തിങ്കളാഴ്ചയും നടത്തപ്പെട്ടു.

**7. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ**

സ്കൂൾ സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ 2024 ജനുവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെയും മതബോധനസ്കോളർഷിപ്പ് പരീക്ഷ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയും നാലു കേന്ദ്രങ്ങളിലായി നടത്തപ്പെടുന്നു. പരീക്ഷ നടത്തപ്പെടുന്ന കേന്ദ്രങ്ങൾ: സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്. പാലാ, സെന്റ് ജോർജ് എച്ച്.എസ്. അരുവിത്തുറ, സെന്റ് മേരീസ് ജി.എച്ച്.എസ്. കുറവിലങ്ങാട്, സെന്റ് ജോർജ് യു.പി.എസ്. മൂലമറ്റം.

**8. Question Board Meeting**

വിശ്വാസപരിശീലനത്തിന്റെ രണ്ടാം ടേം പരീക്ഷകൾക്കുള്ള ചോദ്യപ്പേപ്പർ തയ്യാറാക്കുന്നതിനായി രൂപീകരിച്ച Question Board അംഗങ്ങളുടെ മീറ്റിംഗ് 2023 ഡിസംബർ 2-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കി.

**9. സുവാറ 2023**

മംഗലവാർത്തക്കാലത്തിന്റെ ചൈതന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനും 25 നോമ്പ് അനുഷ്ഠാനം പുണ്യപൂരിതമാക്കാനും ഉതകുന്ന രീതിയിൽ തയ്യാറാക്കിയ WhatsApp പോസ്റ്ററുകൾ കുട്ടികൾക്കും വിശ്വാസപരിശീലകർക്കും നല്കി. സുവാറ 2023 എന്ന പേരാണ് ഇവയ്ക്കു നല്കിയത്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. തിരുനാൾ**

ഡിസംബർ 2 ന് വൈകുന്നേരം 6 മണിക്ക് കൊത്തഗൂഡം പള്ളിയിൽ വി. ഫ്രാൻസിസ് സേവിയറിന്റെ തിരുനാൾ ആഘോഷിച്ചു. ഫാ. ബൈജു നെടുമ്പറമ്പിൽ തിരുനാൾ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഫാ. ഫ്രാൻസിസ് മാട്ടേൽ, ഫാ. ജോസഫ് കൂവള്ളൂർ എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് വില്ലേജിലൂടെ പ്രദക്ഷിണം, സ്നേഹവിരുന്ന് എന്നിവ നടത്തി.

**2. പുസ്തകപ്രകാശനം**

ഫാ. മാത്യു പുതിയിടത്തു രചിച്ച 'പാലാ മിഷൻ ആദിലാബാദ്, ദൈവകരുണയുടെ 17 സംവത്സരങ്ങൾ' എന്ന ഗ്രന്ഥം ഡിസംബർ 15 ന് പാലാ രൂപത പ്രസ്ബിത്തേരിയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിലിനു നൽകി പ്രകാശനം ചെയ്തു. വികാരി ജനറാൾ അച്ചന്മാരും ആദിലാബാദിൽ ശുശ്രൂഷ ചെയ്ത അച്ചന്മാരും പ്രകാശനകർമ്മത്തിൽ പങ്കെടുത്തു.

**3. കരോൾ പ്രോഗ്രാം**

16/12 2023. സാമനപ്പള്ളി

17/12. റബേന

18/12. കൊത്തപ്പള്ളി, കുശ്നപ്പള്ളി, മാമടിഘട്ട്.

19/12. മന്നഗൂഡം, ബോഗംപള്ളി, പാട്ടി, മേട്ടുപള്ളി.

20/12. കൊത്തഗൂഡം, ഗുഡിപള്ളി, ഗൊല്ലഗൂഡം, മൈലാരം.

21/12. ഖർജി, ഗോല്ലപ്പള്ളി, മന്നവാഡ, റെഡ്ഢിവാഡ, വെങ്കിട്ടപുരം, ജോഗാപ്പൂർ.

22/12. മഞ്ചേരിയാൽ രൂപതാതല ക്രിസ്തുമസ് പ്രോഗ്രാമുകൾ.

23/12. കോനംപെട്ട, നെന്നൽ, ഗൊല്ലപ്പള്ളി, വെങ്കിട്ടപുരം.

**4. ക്രിസ്തുമസ് പ്രോഗ്രാം**

ഡിസംബർ 24, 25 തീയതികളിലായി വെങ്കിട്ടപുരം, ഗൊല്ലപ്പള്ളി, നെന്നൽ, കൊത്തഗൂഡം, മന്നഗൂഡം, കോനംപെട്ട എന്നിവിടങ്ങളിൽ വി. കുർബാന, സന്ദേശം, കേക്കുവിതരണം, കലാപരിപാടികൾ എന്നിവ നടന്നു.

**5. അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. ബൈബിൾ കലോത്സവം**

റീജണൽ തലത്തിൽ നടത്തപ്പെട്ട ബൈബിൾ കൺവൻഷനിൽ എല്ലാ ഇടവകകളും സജീവമായി പങ്കെടുത്തു. റീജണൽ ക്യാറ്റക്കിസം ഡയറക്ടർ ഫാ. പോൾ പാറപ്പാക്കൽ കലോത്സവത്തിന് നേതൃത്വം നൽകി.

**2. ഒരുക്കധ്യാനം**

a) ക്രിസ്തുമസിനോടനുബന്ധിച്ച് ബറൂച്ച് സെന്റ് തോമസ് പള്ളിയിൽ ഏകദിന ധ്യാനവും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ജോമൽ കപ്പൂച്ചിൻ ധ്യാനം നയിച്ചു.

b) ക്രിസ്തുമസിനോടനുബന്ധിച്ച് അംഗലേശ്വർ സെന്റ് തോമസ് പള്ളിയിൽ ഏകദിനധ്യാനവും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ജോർജ് നെല്ലിക്കൽ ധ്യാനം നയിച്ചു.

C) ക്രിസ്തുമസിനോടനുബന്ധിച്ച് ആനന്ദ് സെന്റ് അൽഫോൻസാ പള്ളിയിൽ ഏകദിനധ്യാനവും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ജോമൽ കപ്പുച്ചിൻ ധ്യാനം നയിച്ചു.

**3. ക്രിസ്തുമസ് കരോൾ**

റീജണിലെ എല്ലാ ഇടവകകളിലും ക്രിസ്തുമസ് കരോൾ നടത്തപ്പെട്ടു. എല്ലാ ഭവനങ്ങളിലും കരോൾ എത്തത്തക്കവിധത്തിലാണ് വികാരിയച്ചന്മാർ കരോൾ ക്രമീകരിച്ചത്.

**4. മാസധ്യാനം**

ഡിസംബർ 14 ന് വൈദികരുടെ മാസധ്യാനം ഓൺലൈനായി നടത്തപ്പെട്ടു.

**5. പിറവിത്തിരുനാൾ**

ഡിസംബർ 24 ഞായറാഴ്ച വൈകിട്ട് 8 മണിക്ക് കരംസദ് ദൈവാലയത്തിലും 25 ഞായറാഴ്ച രാവിലെ 5:30 ആനന്ദ് ദൈവാലയത്തിലും പിറവിത്തിരുനാൾ തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് മുഖ്യ കാർമികത്വം വഹിച്ചു.

**6. അമലോത്ഭവത്തിരുനാൾ ആചരണം**

ഡിസംബർ 8 ന് റീജണിലെ എല്ലാ ഇടവകകളിലും പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവത്തിരുനാൾ ആചരിച്ചു.

**7. റീജണൽ പാസ്റ്ററൽ കൗൺസിൽ**

ഡിസംബർ 27 ന് റീജണൽ പാസ്റ്ററൽ കൗൺസിൽ നടത്തപ്പെട്ടു. അംഗങ്ങൾ എല്ലാവരും അതിൽ സജീവമായി പങ്കെടുത്തു.

**8. റീജണൽ ബിഷപ്സ് & സുപ്പീരിയേഴ്സ് മീറ്റിംഗ്**

റീജണൽ ബിഷപ്സ് & സുപ്പീരിയേഴ്സ് മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവും കോർഡിനേറ്റർ ജനറൽ ഫാ. ജോബി പാലയ്ക്കാത്തടം MST യും പങ്കെടുത്തു.

**9. WRBC Meeting**

വസായിൽ വച്ചു നടന്ന Western Region Bishop's Conference ൽ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പങ്കെടുത്തു

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

---

# മിഷൻലീഗ് വാർത്തകൾ

---

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ഡിസംബർമാസത്തെ എക്സിക്യൂട്ടീവ് യോഗം ഡിസംബർ 6 ഞായറാഴ്ച വൈകുന്നേരം മൂന്നു മണിക്ക്

ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജോ. സെക്രട്ടറി ഷൈനി ജോസഫ് കിണറ്റുകര റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നല്കി. ഡിസംബർ മാസത്തെ വിവിധങ്ങളായ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു.

**കയ്യെഴുത്തുമാസിക പ്രസിദ്ധീകരണമത്സരം**

ചെറുപുഷ്പ മിഷൻലീഗ് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ മേഖല തലത്തിൽ കയ്യെഴുത്തുമാസിക പ്രസിദ്ധീകരണമത്സരം നടത്തി. ശാഖകളെ A,B,C വിഭാഗങ്ങളായി തിരിച്ച്, 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന വിഷയത്തെ ആസ്പദമാക്കിയാണു മത്സരം നടത്തിയത്. മേഖലകളിൽ ഓരോ വിഭാഗത്തിലും ഒന്നാംസ്ഥാനം ലഭിച്ച മാസികകൾ രൂപതാതലത്തിലുള്ള തിരഞ്ഞെടുപ്പിനായി 2023 ഡിസംബർ 31 നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിച്ചു.

**പോസ്റ്റർ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ മേഖലാ തലത്തിൽ പോസ്റ്റർ മത്സരം നടത്തി. ശാഖകളെ A,B,C വിഭാഗങ്ങളായി തിരിച്ച്, 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന വിഷയത്തെ ആസ്പദമാക്കിയാണു മത്സരം നടത്തിയത്. മേഖലകളിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിച്ച പോസ്റ്ററുകൾ രൂപതാതലത്തിലുള്ള തിരഞ്ഞെടുപ്പിനായി 2023 ഡിസംബർ 31-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിച്ചു.

**ജൂണിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 5,6,7,8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ജൂണിയേഴ്സ് ക്യാമ്പ് നടത്തി. 2023 ഡിസംബർ 26, 27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ട ക്യാമ്പിൽ രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി 150 കുട്ടികൾ പങ്കെടുത്തു. ഡോ. അലക്സ് കാവുകാട്ട്, ശ്രീ മനു ചെറുകാട്ടിൽ, ഫാ. മാത്യു പുല്ലുകാലായിൽ, ഡോ. ജോബിൻ ടി. ജോണി, കുമാരി ആൽഫിൽ മരിയ ജോസഫ്, ശ്രീ സജോ ജോയി, ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ശ്രീ ബെന്നി മുത്തനാട്ട് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. രൂപതാഭാരവാഹികൾ ക്യാമ്പിനു നേതൃത്വം നൽകി.

**ദൈവവിളിക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 9,10,11,12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ദൈവവിളിക്യാമ്പ് നടത്തി. 2023 ഡിസംബർ 28,29 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ട ക്യാമ്പിൽ രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി 75 കുട്ടികൾ പങ്കെടുത്തു. ഫാ. തോമസ് വടക്കേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോസഫ് കൈതോലിൽ, ഡോ. ജോബിൻ ടി. ജോണി, ശ്രീ മാത്യു എം. കുര്യാക്കോസ്,

സി. ഡോ. റോസ്മിൻ എസ്.എച്ച്, ഫാ. ജോസഫ് കടുപ്പിൽ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. രൂപതാഭാരവാഹികൾ ക്യാമ്പിനു നേതൃത്വം നൽകി.

**രൂപത മാനേജിംഗ് കമ്മിറ്റി**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ 2023-24 വർഷത്തെ മൂന്നാമത് മാനേജിംഗ് കമ്മിറ്റി 2024 ജനുവരി 21 ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടക്കും. എല്ലാ മേഖലാഭാരവാഹികളും മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുക്കേണ്ടതാണ്.

**വാർഷികവും രൂപതാകൗൺസിലും**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ വാർഷികസമ്മേളനവും രൂപതാകൗൺസിലും 2024 ജനുവരി 28 ഞായറാഴ്ച പ്രവിത്താനം ശാഖയിൽവച്ചു നടക്കും.

**സീറോ മലബാർ പ്രേഷിതവാരാചരണം 2024**

2024 ജനുവരി 6 ദനഹാത്തിരുനാൾ ദിനംമുതലുള്ള ഒരാഴ്ചക്കാലം സീറോ മലബാർ സഭയിൽ പ്രേഷിതവാരമായി ആചരിക്കുകയാണ്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. സഭാമക്കളിൽ പ്രേഷിതചൈതന്യം വർധിപ്പിക്കുന്നതിനും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിനു യോജിച്ച രീതിയിൽ മിഷൻ കേന്ദ്രങ്ങൾക്കു സഹായം ലഭ്യമാക്കുന്നതിനുംവേണ്ടിയാണു സീറോ മലബാർ സഭ പ്രേഷിതവാരം ആചരിക്കുന്നത്. 'ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ' എന്നതാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറാഴ്ചയ്ക്കുവേണ്ടി ഫ്രാൻസിസ് മാർപാപ്പാ തിരഞ്ഞെടുത്ത ചിന്താവിഷയം. പ്രേഷിത വാരാചരണത്തോടനുബന്ധിച്ച് മിഷൻലീഗിന്റെ ശാഖ, മേഖലാതലങ്ങളിൽ താഴെപ്പറയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

- മിഷൻ ഞായർ അനുസ്മരണം നടത്തി സൺഡേ സ്കൂൾ കുട്ടികളെയും മുതിർന്നവരെയും ഉൾപ്പെടുത്തി റാലി സംഘടിപ്പിക്കുക.
- മിഷൻ സ്റ്റേഷനുകൾക്ക് (മിഷൻലീഗ് രൂപത മാർഗ്ഗരേഖയിൽ മിഷൻ സ്റ്റേഷനുകളുടെ അഡ്രസ്സ് നൽകിയിട്ടുണ്ട്) ആശംസകൾ അറിയിക്കുക.
- മിഷൻ വാരത്തോടനുബന്ധിച്ചു ഭവനസന്ദർശനം നടത്തി ലഭിക്കുന്ന കളക്ഷനും കുട്ടികളുടെ സുകൃതങ്ങളും മിഷൻ കേന്ദ്രങ്ങൾക്ക് അയച്ചുകൊടുക്കുക. സാധിക്കുമെങ്കിൽ രൂപതയിൽനിന്ന് നൽകിയിരിക്കുന്ന മിഷൻ കേന്ദ്രം സന്ദർശിക്കുക.
- ഏഴു ദിവസവും പ്രാർത്ഥനാവാരമായി ആചരിക്കുക.
- കുട്ടികൾക്ക് മിഷൻ കേന്ദ്രങ്ങളെക്കുറിച്ച് ശരിയായ ബോധ്യം കൊടുക്കുക. (വീഡിയോ പ്രദർശനങ്ങൾ, google Meet-ലൂടെ മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കൽ തുടങ്ങിയവ).

- എല്ലാവരും കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ച് മിഷനുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് ഉറപ്പു വരുത്തുക.
- മിഷൻ എക്സ്പോ/ സെമിനാർ നടത്തുക (പ്രായോഗികമായി നല്ല ഒരു മിഷനറി ആകുന്നതിനുവേണ്ടിയുള്ള ബോധ്യം കുട്ടികൾക്കു നൽകുക).

**കുഞ്ഞുമിഷണറി മാസിക**

ഡിസംബർ മാസത്തിലെ കുഞ്ഞുമിഷണറി മാസിക pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും WhatsApp ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

ഡിസംബർ 9 ശനിയാഴ്ച എറണാകുളം പി.ഒ.സി. യിൽ വച്ച് നടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ പാലാ രൂപതയിൽനിന്ന് പ്രസിഡന്റ് ജിജോ മാത്യു പങ്കെടുത്തു.

**റിപ്പോർട്ട് സമർപ്പിച്ചു**

കെ.സി.എസ്.എൽ ന്റെ മൂന്നുമാസത്തെ റിപ്പോർട്ട് (ത്രൈമാസ റിപ്പോർട്ട് - സെപ്റ്റംബർ, ഒക്ടോബർ, നവംബർ) ഡിസംബർ 9 ന് നടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ സമർപ്പിച്ചു.

**കളരി വിതരണംനടത്തി**

കുട്ടികളുടെ മാഗസിനായ കളരി രണ്ടാംലക്കം നവംബർ മാസം സ്കൂളുകളിൽ വിതരണം നടത്തി.

**ബൈബിൾ വാക്യമത്സരം**

നാലാം ക്ലാസ്സിലെ കുട്ടികൾക്കായി ബൈബിൾ വാക്യമത്സരം നടത്തുന്നു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. അഭിനന്ദനങ്ങൾ നേർന്നു**

എം.ജി. യൂണിവേഴ്സിറ്റി എം.എഡ്. 2020-22 വർഷത്തെ പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ എസ്.എം.വൈ.എം പാലാ രൂപതാ മുൻ സ്റ്റേറ്റ് സിൻഡിക്കേറ്റ് കൗൺസിലറും രാമപുരം യൂണിറ്റ് അംഗവുമായ റ്റിയാ ടെസ്സ് ജോർജിന് അഭിനന്ദനങ്ങൾ നേർന്നു.

**2. ഫൊറോന തിരഞ്ഞെടുപ്പ്**

ഡിസംബർ 3,4,9,10 തീയതികളിലായി പാലാ രൂപതയിലെ 17 ഫൊറോനകളിലും എസ്.എം.വൈ.എം. 2024 പ്രവർത്തനവർഷത്തേക്കുള്ള ഫൊറോന തിരഞ്ഞെടുപ്പ് നടന്നു.

**3. അഭിനന്ദനങ്ങൾ നേർന്നു.**

KCBC 32-ാമത് മീഡിയ അവാർഡ്, 2023 ദർശനിക വൈജ്ഞാനികപുരസ്കാരം എന്നിവ നേടിയ SMYM പാലാ രൂപത മുൻ ഡയറക്ടർ ഫാ. തോമസ് മൂലയിലിന് അഭിനന്ദനങ്ങൾ നേർന്നു.

**4. സന്നദ്ധശ്രമദാനം**

SMYM അംഗങ്ങൾ പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റിയുമായി ചേർന്ന് പാലാ ഗവണ്മെന്റ് ഹോസ്പിറ്റലിൽ സന്നദ്ധശ്രമദാനം നടത്തി. പാലാ രൂപത വികാരി ജനറാൾ വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, പാലാ നഗരസഭ ചെയർപേഴ്സൺ ജോസിൻ ബിനോ, SMYM പാലാ രൂപതാസമിതി അംഗങ്ങൾ, മറ്റു ഫൊറോന, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**5.** കനത്ത മഴയിലും ആവേശം ചോരാതെ ഉണ്ണീശോയുടെ തിരുപ്പിറവി സന്ദേശവുമായി പാലാ നഗരവീഥിയിലൂടെ യുവജനങ്ങൾ.

തിരുപ്പിറവിയുടെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ എസ്.എം.വൈ.എം.- കെ.സി.വൈ.എം. പാലാ രൂപത അണിയിച്ചൊരുക്കിയ 'ഹോളി നൈറ്റ് 2k23' കനത്ത മഴയിലും വർണ്ണവിസ്മയത്തിൽ, ജനപങ്കാളിത്തത്തോടെ മികച്ച ഫ്ലോട്ടുകളുമായി തിരുപ്പിറവിസന്ദേശയാത്ര നടത്തപ്പെട്ടു. ഡിസംബർ 17 ഞായറാഴ്ച വൈകിട്ട് 6.30 ന് പാലാ രൂപതയുടെ ബിഷപ്സ് ഹൗസിൽനിന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ആശീർവാദത്തോടെ ആരംഭിച്ച സന്ദേശയാത്ര പാലാ ഡി.വൈ.എസ്.പി. ബഹുമാനപ്പെട്ട എ.ജെ. തോമസ് ഫ്ളാഗ് ഓഫ് ചെയ്തു.

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപത പ്രഥമ ഡയറക്ടർ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ സാന്നിധ്യം യുവജനങ്ങൾക്കു കരുത്തു നൽകി. രൂപത മുഖ്യവികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് തടത്തിൽ, വികാരി ജനറാൾമാരായ വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, വെരി റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ, വെരി റവ. ഫാ. ജോസഫ് കണിയോടിക്കൽ, പാലാ നഗരസഭ ചെയർപേഴ്സൺ ജോസിൻ ബിനോ, മരിയസദനം സന്തോഷ്, എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, സിസ്റ്റർ ആനിമേറ്റർ ആൻസ് എസ്.എച്ച്., രൂപത പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, മുൻ രൂപതാ പ്രസിഡന്റുമാരായിരുന്ന ഷിജോ ചെന്നേലി, ജിനു മുട്ടപ്പള്ളി, മുൻ രൂപത ജനറൽ സെക്രട്ടറി ആന്റോച്ചൻ ജെയിംസ്, ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ജോസഫ് നടുപറമ്പിൽ, പ്രസിഡന്റ് ജെറിൻ പട്ടാക്കുളം, മുൻ പ്രസിഡന്റ് അലക്സ്, കാഞ്ഞിരപ്പള്ളി രൂപതയുടെ ഡെപ്യൂട്ടി പ്രസിഡന്റ് ഷോൺ, അലൻ, ഫൊറോനാ യൂണിറ്റ് ഡയറക്ടർമാർ എന്നിവരുടെ സാന്നിധ്യവും ഹോളി നൈറ്റിനെ മനോഹരമാക്കി. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും സന്ദേശയാത്രയ്ക്കു നേതൃത്വം നൽകി. കിഴതടിയൂർ ബൈപ്പാസിൽ റാലി അവസാനിച്ചു. ചെമ്മലമറ്റം യൂണിറ്റ് ഒന്നാം സ്ഥാനവും, രണ്ടാം സ്ഥാനം കുറവിലങ്ങാട് യൂണിറ്റും, മൂന്നാം സ്ഥാനം വാരിയാനിക്കാട് യൂണിറ്റും കരസ്ഥമാക്കി.

**6. അഭിനന്ദനങ്ങൾ**

തിരുവനന്തപുരത്ത് വച്ചു നടന്ന സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ ഗണിതശാസ്ത്രം ടീച്ചിങ് എയ്ഡ് വിഭാഗത്തിൽ എ ഗ്രേഡും മൂന്നാംസ്ഥാനവും നേടിയ വാകക്കാട് SMYM മുൻയൂണിറ്റ് പ്രസിഡന്റും വാകക്കാട് സെന്റ് അൽഫോൻസാ ഹൈസ്കൂൾ അധ്യാപകനുമായ ജോസഫ് കെ.വി.ക്ക് അഭിനന്ദനങ്ങൾ.

**7. ബൈബിൾ കൺവെൻഷനിൽ പങ്കുചേർന്ന് എസ്.എം.വൈ.എം. യുവജനങ്ങൾ**

**8. അഭിനന്ദനങ്ങൾ**

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല 2021– 2022 എം.ഫിൽ മലയാളം പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ SMYM പാലാ രൂപത മുൻ സെക്രട്ടറിയും പൂവക്കുളം യൂണിറ്റ് അംഗവുമായ റോബിൻ റ്റി. ജോസ് താന്നിമല യ്ക്ക് അഭിനന്ദനങ്ങൾ.

**9.** കുട്ടിക്കാനം മരിയൻ കോളേജിൽവച്ചു നടന്ന കെസിവൈഎം സംസ്ഥാന സമിതിയുടെ കലോത്സവത്തിൽ പങ്കെടുത്തു.

**10.** ക്രിസ്മസ് ആഘോഷവും രൂപത എക്സിക്യൂട്ടീവും നടത്തപ്പെട്ടു.

**11.** മുൻ രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകരയ്ക്കും സിൻഡിക്കേറ്റ് കൗൺസിലർ നീതുവിനും വിവാഹാശംസകൾ നേർന്ന രൂപതാകുടുംബം.

**12.** എസ്.എം.വൈ.എമ്മിന്റെ നേതൃത്വത്തിൽ സുറിയാനിദിനത്തോടനുബന്ധിച്ചു നടത്തിയ സുറിയാനി പാട്ടുമത്സരത്തിൽ PDMA കുറവെറ്റ് ഒന്നാം സ്ഥാനവും, വാരിയാനിക്കാട് യൂണിറ്റ് രണ്ടാം സ്ഥാനവും, ഡിവൈൻ മ്യൂസിക് കുറവിലങ്ങാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**13. യുവജനവർഷം ആരംഭിച്ചു**

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് യുവജനവർഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാവിൽനിന്ന് രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി പ്രസിഡന്റ് തോമസ് ബാബുവും വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബും ചേർന്ന് കത്തിച്ച തിരി ഏറ്റുവാങ്ങി. വിവിധ ഫൊറോന ഡയറക്ടർമാർ, പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, മറ്റു ഫൊറോന ഭാരവാഹികളും യൂണിറ്റ് ഭാരവാഹികളും സന്നിഹിതരായിരുന്നു. 2023 ഡിസംബർ 23 മുതൽ 2024 ഡിസംബർ 23 വരെയാണ് യുവജനവർഷം.

**14.** എസ്.എം.വൈ.എം. ബ്രദർ റീജന്റ് ആയിരുന്ന ഫാ. മാത്യു പനങ്ങാട്ടിന്റെ തിരുപ്പട്ടസ്വീകരണത്തിൽ രൂപത ഡയറക്ടറും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെ ടുക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**15.** കുന്നോന്നി യൂണിറ്റിലെ യുവജനവർഷ ഉദ്ഘാടനസമ്മേളനത്തിൽ രൂപത ഡയറക്ടർ പങ്കെടുത്തു.

**16.** എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ പാലാ ബിഷപ്സ് ഹൗസിൽ കപ്പ വിളവെടുപ്പുമഹോത്സവം നടത്തി. കിട്ടിയ 152 കിലോ വിളവ് സ്നേഹാലയ ത്തിലെ അന്തേവാസികൾക്കു നൽകി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**സോണൽ മിനിസ്ട്രി ഓറിയന്റേഷൻ**

2023 ഡിസംബർ 15 മുതൽ 17 വരെ പാലാ സെന്റ് തോമസ് കോളജിൽ വച്ച് 2023-25 വർഷത്തെ മിനിസ്ട്രി മെമ്പേഴ്സിനായുള്ള ഓറിയന്റേഷൻ ജീസസ് യൂത്ത് പാലാ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. നാല്പതോളം പേരു പങ്കെടുത്തു. ജീസസ് യൂത്ത് പാലാ ഡയറക്ടറായ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ആനിമേറ്റർ സി. ലിസ് മരിയ സി.എം.സി തുടങ്ങിയവരുടെ മുഴുവൻ സമയ സാന്നിദ്ധ്യം ഏറെ സന്തോഷകരമായിരുന്നു.

**ടീൻസ് ലീഡേഴ്സ് ഗാതറിങ്**

2023 ഡിസംബർ 26 മുതൽ 29 വരെ അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വച്ച് ടീൻസ് ലീഡേഴ്സ് ഗാതറിങ് നടത്തപ്പെടുന്നു. 2023 ഡിസംബർ 10 ന് കൂത്താട്ടുകുളം ഇടവകയിൽ വച്ച് ഏകദിന പ്രോഗ്രാം ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഏകദേശം 75 പേർ പരിപാടിയിൽ പങ്കെടുത്തു.

**പ്രൊലൈഫ് എക്സിബിഷൻ**

2023 ഡിസംബർ 8 മുതൽ 10 വരെ അരുവിത്തുറ സെന്റ് ജോർജ് ഫൊറോന പള്ളിയിലെ ജീസസ് യൂത്തിന്റെ നേതൃത്വതിൽ പ്രൊലൈഫ് എക്സിബിഷൻ നടത്തപ്പെട്ടു. അനേകം ആളുകൾക്കു ജീവന്റെ സംരക്ഷണത്തെകുറിച്ചു ബോധ്യം പകരാൻ കഴിഞ്ഞു.

**ഉണ്ണീശോയ്ക്കായി ഒരുങ്ങാം**

2023 ഡിസംബർ 1 മുതൽ 25 വരെ ഈശോയുടെ തിരുപ്പിറവിക്കായി ഒരുങ്ങിക്കൊണ്ട് ഓരോ ദിവസവും ഓരോ കുഞ്ഞുകാഴ്ചകൾ ഉണ്ണീശോയ്ക്കായി പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു.

**നൈറ്റ് വിജിൽ**

2023 ഡിസംബർ 1 ന് വൈകിട്ട് 7:00 മണിമുതൽ പാലാ ളാലം പുത്തൻ പള്ളിയിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു.

**ഹൗസ്ഹോൾഡ്**

2023 ഡിസംബർ 3, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 മണിക്ക് അരുവിത്തുറ പള്ളിയിലെ പരിഷ് ഹാളിൽവെച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. ഇരുപത്തിയഞ്ചോളം ആളുകൾ പങ്കെടുത്തു.

**ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും സ്കൂൾ കുട്ടികളുടെ ദൈവാനുഭവം പങ്കുവെക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**ബൈബിൾ കൺവെൻഷൻ സ്റ്റാൾ**

ഡിസംബർ 19 മുതൽ 23 വരെ നടത്തപ്പെട്ട പാലാ രൂപതയുടെ 41-ാമത് ബൈബിൾ കൺവെൻഷൻ കോളേജിൽ വെച്ച് കൺവൻഷനിൽ ജീസസ് യൂത്തിന്റെ സ്റ്റോളുകൾ നടത്തുകയും ചെയ്തു.

**കൾച്ചറൽ എക്സ്ചേഞ്ച്**

എല്ലാ വർഷവും ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 'കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം' ഡിസംബർ മാസം 22 മുതൽ 28 വരെ നടത്തപ്പെട്ടു. വിവിധ സംസ്ഥാനങ്ങളിൽനിന്നു വന്ന പന്ത്രണ്ടോളം യുവജനങ്ങൾ പാലായിലെ വിവിധ ഭവനങ്ങളിൽ താമസിക്കുകയും പ്രസിദ്ധമായ പള്ളികളും മറ്റു സ്ഥലങ്ങളും സന്ദർശിക്കുകയും നമ്മുടെ ക്രിസ്തീയസംസ്കാരം പരിചയപ്പെടുകയും ചെയ്തു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1. കുടുംബക്കൂട്ടായ്മ**

രൂപതാ കൗൺസിൽ അംഗങ്ങളും റിസോഴ്സ് ടീം അംഗങ്ങളുംകൂടി ഡിസംബർ ഒന്നുമുതൽ സമ്പൂർണ്ണ ബൈബിൾ പാരായണം ആരംഭിച്ചു. അഖണ്ഡ ബൈബിൾ പാരായണം വലിയ നോമ്പിൽ ആരംഭിക്കാൻ തീരുമാനിച്ചു.

**2.** വചനനിധിമത്സരത്തിൽ സമ്മാനാർഹരായവർക്ക് രൂപത ബൈബിൾ കൺവെൻഷനിൽവച്ച് അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവ് സമ്മാനങ്ങൾ നൽകി. പുതിയനിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട 500 വചനങ്ങൾ ഹൃദിസ്ഥമാക്കി. 3 മിനിറ്റുകൊണ്ട് പരമാവധി വചനം മനപ്പാഠമാക്കി പറഞ്ഞവർക്കാണ് സമ്മാനങ്ങൾ നൽകിയത്. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, അപ്പന്മാർ, അമ്മമാർ, യുവജനങ്ങൾ, കുട്ടികൾ എന്നിങ്ങനെ അഞ്ചു വിഭാഗങ്ങളിൽ പെടുത്തിയാണ് മത്സരം നടത്തിയത്. ഓരോ വിഭാഗത്തിനും ഒന്നാം സമ്മാനമായി 2500 രൂപയും രണ്ടാം സമ്മാനമായി 2000 രൂപയും മൂന്നാം സമ്മാനമായി 1500 രൂപയും നൽകി. കൂടാതെ, ഓരോ വിഭാഗത്തിലും പത്തു പേർക്ക് പ്രോത്സാഹനസമ്മാനങ്ങളും നൽകി.

**3.** ഡിസംബർ കുടുംബക്കൂട്ടായ്മ എക്സിക്യൂട്ടീവ് ചേർന്നു. മികച്ച കുടുംബക്കൂട്ടായ്മ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ അഭിവന്ദ്യ പിതാവിന്റെ ആഗസ്റ്റ് മാസത്തിലെ 3/8 സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കിയതും ഉൾപ്പെടുത്തി.

**4.** ഡിസംബർ പത്തിന് പൂഴിക്കോൽ ഇടവകയിലെ എല്ലാ കുടുംബക്കൂട്ടായ്മ യൂണിറ്റുകളിലും രൂപത റിസോഴ്സ് ടീം അംഗങ്ങൾ കുടുംബക്കൂട്ടായ്മയെക്കുറിച്ചു ക്ലാസെടുത്തു.

**5.** ബൈബിൾ കൺവെൻഷനിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും തിരഞ്ഞെടുക്കപ്പെട്ട കൂട്ടായ്മ അംഗങ്ങളും വോളണ്ടിയേഴ്സായി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ഡിസംബർ 4-6, 18-20** തീയതിയിലെ വിവാഹ ഒരുക്കസെമിനാറിൽ 222 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജനുവരി 1-3, 13-15, ഫെബ്രുവരി 9-11, മാർച്ച് 7-9, 25-27** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഡിസംബർ മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, പ്രൊഫ. റ്റി.സി. തങ്കച്ചൻ എന്നിവർ ക്ലാസ്സെടുത്തു. രണ്ടു മീറ്റിങ്ങുകളിലായി 401 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**B. പിതൃവേദി**

**1. മേഖല ഇലക്ഷൻ**

ഡിസംബർ 10-ാം തീയതി വൈകുന്നേരം 5 മണിക്ക് ഇലഞ്ഞി മേഖലയിലും 17-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ചേർപ്പുങ്കൽ മേഖലയിലും 3.30 ന് പാലാ കത്തീഡ്രൽ മേഖലയിലും ഇലക്ഷൻ നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പരിപാടിയിൽ പങ്കെടുത്തു.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

ഡിസംബർ 16-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് നടത്തപ്പെട്ടു.

**3. യൂണിറ്റുവാർഷികം**

ഡിസംബർ 28-ാം തീയതി മാന്നാർ ഇടവകയിൽ പിതൃവേദി യൂണിറ്റു വാർഷികം നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും രൂപതാ ഭാരവാഹികളും വാർഷികത്തിൽ പങ്കെടുത്തു.

**C. മാതൃവേദി**

**1. യൂണിറ്റുസന്ദർശനം**

ഡിസംബർ 3-ാം തീയതി വൈകുന്നേരം 4 മണിക്ക് ചിറ്റാർ യൂണിറ്റു സന്ദർശനം നടത്തി. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, രൂപതാഭാരവാഹികളും ചേർന്ന് യൂണിറ്റുപ്രവർത്തനം വിലയിരുത്തുകയും കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

ഡിസംബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**3. രൂപതാസമിതി**

ഡിസംബർ 9-ാം തീയതി രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ മാതൃവേദി രൂപതാസമിതി നടത്തി.

**4. മീറ്റിങ്**

ഡിസംബർ 9-ാം തീയതി മാതൃവേദി പാലാ രൂപത ജോയിന്റ് ഡയറക്ടേഴ്സിന്റെയും യൂണിറ്റ് പ്രസിഡന്റുമാരുടെയും സമ്മേളനം അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തി. പ്രസ്തുത സമ്മേളനം പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. കുടുംബത്തിലും സമൂഹത്തിലും അമ്മമാർക്കുള്ള ദൗത്യങ്ങൾ ഓരോ ദിവസവും കൂടിവരികയാണെന്നും കുടുംബങ്ങളിൽ കത്തിച്ച തിരിപോലെ പ്രകാശം പരത്താനുള്ള, നന്മകൾ ചൊരിയാനുള്ള വലിയ ദൗത്യം അമ്മമാർക്ക് ഉണ്ടെന്നും മോൺ. ജോസഫ് കണിയോടിക്കൽ ഓർമ്മിപ്പിച്ചു. പാലാ രൂപത മാതൃവേദി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ജോയിന്റ് ഡയറക്ടർ ഡോ. സി. എൽസാ ടോം, രൂപത പ്രസിഡന്റ് ശ്രീമതി സിജി ലൂക്ക്സൺ, സെക്രട്ടറി ശ്രീമതി ഷേർളി ചെറിയാൻ മഠത്തിപ്പറമ്പിൽ, എക്സിക്യൂട്ടീവ് മെമ്പർ സബീന സക്കറിയാസ് മഠത്തിൽപറമ്പിൽ എന്നിവർ സംസാരിച്ചു. ഉച്ചകഴിഞ്ഞ് 1.30 ന് നടന്ന ചർച്ചയ്ക്കും ക്ലാസ്സിനും അഡ്വ. സി. ജോസിയ എസ്.ഡി. നേതൃത്വം നൽകി. പാലാ രൂപതയിലെ എല്ലാ ഇടവകകളിലെയും മാതൃവേദി യൂണിറ്റ് പ്രസിഡന്റുമാരും ജോയിന്റ് ഡയറക്ടേഴ്സും പരിപാടിയിൽ സംബന്ധിച്ചു.

**5. പുതിയ യൂണിറ്റ്**

ഡിസംബർ 10-ാം തീയതി മല്ലികശ്ശേരി ഇടവകയിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. തദവസരത്തിൽ രൂപത സെക്രട്ടറി ശ്രീമതി ഷേർളി ചെറിയാൻ മഠത്തിൽപറമ്പിൽ മാതൃത്വത്തിന്റെ മഹത്ത്വം എന്ന വിഷയത്തെ ആസ്പദമാക്കി മാതാക്കൾക്കു ക്ലാസ്സെടുത്തു

**D. പ്രോലൈഫ്**

**1. മീറ്റിംഗ്**

ഡിസംബർ 16-ാം തീയതി ഷലോം പാസ്റ്ററൽ സെന്റിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും ക്രിസ്തുമസ് ആഘോഷം നടത്തുകയും ചെയ്തു.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോമലബാർസഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോമലബാർ മാട്രി

മണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിംഗ് ഓൺലൈനായി ഡിസംബർ 14-ാം തീയതി നടത്തി. മാട്രിമണിയുടെ നിലവിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്തുകയും പുതിയ വർഷത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു വിശകലനം ചെയ്യുകയും ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള **ക്ലാസ്സുകൾ 2024 ജനുവരി 10 മുതൽ ആരംഭിക്കുന്നു**. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ - **7306293048.**

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. അടുക്കളത്തോട്ടം 2023**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തിയ 9-ാമത് അടുക്കളത്തോട്ടമത്സരത്തിന്റെ രൂപതാതലവിജയികൾ.

Ist ബീനാ മാത്യു വെട്ടിക്കത്തടം, കാഞ്ഞിരത്താനം

2nd എമ്മിച്ചൻ ജോസഫ് തെങ്ങുംപള്ളി, പയസ് മൗണ്ട്

3rd ഐലിൻ എമിലിൻ ഇഞ്ചനാനിയിൽ, രാമപുരം

4th ജോർജ്കുട്ടി മുണ്ടുമൂഴിക്കര, കോതനല്ലൂർ

5th മോളി ജോസഫ് ഇടക്കരോട്ട്, കടനാട്

സ്പെഷ്യൽ ജൂറി അവാർഡ്

കുഞ്ഞച്ചൻ കുഴിപ്പറമ്പിൽ, കോതനല്ലൂർ

പ്രോത്സാഹനസമ്മാനങ്ങൾ

1. മേരി സെബാസ്റ്റ്യൻ തേനാശ്ശേരിൽ, കുറവിലങ്ങാട്
2. ആൽബിൻ മാത്യു കുന്നപ്പള്ളിൽ, പെരിങ്ങളം

3. ഡൊമിനിക് ജോസഫ് മഠത്തിപ്പറമ്പിൽ, നീലൂർ
4. മാത്യു സി.സി. ചുള്ളിക്കൽ, കൂട്ടിക്കൽ
5. നോബി ഡൊമിനിക് കാടൻകാവിൽ, വേലത്തുശ്ശേരി
6. പി.എം. ജോസഫ് പടിഞ്ഞാറെക്കുറ്റ്, കയ്യൂർ
7. ജ്യോതി ജോസ് കുറ്റനാൽ, മരങ്ങാട്ടുപിള്ളി
8. ബേബിച്ചൻ കക്കാംപറമ്പിൽ, കൈപ്പള്ളി
9. മാത്യു പാറേക്കാട്ട്, തീക്കോയി
10. ഗീത ജോസഫ് എടാട്ട്, മലയിഞ്ചിപ്പാറ

**2. അതിജീവനയാത്രയ്ക്കു സ്വീകരണം**

വന്യമൃഗ ആക്രമണത്തിനു ശാശ്വതപരിഹാരം കണ്ടെത്തുക. കാർഷിക ഉത്പന്നങ്ങൾക്കു വിലസ്ഥിരത പ്രഖ്യാപിക്കുക. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം നയിക്കുന്ന കാസർകോഡുനിന്ന് തിരുവനന്തപുരത്തേക്കു നടത്തിയ അതിജീവനയാത്രയ്ക്ക് പാലാ രൂപതയിൽ സ്വീകരണം നല്കി.

**3. സിബിഗിരി**

ഡിസംബർ 19 ന് രാവിലെ 9.30 ന് മുട്ടം ടൗണിൽ സിബിഗിരി ഇടവകയുടെ സഹകരണത്തോടെ സ്വീകരണം നൽകി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. സിബിഗിരി ഇടവക വികാരി ഫാ. ജോൺ വാളിത്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി. ജോസ് വട്ടുകുളം, ആൻസമ്മ സാബു, എം.എം. ജേക്കബ്, എഡ്വിൻ പാപ്പാറ, ഫ്രാൻസിസ് കരിമ്പാനി, ജോസ് ജോസഫ് മലയിൽ തുടങ്ങിയവർ ആശംസകൾ നേർന്നു. ജാഥാംഗങ്ങളായ രാജീവ് കൊച്ചുപറമ്പിൽ, പ്രൊഫ. ജോസ്കുട്ടി ഒഴുകയിൽ, ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ടെസ്സി ബിജു എന്നിവർ ജാഥയുടെ ഉദ്ദ്യേശലക്ഷ്യങ്ങൾ വിശദീകരിച്ചു. ഹാരാർപ്പണത്തിനുശേഷം ജാഥാ ക്യാപ്റ്റൻ അഡ്വ. ബിജു പറയന്നിലം നന്ദി പറഞ്ഞു.

**4. രാമപുരം**

അതിജീവനയാത്രയ്ക്ക് രാമപുരത്തു സ്വീകരണം നല്കി. ഫൊറോന പ്രസിഡന്റ് ജോബി പുതിയിടത്തുചാലിൽ, യൂണിറ്റ് പ്രസിഡന്റ് സജിമോൻ മിറ്റാത്താനിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ജാഥാ അംഗങ്ങളായ രാജീവ് കൊച്ചുപറമ്പിൽ, ബെന്നി ആന്റണി, രാജേഷ് ജോൺ തുടങ്ങിയവർ ജാഥയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു സംസാരിച്ചു ഹാരാർപ്പണത്തിൽ ജാഥാ ക്യാപ്റ്റൻ അഡ്വ. ബിജു പറയനിലം നന്ദി പറഞ്ഞു സംസാരിച്ചു. ഇടവകയിലെ എല്ലാ സംഘടനകളെയും പ്രതിനിധീകരിച്ച് ഭാരവാഹികൾ ജാഥാ ക്യാപ്റ്റനെ സ്വീകരിച്ചു.

**5. പാലായിൽ സ്വീകരിച്ചു**

ഡിസംബർ 19-ാം തീയതി അതീജീവനയാത്രയ്ക്ക് രൂപതയുടെ സ്വീകരണം നൽകി. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, സാബു അലക്സ്, എം.എം. ജേക്കബ്, ആൻസമ്മ സാബു, പയസ് കവളംമാക്കൽ, സാബു പൂണ്ടകുളം തുടങ്ങിയവർ സംസാരിച്ചു. ജാഥാംഗങ്ങളായ ഫാ. ഫിലിപ്പ് കവിയിൽ, രാജീവ് കൊച്ചുപറമ്പിൽ, പ്രൊഫ. ജോസ്കുട്ടി ഒഴുകയിൽ, രാജേഷ് ജോൺ, പി.റ്റി. ചാക്കോ, തോമസ് പീടികയിൽ, ജോബി കാക്കശ്ശേരി, ടെസ്സി ബിജു, ട്രീസാ സെബാസ്റ്റ്യൻ, ബെന്നി ആന്റണി, ജോർജ് കോയിക്കൽ തുടങ്ങിയവർ ജാഥയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു സംസാരിച്ചു. കത്തോലിക്ക കോൺഗ്രസിന്റെ ഫൊറോനാ, യൂണിറ്റ് ഡയറക്ടറുമാരായ പാലാ കത്തീഡ്രൽ പള്ളിവികാരി വെരി. റവ.ഫാ. ജോസ് കാക്കല്ലിൽ, ളാലം സെന്റ് മേരീസ് പള്ളി വികാരി റവ.ഫാ. ജോസഫ് തടത്തിൽ, കാക്കൂർ പള്ളി വികാരി റവ.ഫാ. ജോസ് തറപ്പേൽ എന്നിവരും രൂപത, ഫൊറോന ഭാരവാഹികളും ജാഥാ ക്യാപ്റ്റനെ ഷാളണിയിച്ച് സ്വീകരിച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പൊന്നാടയണിയിച്ച് ജാഥാ ക്യാപ്റ്റൻ അഡ്വ. ബിജു പറയനിലത്തെ ആദരിച്ചു. തുടർന്ന് അദ്ദേഹം നന്ദി പ്രകാശിപ്പിച്ചു.

**6. അരുവിത്തുറ**

അരുവിത്തുറ പള്ളി വികാരി വെരി റവ.ഡോ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിലിന്റെ നേതൃത്വത്തിൽ പള്ളി ജംഗ്ഷനിൽ അതിജീവനയാത്രയ്ക്കു സ്വീകരണം നല്കി. അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജെയ്സൺ ജേക്കബ് കൊട്ടുകാപള്ളി, ജോൺസൺ ചെറുവള്ളി, ബെന്നി കിണറ്റുകര, ജോസഫ് പരത്തിയിൽ തുടങ്ങിയവർ ഹാരാർപ്പണം ചെയ്തു. ജാഥാ ക്യാപ്റ്റനെ സ്വീകരിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം തുടങ്ങിയവർ സംസാരിച്ചു. ഹാരാർപ്പണത്തിനുശേഷം ജാഥാ ക്യാപ്റ്റൻ ബിജു പറയനിലം നന്ദി പറഞ്ഞു.

**തിടനാട്**

തിടനാട് പള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ എട്ടുപറയിലിന്റെ നേതൃത്വത്തിൽ അതിജീവനയാത്രയെ സ്വീകരിച്ചു. ഫാ. മൈക്കിൾ നടുവിലേക്കുറ്റ്, സെബാസ്റ്റ്യൻ കെ.എം., റ്റോമിച്ചൻ പഴേമഠത്തിൽ, ജോൺസൺ വീട്ടിയാങ്കൽ, ബെന്നി കിണറ്റുകര എന്നിവരും വിവിധ സംഘടനാനേതാക്കളും ഷാളണിയിച്ചു സ്വീകരിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധിരി, ജോസ് വട്ടുകുളം തുടങ്ങിയവർ ജാഥയെ അനുഗമിച്ചു. ജാഥാ ക്യാപ്റ്റൻ ബിജു പറയനിലം നന്ദി പ്രകാശിപ്പിച്ചു.

**ചെമ്മലമറ്റം**

അതിജീവിന യാത്രയ്ക്ക് ചെമ്മലമറ്റം യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. റവ.ഫാ. തോമസ് കാട്ടിപ്പറമ്പിൽ, ബെന്നി കിണറ്റുകര, ജോസഫ്

പരുത്തിയിൽ, സോജൻ ആലയ്ക്കപ്പള്ളി, വിവിധ സംഘടനാഭാരവാഹികൾ എന്നിവർ ജാഥാ ക്യാപ്റ്റൻ അഡ്വ. ബിജു പറയനിലത്തെ ഷാളണിയിച്ചു സ്വീകരിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവേൽ നിധിരി, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ജാഥാ ക്യാപ്റ്റന്റെ മറുപടി പ്രസംഗത്തോടെ പാലാ രൂപതയിലെ പര്യടനം അവസാനിച്ചു. എമ്മാനുവൽ നിധിരി എല്ലാ അംഗങ്ങൾക്കും നന്ദി പറഞ്ഞു.

**സിബിഗിരി**

അതിജീവനയാത്രയ്ക്കു സ്വീകരണം നൽകുന്നതിനെപ്പറ്റി ആലോചിക്കാൻ യൂണിറ്റ് പ്രസിഡന്റ് ജോസ് മിറ്റത്താനിക്കലിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. റവ.ഫാ. ജോൺ പാളിത്തോട്ടം ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധിരി, ജോസ് വട്ടുകുളം, എഡ്വിൻ പാപ്പാറ, ജോസഫ് കുന്നക്കോട്ട്, റ്റോമി മാക്കിയിൽ തുടങ്ങിയവർ സംസാരിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കേക്കുനിർമാണപരിശീലനം**

ക്രിസ്തുമസിനോടനുബന്ധിച്ചു മായമില്ലാത്ത കേക്കുകൾ വീടുകളിൽത്തന്നെ ഒരുക്കുന്നതിനായി കേക്കുനിർമാണത്തിൽ താത്പര്യമുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കുമായി ഏകദിന പരിശീലനപരിപാടി നടത്തി. അൻപതിലധികം പേർ പങ്കെടുത്തു. മൂന്നുതരം കേക്കുകൾ ലൈവായി നിർമിക്കുകയുണ്ടായി. വിവിധ കേക്കുകളുടെ പാചകവിധി നൽകുകയും ചെയ്തു. ശ്രീമതി ഷൈനി കിണറ്റുകര ക്ലാസുകൾ നയിച്ചു. ശ്രീ സിബി കണിയാംപടി, മെർലി ജെയിംസ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**സജീവം ലഹരിവിരുദ്ധയജ്ഞം**

കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവീസ് ഫോറവും സംയുക്തമായ കത്തോലിക്കാരൂപതകളിൽ നടത്തുന്ന ലഹരിവിരുദ്ധയജ്ഞത്തിന്റെ ഭാഗമായി രൂപതയിലെ 18 ഹയർ സെക്കൻഡറി സ്കൂളുകളിൽ ലഹരിവിരുദ്ധ ആഹ്വാന ബോർഡുകൾ സ്ഥാപിച്ചു.

മൂന്നിലവ് സെന്റ് പോൾസ് ഹയർ സെക്കൻഡറി സ്കൂളിലെ പി.റ്റി.എ. അംഗങ്ങൾക്കായി ലഹരിയുപയോഗത്തിന്റെ ദൂഷ്യവശങ്ങളും കുട്ടികളുടെയിടയിൽ ലഹരിവിനിമയരീതികളും ആന്റി നർക്കോട്ടിക് ആക്ട് വകുപ്പുകളും ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസ് നടന്നു. കോട്ടയം സെൻട്രൽ എക്സൈസ് സ്ക്വാഡ് സബ് ഇൻസ്പെക്ടർ ശ്രീ അൽഫോൻസ് ജേക്കബ് ക്ലാസുകൾ നയിച്ചു.

**ആശാകിരണം – ക്യാൻസർ കെയർ കാമ്പയിൻ**

പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്കായി മാർ സ്ലീവാ മെഡിസിറ്റി ഹോസ്പിറ്റലിലെ ഓങ്കോ

ളജി കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ജീവിതശൈലിബോധനസെമിനാർ നടത്തി. നൂറിലധികം കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു. പോഷകസമൃദ്ധമായ ഭക്ഷണരീതി പിന്തുടരേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോദ്ധ്യപ്പെടുത്തി. ക്യാൻസർ തടയുന്നതിനുള്ള ഭക്ഷണരീതികളും പ്രതിവിധികളും ഡോക്ടർ വിവരിച്ചു.

**കുട്ടികളും കൃഷിയിലേക്ക്**

കാർഷികരംഗത്ത് നമ്മുടെ സ്കൂളുകളിൽ വലിയൊരു മുന്നേറ്റം സൃഷ്ടിക്കാൻ കുട്ടികളും കൃഷിയിലേക്ക് എന്ന കാമ്പയിനിലൂടെ സാധിച്ചിരിക്കുന്നുവെന്നത് ഏറെ ശ്രദ്ധേയമാണ്. സ്കൂളുകളിൽ ചിൽഡ്രൻസ് ഫാർമേഴ്സ് ക്ലബ് രൂപീകരിച്ച് തൈകൾ നടുകയും വിളവെടുപ്പു നടത്തുകയും ചെയ്ത സ്കൂളുകൾ മഹനീയ മാതൃകയാണ് കാഴ്ചവച്ചിരിക്കുന്നത്. നൂറിലധികം സ്കൂളുകൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തെങ്കിലും മുപ്പതു സ്കൂളുകളേ അവസാനറൗണ്ട് മത്സരം വരെയുണ്ടായിരുന്നുള്ളൂ. സ്കൂൾ ഉച്ചഭക്ഷണത്തിന് ആവശ്യമായ മുഴുവൻ പച്ചക്കറികളും മിക്ക സ്കൂളുകളും ഈ രീതിയിൽ കണ്ടെത്തി. ചില സ്കൂളുകൾ അധികംവന്ന പച്ചക്കറികൾ സ്കൂളിലും പരിസരവാസികൾക്കുമായി വിൽക്കുകയുണ്ടായി. ഈ സ്കൂൾ വർഷത്തിൽ നാലു തവണയെങ്കിലും ഒട്ടുമിക്ക സ്കൂളുകളും വിളവെടുപ്പ് നടത്തി.

എൽ.പി./യു.പി./എച്ച്.എസ്./എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിലാണ് മത്സരം നടന്നത്. ഏറ്റവും നല്ല ചിൽഡ്രൻ ഫാർമേഴ്സ് ക്ലബ്, ഏറ്റവും മികച്ച കർഷക അധ്യാപകൻ, മികച്ച കർഷകവിദ്യാർത്ഥി, മികച്ച പി.റ്റി.എ. വിഭാഗങ്ങൾക്ക് ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നൽകി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**യൂണിറ്റ് രൂപീകരണം**

2023 ഡിസംബർ 17 ന് പാലാ രൂപതയിലെ അറക്കുളം സെന്റ് മേരീസ് ന്യൂ ചർച്ചിൽ ഡിസിഎംഎസിന്റെ പുതിയ യുണിറ്റിന്റെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചുകൊണ്ട് പൊതുയോഗവും യുണിറ്റ് തിരഞ്ഞെടുപ്പും നടത്തുകയുണ്ടായി. യോഗത്തിന് ഇടവകവികാരി ഫാ. ജോർജ് മണ്ണുകുശുമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഡി.സി.എം.എസ്. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തുകയും രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ, രൂപതാ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, രൂപതാ ഓർഗനൈസർ ശ്രീ ബേബി ആന്റണി എന്നിവർ ആശംസകൾ അർപ്പിക്കുകയും തിരഞ്ഞെടുപ്പിനു നേതൃത്വം നല്കുകയും ചെയ്തു. തുടർന്ന്, യൂണിറ്റ് പ്രസിഡന്റായി ശ്രീ ജയൻ കെ.ജെ. യുണിറ്റ് സെക്രട്ടറിയായി ശ്രീ സജോ പി. ആന്റോ എന്നിവരെയും കൂടാതെ മറ്റു ഭാരവാഹികളെയും കമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു.

**രൂപതാകമ്മിറ്റി**

2023 ഡിസംബർ മാസത്തെ ഡി.സി.എം.എസ്. രൂപതാകമ്മിറ്റി ഡിസംബർ 17 ന് രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

**ദേവദാസ് ഒന്നാം ചരമവാർഷികം**

സംസ്ഥാന ഖജാൻജി ആയിരിക്കേ നമ്മിൽനിന്ന് വളരെ ആകസ്മികമായി വേർപിരിഞ്ഞുപോയ എൻ. ദേവദാസ് സാറിന്റെ ഒന്നാം ചരമവാർഷികദിനത്തിൽ നടന്ന കുർബാനയിലും പ്രാർത്ഥനയിലും അനുസ്മരണചടങ്ങിലും രൂപതയിൽ നിന്ന് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപതാ സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി എന്നിവർ പങ്കെടുക്കുകയുണ്ടായി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. ക്രിസ്തുമസ് ആഘോഷം**

16-12-2023 സ്പെഷ്യൽ സ്കൂളുകൾ സംയുക്തമായി പുലിയന്നൂർ ഷലോം ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂളിൽവച്ച് ക്രിസ്തുമസ് ആഘോഷം നടത്തി. പാലാ രൂപത വികാരി ജനറാൾ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം നടത്തി. അരുണാപുരം പള്ളി വികാരി ഫാ. മാത്യു പുല്ലുകാലായിൽ അദ്ധ്യക്ഷത വഹിച്ചു. കെയർ ഹോം ഡയറക്ടറച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും പരിപാടിക്കു നേതൃത്വം വഹിക്കുകയും ചെയ്തു. എല്ലാ സ്കൂളുകളിൽനിന്നുമുള്ള കുട്ടികളുടെ കലാപരിപാടികളും നടത്തി. എല്ലാ സ്കൂളുകൾക്കും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

**2. സന്ദർശനം**

ഫാ. ബോഡ്വിംഗ് ഡേ കെയർ സെന്റർ കാവാലി, തീക്കോയി ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂൾ, പുലിയന്നൂർ ഷലോം ഡി.സി.എം.ആർ. എന്നീ സ്ഥാപനങ്ങളിൽ ക്രിസ്തുമസ് പോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. വിവിധ ക്ഷേമനിധിയിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**2. ക്ഷേമനിധി ആനുകൂല്യങ്ങൾ – ചികിത്സാധനസഹായം**

നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലെ ഒരംഗത്തിനു ചികിത്സാസഹായ ആനുകൂല്യമായി 14000/- രൂപ നൽകി.

**3. ക്ഷേമനിധി പുതുക്കൽ**

സുരക്ഷാക്ഷേമനിധിയിലെ അംഗങ്ങളുടെ വാർഷികപുതുക്കൽ നടന്നുകൊണ്ടിരിക്കുന്നു.

**4. നേതൃത്വപരിശീലന ക്യാമ്പ്**

2023 ഡിസംബർ 17, 18 ദിവസങ്ങളിലായി പി.ഒ.സിയിൽവച്ചു നേതൃത്വപരിശീലന ക്യാമ്പ് നടന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ (AA മീറ്റിംഗ്)**

ഡിസംബർ 3, 10, 17, 24, 31 തീയതികളിൽ AA മീറ്റിംഗുകൾ നടത്തപ്പെട്ടു. ഫാ. ജെയിംസ് പൊരുന്നോലിൽ, ശ്രീ NM സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഡിസംബർ 9 ന് നടത്തപ്പെട്ടു.

**ലഹരിരഹിത ക്രിസ്തുമസ്**

ലഹരിയാസക്തിചികിത്സയ്ക്കുശേഷം ലഹരി ഉപേക്ഷിച്ച് ജീവിതം നയിക്കുന്നവരെ ഒരുമിച്ചുചേർത്ത് ഡിസംബർ 24 ന് ക്രിസ്തുമസ് ആഘോഷം നടത്തപ്പെട്ടു. ആഘോഷങ്ങളുടെ ഭാഗമായി നടന്ന സമ്മേളനത്തിൽ അഡാർട്ടിന്റെ ചെയർമാൻ മോൺ. ജോസഫ് കണിയോടിക്കൽ മുഖ്യസന്ദേശം നൽകി.

**ഡോക്യുമെന്ററി പ്രകാശനം**

'പതിറ്റാണ്ടുകളുടെ നന്മമരം' എന്നപേരിൽ അഡാർട്ടിനെക്കുറിച്ചു തയ്യാറാക്കിയ ഡോക്യുമെന്ററി ഡിസംബർ 24 ന് നടന്ന സമ്മേളനത്തിൽ വെച്ച് ചെയർമാൻ ബഹു. മോൺ. ജോസഫ് കണിയോടിക്കൽ പ്രകാശനം ചെയ്യുകയും സമ്മേളനമധ്യേ പ്രദർശിപ്പിക്കുകയും ചെയ്തു.

**ബോധവത്കരണക്ലാസ്സുകൾ**

എം.ജി. യൂണിവേഴ്സിറ്റിയിലെ സോഷ്യൽവർക്ക് വിദ്യാർത്ഥികൾക്ക് ഡിസംബർ 8 നും കോട്ടയം ഗവൺമെന്റ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് ഡിസംബർ 14 നും അഡാർട്ടിൽവച്ച് ബോധവത്കരണക്ലാസ്സുകൾ നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തോലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 ന്റെ പഠനഭാഗങ്ങൾ:
ലൂക്കാ. 9–16
2 കൊറിന്തോസ് 7–13
ന്യായാധിപന്മാർ 1–10
പ്രഭാഷകൻ 34–40
പരീക്ഷത്തീയതി 2024 സെപ്തംബർ 29, 2.00 Pm 0 3.30 pm

24–ാമത് ലോഗോസ് ക്വിസ് മത്സരം കൂടുതൽ ആളുകളിലെത്തിക്കാൻ നമുക്ക് ഇപ്പോഴേ ശ്രമിക്കാം.

**ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് 2024 ന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി നടത്തിവരുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് 2024 ജനുവരി 13 ന് ആരംഭിക്കുന്നു. രണ്ടാം ശനിയാഴ്ചകളിൽ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ് 1500 രൂപയാണ്. 12 ക്ലാസുകളിലായി 4 സുവിശേഷങ്ങളെക്കുറിച്ചുമുള്ള പഠനകോഴ്സിൽ ചേരാൻ താത്പര്യമുള്ളവർ ഷലോമിലുള്ള ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ : 9447145934.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

1. ഡിസംബർ 5, 19 എന്നീ തിയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**2. ബൈബിൾ കൺവൻഷൻ**

ഡിസം. 3 ന് വോളന്റിയേഴ്സിനുള്ള ഒരുക്ക ധ്യാനം നടന്നു. 300 പേർ പങ്കെടുത്തു. 18 കമ്മറ്റികൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. തുടർച്ചയായി മദ്ധ്യസ്ഥ പ്രാർത്ഥനയും ജറീക്കോ പ്രാർത്ഥനയും നടന്നുകൊണ്ടിരുന്നു. 16 ന് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ പത്രസമ്മേളനം നടത്തി. ഡിസംബർ 19 മുതൽ 23 വരെയുള്ള തീയതികളിൽ പാലാ രൂപത 41–ാമത് ബൈബിൾ കൺവൻഷൻ നടന്നു. അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ.ഫാ. ഡോമിനിക് വാളന്മനാൽ അച്ചനും 75 അംഗ ടീമും ശുശ്രൂഷകൾക്കു നേതൃത്വം നൽകി. കൺവൻഷനിൽ യുവജനവർഷത്തിന് തുടക്കംകുറിച്ചു. ഡിസം 23 ദിവ്യകാരുണ്യകോൺഗ്രസ് ആയി ആചരിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മണി മുതൽ ഉച്ചയ്ക്ക് 2.15 വരെയും ജപമാല, സ്തുതി, ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഡിസംബർ മാസത്തിൽ ശ്രീ സിബി ചെരുവിൽപുരയിടം, സി. ആൻ ജോസ് SH, ശ്രീ രാജൻ കാഞ്ചിയാർ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രേഘോഷണം നടത്തുകയുണ്ടായി.

**2 രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനി 30 ന് ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ചു നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണി മുതൽ 11 മണിവരെ നടത്തപ്പെട്ടു. ശ്രീ ബിനു ജേക്കബ് വാഴേപ്പറമ്പിൽ (കരിസ്മാറ്റിക് പാലാ സോൺ സെക്രട്ടറി) വചനപ്രഘോഷണം നടത്തി. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**3. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരു ദിവസം 3 മണിക്കൂർ വീതം 7 ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന സെമിനാർ ഇലഞ്ഞി, രാമപുരം, സ്ലീവാപുരം എന്നി ഇടവകകളിലും സിസ്റ്റേഴ്സിനായി പാലാ ശാലോം പാസ്റ്ററൽ സെന്ററിൽവച്ചും നടന്നുകൊണ്ടിരിക്കുന്നു.

**4. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥനാ ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ഡിസംബർ 7 വ്യാഴം ഇലഞ്ഞി ദൈവലയത്തിൽവച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ തിരി തെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ശ്രീ സിബി ചെരുവിരൽപുരയിടം വചനസന്ദേശം നൽകി. റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ (സോൺ ആനിമേറ്റർ) റവ. ഫാ. സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ (സബ് സോൺ ആനിമേറ്റർ) സോൺ സർവീസ് ടീം, സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകുകയുണ്ടായി.

**5. പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി**

പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**6.** എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെവഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെടുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**ജയിൽക്ഷേമദിനം**

ഡിസംബർ 1 ന് ഇടുക്കി ജില്ലാ ജയിലിലും ഡിസംബർ 18 ന് മീനച്ചിൽ സബ് ജയിലിലും ജയിൽക്ഷേമദിനത്തിന്റെ ഭാഗമായി നടത്തപ്പെട്ട സമ്മേളനത്തിൽ ജീസസ് ഫ്രട്ടേണിറ്റിയെ പ്രതിനിധീകരിച്ച് ഡയറക്ടർ പങ്കെടുത്തു സന്ദേശം നൽകി.

**ജയിലിൽ സംഗീതവിരുന്ന്**

ജീസസ് ഫ്രട്ടേണിറ്റി മുട്ടം യൂണിറ്റ് അംഗമായ ഫാ. ജീവൻ കദളിക്കാട്ടിലിന്റെ നേതൃത്വത്തിൽ ജയിൽ അന്തേവാസികളേയും കോർത്തിണക്കി സംഗീതപരിപാടി ഇടുക്കി ജില്ലാ ജയിലിൽ നടത്തപ്പെട്ടു. ഡിസംബർ 22 ന് പാലാ സബ്ജയിലിൽ വയലിൻ സംഗീതകച്ചേരി അന്തേവാസികൾക്കായി നടത്തപ്പെട്ടു. മുട്ടംയൂണിറ്റ് അംഗമായ ജോജോ അരിക്കാട്ടിലിന്റെ നേതൃത്വത്തിലാണ് സംഗീതപരിപാടി ക്രമീകരിക്കപ്പെട്ടത്.

**ജയിൽ അന്തേവാസികൾക്കായി വി. കുർബാനയും കുമ്പസാരവും**

ഡിസംബർ 23, 24 തീയതികളിലായി മുട്ടം, പാലാ ജയിലുകളിൽ അന്തേവാസികളായ ക്രൈസ്തവരെ ഒരുക്കി കുമ്പസാരിപ്പിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

**ജയിലിൽ ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 24 ഞായറാഴ്ച പാലാ സബ്ജയിലിൽ ക്രിസ്തുമസ് പരിപാടികൾ നടത്തപ്പെട്ടു. ബഹു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സന്ദേശം നൽകുകയും മാർ അപ്രേം സെമിനാരിയിലെ വൈദികവിദ്യാർത്ഥികൾ റെക്ടർ ബഹു. ഫാ. ജോസഫ് കരികുളത്തിന്റെ നേതൃത്വത്തിൽ തിരുപ്പിറവിയുടെ ദൃശ്യാവിഷ്കാരം ഒരുക്കുകയും ചെയ്തു.

**ജയിൽജീവനക്കാർക്കൊപ്പം**

മുട്ടം ജില്ലാ ജയിലിലെ ജീവനക്കാർക്ക് ജീസസ് ഫ്രട്ടേണിറ്റിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് സമ്മാനം നൽകുകയും ഏതാനും ജീവനക്കാരുടെ ഭവനങ്ങളിൽ പ്രാർത്ഥന നടത്തുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. നവംബർ 26 മുതൽ ഡിസംബർ 2 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

2. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗ സമർപ്പണം, 10 മണിമുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂ

ഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം-ഡിസംബർ 9 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

3. മൗണ്ട് നെബോ ആബാഭവനത്തിൽ നടത്തപ്പെടുന്ന ദൈവരാജ്യാനുഭവ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾമാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്നു.

4. തിരുപ്പിറവിക്കൊരുക്കമായി ഡിസംബർ 1 മുതൽ 25 വരെ തീയതികളിൽ 5 മിനിറ്റ് ദൈർഘ്യമുള്ള ഓൺലൈൻ പരമ്പരയായി തിരുവചനലഘുധ്യാനം നടത്തി.

5. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത രണ്ടുമാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2023 ഡിസംബർ 26, 5 pm - 2024 ജനു 1, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2024 ജനുവരി 13, 9 am – 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2024 ജനുവരി 16, 5 pm - ജനു 24, 9 am:
നവദിന ദൈവരാജ്യാഭിഷേകധ്യാനം
(മൗണ്ട് നെബോയിൽ വന്ന് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം കൂടിയിട്ടുള്ളവർക്കുള്ള വളർച്ചാധ്യാനം).

2024 ജനുവരി 28, 5 pm - ഫെബ്രു 3, 9 am:
പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം

2024 ഫെബ്രുവരി 10, 9 am – 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

ബുക്കിംഗിന്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

ഫ്രാൻസിസ്കൻ അല്മായസഭയുടെ കുറവിലങ്ങാട് റീജിയന്റെ പരിധിയിൽ വരുന്ന ശാന്തിപുരം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ അല്മായസഭയുടെ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ശാന്തിപുരം ഇടവക സന്ദർശിക്കുകയും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇരുപതോളം അംഗങ്ങൾ പങ്കെടുത്ത യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. ഫ്രാൻസിസ്കൻ ആദ്ധ്യാത്മിക ജീവിതശൈലി, അനുഷ്ഠാനക്രമങ്ങൾ, നിയമാവലി എന്നിവയെക്കുറിച്ച് മീറ്റിങ്ങിൽ സംസാരിക്കുകയും പ്രാഥമിക അറിവുകൾ പകർന്നുനൽകുകയും ചെയ്തു. യൂണിറ്റ് രൂപീകരണത്തിന്റെ ഭാഗമായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്,

സെക്രട്ടറി, ട്രഷറർ, ഫോർമേറ്റർ, കൗൺസിലേഴ്സ് എന്നീ സ്ഥാനങ്ങളിലേക്കു തിരഞ്ഞെടുപ്പു നടത്തി യൂണിറ്റ് ഭാരവാഹികളെ നിശ്ചയിച്ചു. എസ്.എഫ്. ഒ. രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap., രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ, കുറവിലങ്ങാട് റീജിയൻ പ്രസിഡന്റ്, ബ്രദർ സി.ജെ. കുര്യൻ ചെറുകാട്ടിൽ, റീജിയൻ ഫോർമേറ്റർ ബ്രദർ കെ.വി. തങ്കച്ചൻ കൊച്ചുപുഞ്ചായിൽ എന്നിവർ എസ്.എഫ്.ഒ. ശാന്തിപുരം യൂണിറ്റ് രൂപീകരണത്തിനു നേതൃത്വം വഹിച്ചു.

എസ്.എഫ്.ഒ. പാലാ രൂപത പ്രസിഡന്റായി പത്തുവർഷത്തോളം സേവനം ചെയ്ത ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേലിന്റെ രണ്ടാം ചരമവാർഷികദിനമായ ഡിസംബർ 13 ന് അദ്ദേഹത്തിന്റെ മാതൃ ഇടവകയായ ചെമ്മലമറ്റം പന്ത്രണ്ടു ശ്ലീഹന്മാരുടെ പള്ളിയിൽ രാവിലെ 7 മണിക്ക് എസ്.എഫ്.ഒ. രൂപത സ്പിരിചൽ അസിസ്റ്റന്റുമാരായ ഫാ. ആന്റണി വെച്ചൂർ OFM Cap., ഫാ. ജിതിൻ വടക്കുംമുറി OFM Cap., ഫാ. ആദർശ് വടക്കേത്ത് എന്നിവരുടെ കാർമികത്വത്തിൽ വി. കുർബാന അർപ്പിക്കുകയും കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. എസ്.എഫ്.ഒ.യുടെ രൂപത, റീജിയൻ, യൂണിറ്റ് ഭാരവാഹികൾ, കുടുംബാംഗങ്ങൾ എന്നിവർ പ്രസ്തുത പ്രാർത്ഥനാശുശ്രൂഷകളിൽ സംബന്ധിച്ചു.

എസ്.എഫ്.ഒ. കടുത്തുരുത്തി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാലാ രൂപത സംരംഭമായ 'പാലാ ഹോം പ്രോജക്ടു' മായി സഹകരിച്ചുകൊണ്ട് കടുത്തുരുത്തി ഇടവകയിൽ ഫ്രാൻസിസ്കൻ അല്മായസഭംഗങ്ങളും അവരുടെ കുടുംബാംഗങ്ങളുടെയും സഹകരണത്തോടെ ഒരു സ്നേഹഭവനം നിർമിച്ചുനൽകുകയുണ്ടായി. അതിന്റെ വെഞ്ചരിപ്പുകർമം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. 2023 ഡിസംബർ 17-ാം തീയതി ഞായറാഴ്ച രൂപത സ്പിരിചൽ അസിസ്റ്റന്റ് ഫാ. ആന്റണി വെച്ചൂരിന്റെ നേതൃത്വത്തിൽ രൂപത, റിജിയൻ സമിതി ഭാരവാഹികൾ എസ്.എഫ്.ഒ. കടുത്തുരുത്തി യൂണിറ്റ് സന്ദർശിക്കുകയും പ്രാർത്ഥനക്കൂട്ടായ്മയിലും മീറ്റിങ്ങിലും സംബന്ധിക്കുകയും തുടർന്ന് കടുത്തുരുത്തി യൂണിറ്റ് നിർമിച്ചു നൽകിയ ഭവനം സന്ദർശിച്ച് കുടുംബാംഗങ്ങളുമായി സന്തോഷം പങ്കിടുകയും പ്രാർത്ഥനകളും ആശംസകളും നേരുകയും ചെയ്തു. ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും ആശംസകൾ അർപ്പിച്ചുകൊണ്ട് ഏവർക്കും സമാധാനവും സൗഭാഗ്യവും നേരുന്നു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഡി.എഫ്.സി. വർക്ക് നടന്ന പള്ളികൾ**

പാളയം പള്ളിയിലും കുടക്കച്ചിറ പള്ളിയിലും ഡി.എഫ്.സി വർക്ക് നടന്നു.

**2. മീറ്റിംഗ്**

രൂപത ഭാരവാഹികളുടെ മീറ്റിംഗ് നടന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**അനുശോചനസമ്മേളനം**

ഇൻഫാം സ്ഥാപക ജനറൽ സെക്രട്ടറി മോൺ ഡോ. ആന്റണി കൊഴുവനാലിന്റെ നിര്യാണത്തിൽ ഇൻഫാം പാലാ ജില്ലാഘടകം അനുശോചിച്ചു. 2023 ഡിസംബർ 8-ാം തീയതി നിര്യാതനായ ആന്റണി അച്ചൻ ഇൻഫാമിന്റെ സ്ഥാപകനേതാക്കളിൽ ഒരാളായി ധീരമായ നേതൃത്വം നൽകിയ വ്യക്തിയായിരുന്നു. തലശ്ശേരി മാനന്തവാടി, താമരശ്ശേരി, കോഴിക്കോട് ഭാഗത്തെ കർഷകപ്രശ്നങ്ങൾ പ്രത്യേകമായി ഏറ്റെടുത്ത് അദ്ദേഹം നൽകിയ നേതൃത്വത്തെയും ദേശീയ തലത്തിൽ ഇൻഫാമിന്റെ വളർച്ചയ്ക്കുംവേണ്ടി അദ്ദേഹം നൽകിയ സമഗ്രസംഭാവനകളെയും ഡിസംബർ 12-ാം തീയതി പാലാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടിയ അനുസ്മരണ മീറ്റിംഗിൽ ഇൻഫാം നേതാക്കൾ അനുസ്മരിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ പ്രസിഡന്റ് കെ.കെ. ജോസ്, ഫാ. ജോസഫ് ചെറുകരക്കുന്നേൽ, മാത്യു മാമ്പറമ്പിൽ, തോമസ് മറ്റം, ബേബി പന്തപ്പള്ളിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**റീജിയണൽ സമ്മേളനം**

ഇൻഫാം സെൻട്രൽ റീജിയണൽ സമ്മേളനത്തിന്റെ ഭാഗമായി ഡിസംബർ 28-ാം തീയതി പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന സമ്മേളനത്തിൽ ദേശീയ ഡയറക്ടർ ഫാ. ചെറുകരക്കുന്നേൽ നാഷണൽ ചെയർമാൻ ഫാ. മാത്യു മറ്റമുണ്ടയിൽ, പ്രസിഡന്റ് ജോസ് വാഴക്കുളം തുടങ്ങിയവർ നേതൃത്വം നൽകി. എല്ലാ യൂണിറ്റുകളും സജീവമാക്കി യൂണിറ്റ് താലൂക്ക് ജില്ലാ ഘടകങ്ങളെ പ്രവർത്തനക്ഷമതയുള്ളതാക്കാൻ യോഗം തീരുമാനിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. തോമസ് വടക്കുംമുകളയിൽ

കാഞ്ഞിരത്താനം സെയ്ന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളി ഇടവക വടക്കുംമുകളേൽ തോമസിന്റെയും മറിയത്തിന്റെയും 10 മക്കളിൽ ഒരാളായി 1934 ജൂൺ 16-ാം തീയതി തോമസ് വടക്കുംമുകളേയിൽ ജനിച്ചു.

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം തത്ത്വശാസ്ത്ര - ദൈവശാസ്ത്രപഠനത്തിനായി ആലുവ പൊന്തിഫിക്കൽ മേജർ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. 1960 മാർച്ച് 10-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ മറ്റക്കര, മരങ്ങാട്ടുപിള്ളി എന്നിവിടങ്ങളിൽ അസ്തേന്തി അച്ചനായും പെരുംതുരുത്ത്, കീഴൂർ, കൈപ്പള്ളി, നീറന്താനം, സേവ്യർപുരം, കുറുമണ്ണ്, അറുന്നൂറ്റിമംഗലം, കളത്തൂർ, മൂലമറ്റം, കുരുവിനാൽ, അമ്പാറനിരപ്പേൽ, മാൻവെട്ടം എന്നീ പള്ളികളിൽ വികാരിയായും ശുശ്രൂഷാപൗരോഹിത്യം നിർവഹിച്ചു. 2009 മുതൽ 2019 വരെയുള്ള 10 വർഷക്കാലം കൂത്താട്ടുകുളം ദേവമാതാ ഹോസ്പിറ്റലിന്റെ ചാപ്ലെയിനായി ശുശ്രൂഷ ചെയ്തു. മുട്ടുചിറ വിയാനി വൈദികമന്ദിരത്തിൽ ശിഷ്ടകാലം ജീവിച്ചു വരികയായിരുന്നു. ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ വാർദ്ധക്യസഹജമായ രോഗങ്ങൾക്ക് ശുശ്രൂഷ സ്വീകരിച്ചുവരവേ 2023 ഡിസംബർ 19 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട തോമസ് വടക്കുംമുകളയിലച്ചന്റെ ഭൗതികശരീരം 2023 ഡിസംബർ 21-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കാഞ്ഞിര ത്താനം സെയ്ന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ദൈവാലയസെമിത്തേരിയിൽ സംസ്കരിച്ചു. വിശുദ്ധ കുർബാനമധ്യേ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് തോമസച്ചനെക്കുറിച്ച് പങ്കുവെച്ച ചിന്ത ഇപ്രകാരമായിരുന്നു: "ഞാൻ അച്ചനെ വഴികളിൽ പലപ്പോഴും കണ്ടിട്ടുള്ളത് ജപമാല ചൊല്ലി ക്കൊണ്ടു നടക്കുന്ന ആളായിട്ടാണ്. ഉത്തമനായ ഒരു അജപാലകനായി രുന്നു. എന്നും ജനങ്ങളോടൊത്ത് ജീവിച്ച ആളാണ്. സൗമ്യമായ പെരു മാറ്റം, കൃത്യനിഷ്ഠയോടുകൂടിയ ദൈവാലയകർമ്മങ്ങൾ, എല്ലാവരെയും പഠിച്ചു മനസ്സിലാക്കാനുള്ള താത്പര്യം, കഠിനാധ്വാനം, സത്യസന്ധമായ നിലപാടുകളും വാക്കുകളും, എപ്പോഴും സ്വന്തം ആരോഗ്യം മറന്ന് മറ്റു ള്ളവർക്കുവേണ്ടി, ഈശോയ്ക്കുവേണ്ടി സ്വയം സമർപ്പിച്ച ഒരു അച്ചനായി രുന്നു തോമ്മാച്ചൻ. അച്ചനോട് അടുത്തിടപഴകിയവർക്കെല്ലാം ഞാൻ പറഞ്ഞ ഈ അഭിപ്രായങ്ങൾ തന്നെയായിരിക്കും ഉള്ളത് എന്ന് എനിക്കു റപ്പുണ്ട്."

മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്ത ദാസനായ ബഹുമാനപ്പെട്ട തോമസച്ചനെ ജീവന്റെ കിരീടം അണിയിക്കട്ടെ.



## സി. എലിസബത്ത് സി.എം.സി

കാഞ്ഞിരപ്പള്ളി രൂപത വാഴൂർ ചെങ്കൽ പള്ളി ഇടവക യിൽ വടക്കേത്ത് പൗലോസ് - അന്നമ്മ ദമ്പതികളുടെ ഏഴുമക്കളിൽ ഏറ്റവും ഇളയവളായി 1942 മെയ് 21-ന് ജനിച്ചു. മാമ്മോദീസായിൽ ഏലി എന്ന പേരു നൽക പ്പെട്ടു. വാഴൂർ, പൊൻകുന്നം, ഇളങ്ങുളം, മുത്തോലി എന്നീ സ്കൂളുകളിൽ പഠനം നടത്തി. വിദ്യാഭ്യാസാ നന്തരം 1983 ജൂൺ 21 ന് കരൂർ മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1965 ഏപ്രിൽ 18ന് ആദ്യവ്രതവാഗ്ദാനം നടത്തി. തുടർന്ന് നഴ്സറി ട്രെയിനിംഗിനായി ബാംഗ്ലൂർക്കു പോയി. പഠനം പൂർത്തിയാക്കിയശേഷം ഛാന്ദാ രൂപതയിലുള്ള മന്ദമാരിയിൽ 3 വർഷം അധ്യാപികയായി സേവനം അനുഷ്ഠിച്ചു. 1969-ൽ തിരിച്ചെത്തിയ അമ്മ കുറവിലങ്ങാട് സ്കൂളിൽ അധ്യാപനം ആരംഭിച്ചു. 1970 മെയ് 11 ന് നിത്യവ്രതവാഗ്ദാനത്തിലൂടെ അമ്മ ഈശോയുടേതുമാത്രമായി. പിന്നീട് ഇലഞ്ഞി, പിറവം, മുത്തോലി സ്കൂളുകളിൽ അധ്യാപനം നടത്തി. 1903-1986 കാലഘട്ടത്തിൽ ആലുവാ യിലുള്ള തയ്യൽ സെന്ററിന്റെ നേതൃത്വം വളരെ ഭംഗിയായി നിർവ്വഹിക്കു വാൻ അമ്മയ്ക്കു കഴിഞ്ഞു. ട്രഷറർ, ലോക്കൽ കൗൺസിലർ എന്നീ

നിലകളിലും അമ്മയുടെ സേവനം സഭയ്ക്കു കൈവന്നു. 1996-97 ൽ പാലാ കെ.സി.വൈ.എം. ഓഫീസ് സെക്രട്ടറിയായി അമ്മ സേവനം ചെയ്തു 2007 മുതൽ 2009 വരെ പാലാ അൽഫോൻസാ കോളേജ് കാന്റീനിന്റെ ചുമതല എലിസബത്തമ്മ നിർവ്വഹിച്ചു. മല്ലികശ്ശേരി, വെള്ളികുളം, മുണ്ടാങ്കൽ, കാർമ്മൽ ഹോസ്റ്റൽ, നീറന്താനം, അരുണാപുരം, കടപ്ലാമറ്റം, മുട്ടുചിറ, ചേർപ്പുങ്കൽ എന്നീ മഠങ്ങളും അമ്മയുടെ സേവനരംഗങ്ങളായിരുന്നു.

അമ്മയുടെ സാന്നിധ്യം ഏവർക്കും ഹൃദ്യവും ആസ്വാദ്യകരവുമായിരുന്നു. പ്രവർത്തനങ്ങൾക്കിടയിൽ പ്രാർത്ഥിക്കാനും എലിസബത്തമ്മ സമയം കണ്ടെത്തിയിരുന്നു. പിന്നീട് ക്യാൻസർ രോഗബാധിതയായ അമ്മ എല്ലാ ബുദ്ധിമുട്ടുകളും സന്തോഷപൂർവ്വം ദൈവതൃക്കരങ്ങളിൽനിന്നു സ്വീകരിച്ച് ദൈവസ്തുതി പാടിയിരുന്നു. പിന്നീട് 2023 ഒക്ടോബർ 23-ാം തീയതി പനി ബാധിച്ച് കാർമ്മൽ ആശുപത്രിയിൽ അഡ്മിറ്റായി. പനി ശക്തമായതിനാൽ അമ്മയ്ക്കു രോഗീലേപനം നൽകി. നവംബർ 3-ാം തീയതി അഭിവന്ദ്യ വാണിയപ്പുരയ്ക്കൽ പിതാവിൽനിന്ന് ആശീർവ്വാദം സ്വീകരിച്ച് ആറു മണിയോടുകൂടി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

5-ാം തീയതി രാവിലെ 9.30 ന് അമ്മയുടെ സഹോദരൻ കുര്യാക്കോസ് ഏലിയാച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലി ആരംഭിച്ചു. ഫാ. ജയിംസ് വയലിൽ, ഫാ. നിബിൻ അരിക്കത്താഴെ എന്നിവർ സഹകാർമികരായിരുന്നു. ഫാ. കുര്യാക്കോസ് പൂവക്കുളം, പാലാ രൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് തടത്തിൽ ഇവർ അമ്മ ചെയ്ത സേവനങ്ങളെ അനുസ്മരിച്ചു സന്ദേശം നൽകി. സഹോദരന്റെ മുഖ്യകാർമ്മികത്വത്തിൽ ഭൗതികശരീരം മുത്തോലി മഠംവക സിമിത്തേരിയിൽ സംസ്കരിച്ചു. ദൈവം നമ്മുടെ സഹോദരിയെ നിത്യകിരീടം അണിയിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.



## സി. ജോൺസീനാ സി.എം.സി.

കോതമംഗലം രൂപത കുണിഞ്ഞി ഇടവകയിൽ കീത്താപ്പിള്ളിൽ കുടുംബത്തിൽ ജോൺ -മറിയം ദമ്പതികളുടെ എട്ട് മക്കളിൽ അഞ്ചാമത്തെ സന്താനമായി 2/12/1938ൽ സി.ജോൺസിനാ ജനിച്ചു. മമ്മോദീസായിൽ സിസിലി എന്ന നാമം സ്വീകരിച്ചു. കുണിഞ്ഞി, നീറന്താനം എന്നീ സ്കൂളുകളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസവും രാമപുരം എസ്.എച്ച്. ഗേൾസ് ഹൈസ്കൂളിൽനിന്നു ഹൈസ്കൂൾവിദ്യാഭ്യാസവും പൂർത്തിയാക്കിയശേഷം 1960 ൽ

കരൂർ കർമ്മലീത്താമഠത്തിൽ അർത്ഥിനിയായിച്ചേർന്നു. 23/4/1962 ൽ ആദ്യവ്രതവും 26/5/1966 ൽ നിത്യവ്രതവും അനുഷ്ഠിച്ചു. ചങ്ങനാശ്ശേരി വാഴപ്പിള്ളി ട്രെയിനിംഗ് സ്കൂളിൽനിന്ന് TTC പാസ്സായശേഷം 1969 ൽ അധ്യാപനജോലിയിൽ പ്രവേശിച്ചു. തുടങ്ങനാട്, കുറവിലങ്ങാട്, കരൂർ, മുത്തോലി എന്നീ മഠങ്ങളിൽ സുപ്പീരിയറായും മുട്ടം, ഇലഞ്ഞി, കടപ്ലാമറ്റം, വെള്ളികുളം, വിളയംകോട്, മുട്ടുചിറ, മണ്ണാറപ്പാറ എന്നീ മഠങ്ങളിൽ താമസിച്ച് ഫിനാൻസ് സെക്രട്ടറി, അസി. സുപ്പീരിയർ, ജൂണിയർ മിസ്ട്രസ്, മെസ് മാനേജർ എന്നീ നിലകളിലും സഭാശുശ്രൂഷ ചെയ്തു. 1994 ൽ അധ്യാപനജോലിയിൽനിന്നും വിരമിച്ചശേഷം കറുകുറ്റി സാൻജോ ഭവനിൽ ഒരു വർഷം പ്രാർത്ഥനാജീവിതം നയിച്ചു.

സമർപ്പിതജീവിതത്തിൽ തന്നെ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും വിശ്വസ്തതയോടെ നിർവ്വഹിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം ജോൺസീനാമ്മയുടെ ജീവിതത്തിലുടനീളമുണ്ടായിരുന്നു. 2012 ൽ സന്ന്യസസമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു. 2017 ൽ തുടങ്ങനാട് മഠത്തിൽ എത്തിയ ജോൺസീനാമ്മ ദിവ്യകാരുണ്യസന്നിധിയിൽ ആയിരിക്കാനും ജപമാലകൾ ചൊല്ലി മദ്ധ്യസ്ഥപ്രാർത്ഥന നടത്താനും ഏറെ താത്പര്യം പ്രകടിപ്പിച്ചിരുന്നു. 2021 ൽ തലച്ചോറിൽ ഉണ്ടായ ട്യൂമർ നീക്കം ചെയ്യുന്നതിനുള്ള ഓപ്പറേഷന് വിധേയയായി സൗഖ്യം പ്രാപിച്ചു. എന്നാൽ കണ്ണിന്റെ കാഴ്ച കുറയുന്നതായി അനുഭവപ്പെട്ടതിനാൽ നടത്തിയ പരിശോധനയിൽ 2023 ഒക്ടോബർ മാസം വീണ്ടും തലയിൽ ട്യൂമർ ഉണ്ടെന്നു കണ്ടെത്തി. നവംബർ ഏഴാം തീയതി ആലുവ രാജഗിരി ഹോസ്പിറ്റലിൽ ഓപ്പറേഷനു വിധേയയായി. തുടർന്നുള്ള ദിവസങ്ങളിൽ അമ്മയുടെ ആരോഗ്യസ്ഥിതി കൂടുതൽ മോശമാവുകയാണ് ഉണ്ടായത്. രാജഗിരിയിൽനിന്നു ഡിസ്ചാർജ് ആയ ജോൺസിനാമ്മയെ നവംബർ പതിനാറാം തീയതി പാലാ കാർമ്മൽ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. എങ്കിലും അമ്മയുടെ ആരോഗ്യസ്ഥിതിയിൽ പുരോഗതി കാണാത്തതിനാൽ കാർമ്മൽ മെഡിക്കൽ സെന്റർ ചാപ്ലയിൻ ബഹുമാനപ്പെട്ട അലക്സാണ്ടർ ഓലിക്കൽ അച്ചനിൽ നിന്നു മദറിന്റെയും സഹോദരിമാരുടെയും സാന്നിധ്യത്തിൽ രോഗീലേപനം സ്വീകരിച്ചു. 2023 നവംബർ മുപ്പതാം തീയതി രാത്രി 9.30 ന് സഹോദരിമാരുടെ പ്രാർത്ഥനാമധ്യേ 85 വർഷത്തെ ഇഹലോകവാസം വെടിഞ്ഞു.

കോതമംഗലം രൂപതാംഗമായി സേവനം ചെയ്ത് വാർധക്യസഹജമായ ക്ഷീണത്താൽ വിശ്രമജീവിതത്തിലായിരിക്കുന്ന സ്വന്തം സഹോദരൻ റവ. ഫാ. ജോസഫ് കീത്താപ്പിള്ളി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ച് സംസ്കാര

കർമ്മങ്ങളിൽ സന്നിഹിതനായിരുന്നു. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടം മഠം ചാപ്പലിൽ മൃതദേഹം സന്ദർശിച്ചു. ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. 2023 ഡിസംബർ രണ്ടാം തീയതി അമ്മയുടെ പിറന്നാൾ ദിനത്തിൽ 1.30 PM ന് മഠം ചാപ്പലിൽ തുടങ്ങനാട് ഫൊറോനാപ്പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ജോൺസൺ പുള്ളീറ്റച്ചന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. റാണിഗിരി ഹോസ്പിറ്റൽ ചാപ്ലയിൻ ബഹുമാനപ്പെട്ട കുര്യൻ മറ്റത്തിൽ അച്ചൻ ജോൺസീനാമ്മയുടെ സമർപ്പണ ചൈതന്യത്തെയും ശുശ്രൂഷകളെയും അനുസ്മരിച്ച് വചനസന്ദേശം നൽകുകയും പള്ളിയിലെ സംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. 3.30 pm ന് മൃതദേഹം തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാപ്പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.




## DECEMBER 2023

| | | |
|---|---|---|
| 01 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 5.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ ഗവേണിംഗ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 2 | 8.45 am | ശക്തമായ മഴയെത്തുടർന്ന് നാശനഷ്ടങ്ങൾ ഉണ്ടായ പൈങ്ങളം സെയ്ന്റ് മേരീസ് പള്ളി സന്ദർശിച്ചു. |
| | 9.30 am | ആഗതമാകുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇരിങ്ങാലക്കുട മെത്രാൻ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി. |
| | 2.00 pm | ഈ വർഷം പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന ബഹുമാനപ്പെട്ട ഡീക്കന്മാരുടെയും അവരുടെ മാതാപിതാക്കളുടെയും സമ്മേളനം ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. |
| 02-03 | | കുളമാവ് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും പിറ്റേന്നുള്ള വിശുദ്ധ കുർബാനയർപ്പണത്തിലും സെമിത്തേരിസന്ദർശനത്തിലും പള്ളിയോഗത്തിലും നേതൃത്വം നൽകി. |
| 04 | 2.30 pm | രാമപുരം ഫൊറോനയിൽ വെണ്ണായിപ്പള്ളിൽ അന്നക്കുട്ടി ആഗസ്തിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 04-06 | | പി.ഒ.സി.യിൽ കെ.സി.ബി.സി. മീറ്റിങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 07 | 10.00 am | അരുവിത്തുറ സെയ്ന്റ് ജോർജ് കോളേജിനു ലഭിച്ച NAC A++ ന്റെ അനുമോദനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 3.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 08 | 10.00 am | പാലാ ടൗൺ കപ്പേളയിൽ അമലോത്ഭവ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ചു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. |
| | 2.00 pm | കുറവിലങ്ങാട് ദേവമാതാ കോളേജിന് ലഭിച്ച NAC A++ ന്റെ അനുമോദനചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 09 | 11.30 | പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷന്റെ കീഴിലുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും മഹാസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 3.30 pm | മൂലമറ്റം ബിഷപ് വയലിൽ ആശുപത്രിയിൽ പുതുതായി നിർമ്മിക്കപ്പെട്ട ചാപ്പലും ബ്ലോക്കും ആശീർവദിച്ചു. |
| 10 | 10. 00 am | കൂട്ടിക്കൽ ഫൊറോനയുടെ നൂറാം ജൂബിലി വർഷത്തിൽ വചനസന്ദേശം നൽകി. |
| | 2.30 pm | ഇലഞ്ഞി ഫൊറോനയിൽ ബഹുമാനപ്പെട്ട ജയിംസ് മംഗലത്ത് അച്ചന്റെ അമ്മ റോസമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 11-14 | | മുളന്തുരുത്തി, ഞാലിയാകുഴി, ആലുവ എന്നിവിടങ്ങളിലായി നടന്ന വിവിധ സഭകൾ തമ്മിലുള്ള എക്യുമെനിക്കൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 10.00 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചുനടന്ന വൈദികസമ്മേളനത്തിൽ ബഹുമാനപ്പെട്ട അച്ചന്മാർക്ക് ക്രിസ്തുമസ് സന്ദേശവും സമ്മാനങ്ങളും നൽകി. |
| 16 | 10.00 am | പാലാ കത്തീഡ്രലിൽ ഹോം പാലായുടെ ആഭിമുഖ്യത്തിലും സംഘടനയുടെ സഹായത്തിലും നിർമ്മിക്കപ്പെട്ട 7 വീടുകളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| | 12.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ കൺ വെൻഷന്റെ പന്തൽപ്പണികൾ നേരിൽകണ്ടു വിലയിരുത്തി. |
| | 12.30 pm | ബിഷപ്സ് ഹൗസിൽ കൺവെൻഷനു മുന്നോടി യായി പ്രസ്മീറ്റിനു നേതൃത്വം നൽകി. |
| | 6.15 pm | പാലാ കൊട്ടാരമറ്റത്ത്, വ്യാപാരിവ്യവസായി ഏകോ പനസമിതിയും മരിയസദനവും റോട്ടറി ക്ലബും ചേർന്നുനടത്തിയ ക്രിസ്തുമസ് സന്ദേശയാത്ര ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 7.00 pm | മീനച്ചിൽ പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർ ത്ഥനയിലും സംബന്ധിച്ചു. |
| 17 | 7.45 am | മീനച്ചിൽ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നട ത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോ ടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരി സന്ദർശനം തുടർന്നുനടന്ന പൊതുയോഗത്തിൽ സംബന്ധിച്ചു. ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായുള്ള ഒരു വീട് ആശീർവ ദിച്ചു. |
| | 5.00 pm | കാഞ്ഞിരമറ്റം ഇടവകയിൽ പുതുതായി നിർമ്മിക്ക പ്പെട്ട പള്ളിമുറിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 6.30 pm | ബിഷപ്സ് ഹൗസിൽ എസ്.എം.വൈ.എം. സംഘടന യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഹോളിനൈറ്റ് ഉദ്ഘാടനം ചെയ്തു. |
| 18 | 10.00 am | അൽഫോൻസാ കോളേജിൽ എൻ.എസ്.എസ്. ന്റെ ആഭിമുഖ്യത്തിൽ ചിറ്റിലപ്പള്ളി ഫൗണ്ടേഷന്റെയും ഹോം പാലാ പ്രോജക്ടിന്റെയും സഹായത്തോടെ പണിതീർത്ത 20 ഭവനങ്ങളുടെ താക്കോൽദാനം നിർവഹിച്ചു. |
| | 12.15 pm | നീറന്താനം ഇടവകയിൽ ഹോംപാലാ പ്രോജക്ടുമായി സഹകരിച്ച് പണിതീർത്ത ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി. |

| | | |
|---|---|---|
| 19 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.15 pm | എ.കെ.സി.സി. സംസ്ഥാനവ്യാപകമായി നടത്തുന്ന അതിജീവനയാത്രയ്ക്കു പാലാ കുരിശുപള്ളിക്കവലയിൽ നൽകിയ സ്വീകരണം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 4.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ പാലാ രൂപതയുടെ 41-ാമത് ബൈബിൾ കൺവെൻഷന്റെ ആദ്യദിനത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. |
| 20 | 11.00 am | വലവൂർ ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ആഭിമുഖ്യത്തിലും വിവിധ സംഘടനകളുടെ സഹായത്തിലും നിർമ്മിക്കപ്പെട്ട 4 വീടുകളുടെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. |
| | 6.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ കൺവെൻഷനിൽ സംബന്ധിച്ചു. |
| 21 | 9.30 am | ഭരണങ്ങാനം മേരിഗിരി ഹോസ്പിറ്റലിൽ ഡോ. സി. സ്റ്റെല്ല എം.എം.എസ്. ന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | ബിഷപ്സ്ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.00 pm | കാഞ്ഞിരത്താനം ഇടവകയിൽ ബഹുമാനപ്പെട്ട വടക്കുംമുകളയിൽ തോമസച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 6.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ കൺവെൻഷനിൽ സംബന്ധിച്ചു. |
| 22 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 6.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ കൺവെൻഷനിൽ സംബന്ധിച്ചു. |
| 23 | 9.00 am | ബിഷപ്സ്ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 5.00 pm | പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ കൺവെൻഷന്റെ സമാപനദിവസത്തിൽ ധ്യാനചിന്തകൾ പങ്കുവച്ചു. |

| | | |
|---|---|---|
| 24 | 4.00 pm | കടനാട് കെയർ ഹോം, ചെത്തിമറ്റം ദേവ്ദാൻ സെന്റർ, ജൂബിലിഭവൻ, മരിയസദനം എന്നിവിടങ്ങളിൽ ക്രിസ്തുമസ് സന്ദേശവും സമ്മാനങ്ങളും നൽകി. |
| 25 | 12. 00 noon | ക്രിസ്തുമസ് ദിനത്തിൽ പാലാ കത്തീഡ്രലിൽ വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. |
| 26 | 9.15 am | ഇലഞ്ഞി ഫൊറോനപ്പള്ളിയിൽ മ്ശംശാനമാരായ വല്ലൂത്തടത്തിൽ ജോസഫിനും മധുരപ്പുഴ തോമസിനും പൗരോഹിത്യപട്ടം നൽകി. |
| 27 | 9.15 am | അരുവിത്തുറ ഫൊറോനപ്പള്ളിയിൽ മ്ശംശാന പനങ്ങാട്ട് മാത്യുവിനു പൗരോഹിത്യപട്ടം നൽകി. |
| | 2.15 pm | കുടക്കച്ചിറ പള്ളിയിൽ മ്ശംശാന മണാങ്കൽ ജോണിനു പൗരോഹിത്യപട്ടം നൽകി. |
| 28 | 9.15 am | കുറവലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ തീർത്ഥാടനദൈവാലയത്തിൽ മ്ശംശാനമാരായ ആണ്ടാശ്ശേരി ജെയിംസിനും പൊയ്യാനിയിൽ ജോസഫിനും പൗരോഹിത്യപട്ടം നൽകി. |
| 29 | 9.30 am | പ്ലാശനാൽ ഇടവകയിൽ മണ്ണൂരെട്ടൊന്നിൽ ശ്രീമതി മേരിക്കുട്ടിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.15 am | മോനിപ്പള്ളി ഇടവകയിൽ കളത്തിപ്പറമ്പിൽ ശ്രീ കെ.വി. ജോണിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11. 00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.00 pm | ബിഷപ്സ് ഹൗസിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്ന പ്രവാസി മീറ്റ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 4.30 pm | മണിയംകുന്ന് പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട കൊടിമരം ആശീർവദിച്ചു തിരുനാളിന് കൊടിയേറ്റി. |
| 30 | 9.15 am | നീലൂർ പള്ളിയിൽ മ്ശംശാനമാരായ മഠത്തിപ്പറമ്പിൽ ജോസഫിനും മഠത്തിപ്പറമ്പിൽ മാത്യു ഒ.സി.ഡിക്കും പൗരോഹിത്യപട്ടം നൽകി. |
| | 5.00 pm | മുത്തോലി ഇടവകയിൽ ഭവനം ആശീർവദിച്ചു. |
| 31 | 2.15 pm | ഇലപ്പള്ളി പള്ളിയിൽ മ്ശംശാന തയ്യിൽ ജോസഫിനു പൗരോഹിത്യപട്ടം നൽകി. |


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
മീനച്ചിൽ ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
കുളമാവ് ഇടവക



മരിയസദനം, ചെത്തിമറ്റം ജൂബിലിഭവൻ, ദേവദാൻ സെന്റർ, കടനാട് കെയർഹോം എന്നിവിടങ്ങളിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കേക്കുമുറിച്ച് ക്രിസ്തുമസ് മധുരം പങ്കുവയ്ക്കുന്നു.



ക്രിസ്തുമസ് സെലിബ്രേഷൻ – SMYM ഹോളിനൈറ്റ്



കേരള വ്യാപാരി വ്യവസായി ഏകോപനസമിതി പാലാ യൂണിറ്റിന്റെ ക്രിസ്തുമസ് ആഘോഷത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകുന്നു



പാലാ കോർപ്പറേറ്റ്
എജ്യുക്കേഷന്റെ കീഴിലുള്ള
അധ്യാപകരുടെയും
അനധ്യാപകരുടെയും
മഹാസംഗമം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

2024
JANUARY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. John Pakkarampel